കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

സീതത്തോട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പിറ്റിഎ.പി6-1167/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 13/11/2025
ഇ-മെയിൽ:
dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
സീതത്തോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : സീതത്തോട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സീതത്തോട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പിറ്റിഎ.പി6-1167/25 തീയ്യതി: 13/11/2025

പത്തനംതിട്ട ജില്ലയിലെ സീതത്തോട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ സീതത്തോട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-09-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. രഞ്ജിത്ത് കുമാർ ജി	ഡെപ്യൂട്ടി ഡയറക്ടർ	10-09-2025	22-09-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
10-09-2025	22-09-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അരുൺ എസ് നായർ, ഓഡിറ്റ് ഓഫീസർ
ശ്രീ. ഹരികുമാർ എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അശ്വതി വി നായർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. മുഹമ്മദ് ഷാഫി വി എം, ഓഡിറ്റർ (20.9.2025 വരെ)

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. പ്രമോദ് പി ആർ	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ. സുരേഷ് കുമാർ എം	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. പ്രദീപ് ആർ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	21-10-2024
ശ്രീ. മഗേഷ് എം	അസിസ്റ്റന്റ് സെക്രട്ടറി	22-10-2024	31-03-2025
ശ്രീ. രാഘവൻ പി സി	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	31-05-2024
ശ്രീമതി പാർവ്വതി ആർ	അസിസ്റ്റന്റ് എഞ്ചിനീയർ	01-06-2024	11-06-2024
ശ്രീ. സുരേഷ്കുമാർ എം	സെക്രട്ടറി (അസിസ്റ്റന്റ് എഞ്ചിനീയറുടെ അധിക ചുമതല)	12-06-2024	31-03-2025
ഡോ. വിൻസന്റ് സേവ്യർ	മെഡിക്കൽ ഓഫീസർ, കുടുംബ ആരോഗ്യ കേന്ദ്രം	01-04-2024	31-03-2025
ഡോ. സുനിത എസ് നായർ	മെഡിക്കൽ ഓഫീസർ, ഗവ. ആയുർവ്വേദ ആശുപത്രി	01-04-2024	08-09-2024
ഡോ. ഷാനു ഹസൻ	മെഡിക്കൽ ഓഫീസർ, ഗവ. ആയുർവ്വേദ ആശുപത്രി	09-09-2024	06-10-2024
ഡോ. സുജിത് എ	മെഡിക്കൽ ഓഫീസർ, ഗവ. ആയുർവ്വേദ ആശുപത്രി	07-10-2024	01-11-2024
ഡോ. ഷാനു ഹസൻ	മെഡിക്കൽ ഓഫീസർ, ഗവ. ആയുർവ്വേദ ആശുപത്രി	02-11-2024	15-01-2025

ഡോ. സുനിത എസ് നായർ	മെഡിക്കൽ ഓഫീസർ, ഗവ. ആയുർവ്വേദ ആശുപത്രി	16-01-2025	16-01-2025
ഡോ. ഷാനു ഹസൻ	മെഡിക്കൽ ഓഫീസർ, ഗവ. ആയുർവ്വേദ ആശുപത്രി	17-01-2025	31-03-2025
ഡോ. ഗീതി സുരേന്ദ്രൻ	മെഡിക്കൽ ഓഫീസർ, ഗവ. ഹോമിയോ ആശുപത്രി	01-04-2024	31-03-2025
ശ്രീമതി അനീറ്റ വി ആന്റണി	കൃഷി ഓഫീസർ	01-04-2024	18-10-2024
ശ്രീമതി ഷീജ എം ആർ	കൃഷി ഓഫീസർ	25-10-2024	31-03-2025
ശ്രീമതി ലിനോ മേരി വർഗ്ഗീസ്	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2024	25-09-2024
ശ്രീമതി സിനി എൻ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	26-09-2024	31-03-2025
ശ്രീ. രാഹുൽ കെ ആർ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	22-09-2024
ശ്രീ. മാത്യു ഒ ആർ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	23-09-2024	13-10-2024
ശ്രീ. ഹരിശങ്കർ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	14-11-2024	18-11-2024
ശ്രീ. ജോബിൻ റ്റി എബ്രഹാം	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	19-11-2024	05-12-2024
ശ്രീമതി റാണിലക്ഷ്മി എം ആർ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	06-12-2024	31-03-2025
ശ്രീമതി സ്വപ്ന എസ് പിള്ള	ഡെയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-10-2024
ശ്രീ. പ്രശാന്ത് പി വി	ഡെയറി എക്സ്റ്റൻഷൻ ഓഫീസർ	01-11-2024	31-03-2025
ഡോ. അരുൺകുമാർ എ വി	വെറ്ററിനറി സർജൻ	01-04-2024	31-03-2025
ശ്രീ. ഏലിയാസ് സി എസ്	പ്രധാനദ്ധ്യാപകൻ, ജി.യു.പി.എസ്, മൂഴിയാർ	01-04-2024	31-03-2025
ശ്രീമതി രഞ്ജിനി പി കെ	ഫിഷറീസ് ഓഫീസർ	01-04-2024	09-05-2024
ശ്രീമതി എലീന ജോസ് വെട്ടം	ഫിഷറീസ് ഓഫീസർ	10-05-2024	02-09-2024
ശ്രീമതി രഞ്ജിനി പി കെ	ഫിഷറീസ് ഓഫീസർ	03-09-2024	04-09-2024
ശ്രീമതി അമല ജിജി	ഫിഷറീസ് ഓഫീസർ	05-09-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല	1-1-1
3	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-2
4	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല	1-1-3
5	ലോണിനത്തിലെ നീക്കിയിരിപ്പ് കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല	1-1-4
6	ഡെപ്പോസിറ്റ് രജിസ്റ്ററിലെയും വാർഷിക ധനകാര്യപത്രികയിലെയും വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല	1-1-5
7	അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല	1-1-6
8	Refund Of Unutilised Grants- Prior Period ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.	1-1-7
9	പാർട്ട് ബിൽ ഇനത്തിലെ തുക പൂർണ്ണമായും ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-8
10	ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂർ തുകകളുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല	1-1-9
11	Prior Period ഹെഡ്ഡുകളിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല	1-1-10
12	ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല	1-1-11
13	ചെലവുകൾ ഉദ്ദേശം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-12
14	ശബരിമല ഗ്രാന്റിൽ നിന്ന് ചെലവഴിച്ച തുക തനതു ഫണ്ട് ചെലവായി ഉൾപ്പെടുത്തി	1-1-13
15	ബഡ്ജറ്റ്	1-2
16	സാമ്പത്തിക വിശകലനം	1-3
17	ഗ്രാന്റ് വിനിയോഗം	1-4
18	പദ്ധതി അവലോകനം	1-5
19	മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി	1-6
20	ക്ഷേമ പദ്ധതികൾ	1-7
21	ക്യാഷ് ബാലൻസ് പരിശോധന	1-8
22	ആഭ്യന്തര നിയന്ത്രണം	1-9
23	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
24	ഗ്രാന്റ് വിനിയോഗത്തിലെ കുറവ് - ഷോർട്ട് ഫാളിനത്തിൽ തുക നഷ്ടപ്പെടും	1-11
25	വിവിധ ഗ്രാന്റിനങ്ങളിൽ ലഭിച്ച തുക ചെലവഴിക്കാതെ അവശേഷിക്കുന്നു	1-12
26	രസീത് കൂടാതെ പണം പിരിവ് നടത്തി	1-13
27	വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് നികുതി ഈടാക്കിയതിൽ കുറവ്	1-14
28	നഴ്സിംഗ് കോളേജിന് വാടക ഈടാക്കാത്തത് സംബന്ധിച്ച്	1-15
29	ലേലത്തുക പൂർണ്ണമായും അടവാക്കിയില്ല	1-16
30	തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല	1-17
31	ലൈബ്രറി സെസ്സ് യഥാസമയം അടവാക്കുന്നില്ല	1-18
32	ഡാമിലെ മത്സ്യ കൃഷി - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല	1-19
33	വയോജന പാർക്ക്: ആശയം ഒന്ന്; നിർമ്മാണം മറ്റൊന്ന്	1-20
34	ലക്ഷ്യബോധമില്ലാത്ത പദ്ധതി ആസൂത്രണം-പദ്ധതിപ്പണം പാഴാവുന്നു	1-21
35	ആധുനിക എം.സി.എഫ്. സ്ഥാപിക്കൽ- പദ്ധതി വൈകുന്നു	1-22
36	കുടിവെള്ള പദ്ധതികൾ- ക്ലോറിനേറ്റഡ് പി.വി.സി.പൈപ്പുകൾ സ്ഥാപിക്കുന്നത് അധിക ചെലവിന് ഇടയാക്കുന്നു	1-23
37	ഭക്ഷണ കിറ്റ് നൽകൽ - അധിക തുക ചെലവഴിച്ചു	1-24
38	മാലിന്യ സംസ്കരണം- പദ്ധതി നടത്തിപ്പിൽ വീഴ്ച	1-25
39	പി.വി.സി വാട്ടർ ടാങ്ക് വാങ്ങി നൽകൽ പ്രോജക്ടിലെ അപാകതകൾ	1-26
40	കാർഷിക വിപണന കേന്ദ്രത്തിന് ആവശ്യത്തിലധികം ഭൂമി വാങ്ങി	1-27
41	വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ പ്രോജക്ടിന്റെ അപാകതകൾ	1-28
42	ഗവി വാർഡിൽ എൽ.ഇ.ഡി. ലൈറ്റ് സ്ഥാപിച്ചതിന്റെ രേഖയില്ല	1-29
43	അംഗൻവാടികൾ സ്മാർട്ട് അംഗൻവാടികളാക്കി മാറ്റൽ പ്രോജക്ടിലെ അപാകങ്ങൾ	1-30
44	ഗവി സ്കൂളിലേക്കും ഓഫീസ് റൂമിലേക്കും ഫർണ്ണീച്ചർ വാങ്ങൽ പ്രോജക്ടിലെ അപാകതകൾ	1-31
45	വിവിധ വാർഡുകളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ	1-32
46	മിനിമാസ്റ്റ് ഹൈമാസ്റ്റ് മെയിന്റനൻസ് പ്രോജക്ടിലെ അപാകതകൾ	1-33
47	പി.എച്ച്.സി. ആംബുലൻസ്-അനുവാദമില്ലാതെ വാങ്ങലുകളും അറ്റകുറ്റപ്പണികളും നടത്തി	1-34
48	വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ - ടെണ്ടർ നടപടിക്രമങ്ങളിലെ അപാകത	1-35
49	ലൈഫ് ഭവന പദ്ധതി- ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല	1-36
50	ഭവന പുനരുദ്ധാരണം- അഡ്വാൻസ് കൈപ്പറ്റിയവർ പണി പൂർത്തിയാക്കിയില്ല	1-37
51	സാനിട്ടറി പാഡ് ഡിസ്ട്രോയർ സ്ഥാപിച്ചിട്ടില്ല	1-38
52	അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകിയില്ല	1-39
53	കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു	1-40
54	ഓട്ടോമാറ്റിക് തെരുവുവിളക്ക് സ്ഥാപിക്കൽ പ്രോജക്ടിലെ അപാകതകൾ	1-41
55	ശബരിമല ഗ്രാന്റ് - കൃത്യമായ വിനിയോഗവിവരം സൂക്ഷിക്കുന്നില്ല	1-42

56	എസ്.എസ്.കെ - ഡിമാന്റ് വിനിയോഗ വിവരംങ്ങൾ ലഭ്യമല്ല	1-43
57	നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല	1-44
58	ജൽജീവൻ പദ്ധതി അവലോകനം	1-45
59	ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും	1-46
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	ഭക്ഷണ കിറ്റ് നൽകൽ - അധിക തുക ചെലവഴിച്ചു	3-1
2	ഗവി വാർഡിൽ എൽ.ഇ.ഡി. ലൈറ്റ് സ്ഥാപിച്ചതിന്റെ രേഖയില്ല	3-2
3	ഓട്ടോമാറ്റിക് തെരുവുവിളക്ക് സ്ഥാപിക്കൽ പ്രോജക്ടിലെ അപാകതകൾ	3-3
ഭാഗം 4		
1	മെഡിസെപ്പ് വിവരങ്ങൾ	4-1
2	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപ പ്രവൃത്തികൾ	4-4
5	വായ്പ/വായ്പാ തിരിച്ചടവ്	4-5
6	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-6
7	സ്ഥിര നിക്ഷേപങ്ങൾ	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ	4-9
10	ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം, 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 21/06/2025-ലെ 1(1) കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 25/06/2025 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള സീതത്തോട് ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2025-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്ത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.
Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, സീതത്തോട് ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

പത്തനംതിട്ട
13/11/2025

1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരം ആസ്തികളുടെ മൂല്യം പരിശോധിച്ചുറപ്പാക്കാൻ സാധിച്ചിട്ടില്ല.

1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

2011-ലെ കേരള പഞ്ചായത്ത്രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ ചട്ടം 62-ൽ നിർദ്ദേശിക്കപ്പെട്ട പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നീ പത്രികകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

1-1-3 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (-58614362) അതേ പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും (28232117) പൊരുത്തപ്പെടുന്നില്ല.

1-1-4 ലോണിനത്തിലെ നീക്കിയിരിപ്പ് കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല

ഷെഡ്യൂൾ ബി5 - വാർഷിക ധനകാര്യപത്രിക പ്രകാരം ലോണിനത്തിൽ 12980402 രൂപ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിരിക്കുന്നു. ലോൺ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഈ തുകയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

1-1-5 ഡെപ്പോസിറ്റ് രജിസ്റ്ററിലെയും വാർഷിക ധനകാര്യപത്രികയിലെയും വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ ബി7 - ബിഡ്ഡേഴ്സ് ഇ.എം.ഡി, കോൺട്രാക്ടേഴ്സ് റീ ടെൻഷൻ എന്നീയിനങ്ങളിൽ ഡെപ്പോസിറ്റ് രജിസ്റ്ററിലെ വിവരങ്ങൾ വാർഷിക ധനകാര്യപത്രികയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

	ഇനം	വാർഷിക ധനകാര്യപത്രിക	ഡെപ്പോസിറ്റ് രജിസ്റ്റർ
വരവ്	ബിഡ്ഡേഴ്സ് ഇ.എം.ഡി	19175	21275
	കോൺട്രാക്ടേഴ്സ് റീ ടെൻഷൻ	0	120729
ചെലവ്	ബിഡ്ഡേഴ്സ് ഇ.എം.ഡി	0	2100

വിവിധ ഇനങ്ങളിലെ വരവ്, ചെലവ്, അവശേഷിക്കുന്ന തുക എന്നിവയുടെ കൃത്യമായ വിവരങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

1-1-6 അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ഷെഡ്യൂൾ ബി9 – അഡ്വാൻസ് കളക്ഷൻ സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഈയിനത്തിലുള്ള തുകയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

1-1-7 Refund Of Unutilised Grants- Prior Period ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

ഷെഡ്യൂൾ ബി9 - Refund Of Unutilised Grants-Prior Period എന്ന ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന 1443911 രൂപയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

1-1-8 പാർട്ട് ബിൽ ഇനത്തിലെ തുക പൂർണ്ണമായും ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല

ഷെഡ്യൂൾ ബി11 (ബി) - തൻവർഷത്തെ പാർട്ട് ബിൽ ഇനത്തിലുള്ള തുക (15026322) പൂർണ്ണമായും Capital Work In Progress ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-9 ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂർ തുകകളുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല

ഷെഡ്യൂൾ B18 - നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച തുകയുടെ നീക്കിയിരിപ്പ് കൃത്യമല്ല. നിക്ഷേപിച്ചതും, വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതുമായ തുകകളുടെ കൃത്യമായ വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തുകയോ, രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

1-1-10 Prior Period ഹെഡ്ഡുകളിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല

ഷെഡ്യൂൾ I-18, 1-19 - Prior Period Expenditure, Prior Period Income എന്നിവയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ ആധികാരികത വ്യക്തമാക്കുന്ന അംഗീകൃത വൗച്ചറുകളോ രേഖകളോ സൂക്ഷിച്ചിട്ടില്ല.

1-1-11 ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, ലൈസൻസ്, വാടക, തൊഴിൽ നികുതി (Traders) തുടങ്ങി അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രികൾ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല. വർഷാന്ത്യത്തിൽ ഒരു തവണയായി ജേണൽ എൻട്രി മുഖേനയാണ് ഡിമാന്റ് രേഖപ്പെടുത്തിയിരിക്കുന്നത്.

1-1-12 ചെലവുകൾ ഉദ്ദേശം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല

ഷെഡ്യൂൾ I-11 ചെലവുകൾ ഉദ്ദേശം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ഹരിത കർമ്മ സേന യൂസർഫീസ് ഇനത്തിൽ ചെലവഴിച്ച 1,200 രൂപ, ലൈബ്രറി സെസ്സ് ഇനത്തിൽ ചെലവഴിച്ച 1,95,654 രൂപ, വേതനം ഇനത്തിൽ ചെലവഴിച്ച 30,000 രൂപ എന്നിവ Donations And Contributions As Per Governement Order എന്ന ശീർഷകത്തിൽ തെറ്റായി ഉൾപ്പെടുത്തി.

1-1-13 ശബരിമല ഗ്രാന്റിൽ നിന്ന് ചെലവഴിച്ച തുക തനതു ഫണ്ട് ചെലവായി ഉൾപ്പെടുത്തി

ശബരിമല ഗ്രാന്റിനത്തിൽ 33,73,496 രൂപ (1873496+1500000) അവശേഷിക്കുന്നതായാണ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. തൻവർഷം ഈയിനത്തിൽ ചെലവഴിച്ച 18,66,066 രൂപ ഗ്രാന്റിൽ നിന്ന് കുറവുചെയ്തിട്ടില്ല. ഈ തുക തനതുഫണ്ട് ചെലവായി ഉൾപ്പെടുത്തി.

1-2 ബഡ്ജറ്റ്

ഗ്രാമപഞ്ചായത്തിന്റെ ബഡ്ജറ്റ് 09.02.2024-ലെ 1-ാം നമ്പർ തീരുമാനപ്രകാരവും, പുതുക്കിയ ബജറ്റ് 21.03.2025-ലെ 1-ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

ഇനം	പ്രതീക്ഷിച്ചത്		യഥാർത്ഥിലുള്ളത്	
	പഴയത്	പുതുക്കിയത്	റസീപ്റ്റ് & പേയ്മെന്റ്	ഇൻകം & എക്സ്പെൻഡീച്ചർ
മുന്നിരിപ്പ്	22886745	20728342	36369070	
വരവ്	377449852	379732895	92502609	27300882
ആകെ	400336597	400461237	128871679	
ചെലവ്	397527000	396226833	64270492	229679854
നീക്കിയിരിപ്പ്	2809597	4234404	64601187	

1-3 സാമ്പത്തിക വിശകലനം

	റസീപ്റ്റ് & പേയ്മെന്റ്	ഇൻകം & എക്സ്പെൻഡീച്ചർ
മുന്നിരിപ്പ്	36369070	
വരവ്	92502609	27300882
ആകെ	128871679	
ചെലവ്	64270492	229679854
നീക്കിയിരിപ്പ്	64601187	

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ് (അലോട്ട്മെന്റ് ലഭിച്ചത്)	ആകെ	ചെലവ്	നീക്കിയിരിപ്പ്
വികസന ഫണ്ട്-ജനറൽ	ഇല്ല	98344000	98344000	89754951	
വികസന ഫണ്ട്-എസ്.സി.പി	,,	3196000	3196000	3171604	
വികസന ഫണ്ട്-റ്റി.എസ്.പി	,,	1094000	1094000	724205	
*ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	11671161	39178167	50849328	12631281	38218047
**ധനകാര്യ കമ്മീഷൻ	13878406	20145688 (പലിശ	34024094	17199790	16824304

ഗ്രാന്റ് (അൺ ടൈഡ്)		1820298) ഉൾപ്പെടെ			
മെയിന്റനൻസ് ഗ്രാന്റ്-റോഡ്		6048000	6048000	3610797	
മെയിന്റനൻസ് ഗ്രാന്റ്-നോൺ-റോഡ്		5651000	5651000	4318319	
സംസ്ഥാനാവിഷ്കൃത/കേന്ദ്രാവിഷ്കൃത ഫണ്ട്					
ശുചിത്വ മിഷൻ	0	2076000	2076000	2076000	0
ഐ.സി.ഡി.എസ്. കേന്ദ്ര വിഹിതം	2060888	1660066	3720954	731530	2989424
ഹെൽത്ത് ഗ്രാന്റ് - ഇൻഫ്രാസ്ട്രക്ചർ	512945	310133	823078	490360	332718
ഹെൽത്ത് ഗ്രാന്റ് – കെട്ടിടം ഇല്ലാത്ത പി.എച്ച്.സിയ്ക്കുള്ളവ	5610404	190172	5800576	0	5800576
ഹെൽത്ത് ഗ്രാന്റ് – വെൽനസ്സ് സെന്റർ	254044	502718	756762	238996	517766
***മറ്റ് ബാധ്യത	60000	0	60000	0	60000
ശബരിമല ഗ്രാന്റ്	1873496	1500000	3373496	1866066	1507430
ആയുഷ് ഗ്രാന്റ്	500000	0	500000	498179	1821
സംയുക്ത പ്രോജക്ടുകൾ - ബ്ലോക്ക് പഞ്ചായത്ത് വിഹിതം	1000000	0	1000000	1000000	0

ഹെൽത്ത് ഗ്രാന്റ്-വെൽനസ്സ് സെന്റർ-പലിശയിനത്തിലെ തുക തെറ്റായി ഉൾപ്പെടുത്തിയതുമൂലം വാർഷിക ധനകാര്യ പത്രികയിൽ വരവിലും (502808) ചെലവിലും (239086) 90 രൂപ കൂടുതലായി ഉൾപ്പെടുത്തിയിട്ടുണ്ട്.

ശബരിമല ഗ്രാന്റിനത്തിൽ 33,73,496 രൂപ (1873496+1500000) അവശേഷിക്കുന്നതായാണ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. തൻവർഷം ഈയിനത്തിൽ ചെലവഴിച്ച തുക ഗ്രാന്റിൽ നിന്ന് കുറവുചെയ്തിട്ടില്ല. ശബരിമല ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/16.09.2025) ലഭ്യമാക്കിയ മറുപടിയിൽ 18,66,066 രൂപ ചെലവഴിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. അതുപ്രകാരമുള്ള വിവരങ്ങളാണ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

* ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ (ടൈഡ്) വരവ്, നീക്കിയിരിപ്പ് എന്നിവയിൽ ട്രഷറിയിലെ തുകയും ഉൾപ്പെടുന്നു.

** ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ (അൺ ടൈഡ്) വരവിനത്തിൽ ട്രഷറിയിലെ തുകയും ബാങ്ക് പലിശയും ഉൾപ്പെടുന്നു. നീക്കിയിരിപ്പ് തുകയും ഷെഡ്യൂൾ ബി4-ലെ തുകയുമായി 6,45,591 രൂപയുടെ വ്യത്യാസമുണ്ട്.
*** ധനകാര്യപത്രികയിൽ മറ്റു ബാധ്യതയായി 60,000 രൂപ നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്. ഇവയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

2024-25 സാമ്പത്തിക വർഷം ജനറൽ പർപ്പസ് ഗ്രാന്റായി 1,09,66,457 രൂപ സ്ഥാപനത്തിന് ലഭിച്ചിട്ടുണ്ട്. സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ ഫണ്ടിനങ്ങളുടെ സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ട്	ഇനം (സോഴ്സ് ഡിഡക്ഷൻ)	വരവ് തുക
വികസന ഫണ്ട്-ജനറൽ	ലൈഫ് മിഷൻ വായ്പ തിരിച്ചടവ്	1694785
വികസന ഫണ്ട്-ജനറൽ	അങ്കണവാടി അധിക വേതനം	1121400
വികസന ഫണ്ട്-എസ്.സി.പി	ലൈഫ് മിഷൻ വായ്പ തിരിച്ചടവ്	203284
വികസന ഫണ്ട്-ടി.എസ്.പി	ലൈഫ് മിഷൻ വായ്പ തിരിച്ചടവ്	23265

സർക്കാർ അനുവദിച്ച ഗ്രാന്റ് തുകകൾ പൂർണ്ണമായും വെബ് സാംഖ്യയിൽ വരവിലെടുത്തിട്ടില്ല. ചെലവിൽ ഈ തുക ഉൾപ്പെടുത്തിയിട്ടുമുണ്ട്. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ചില ഇനങ്ങൾക്ക് നെഗറ്റീവ് ബാലൻസ് ആണ്. (ഉദാ. വികസന ഫണ്ട് - എസ്.സി.പി)

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് അംഗീകാരം ലഭിച്ച 251 പ്രോജക്ടുകളിൽ 208 എണ്ണം നടപ്പിലാക്കി (82.87%). വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വകയിരുത്തലും ചെലവ് സംബന്ധിച്ച വിവരവും താഴെ ചേർക്കുന്നു-

നിർവ്വഹണ ഉദ്യോഗസ്ഥൻ	ആവിഷ്കരിച്ച പ്രോജക്ടുകളുടെ എണ്ണം			വകയിരുത്തിയ തുക	നിർവ്വഹിച്ച പ്രോജക്ടുകളുടെ എണ്ണം			ചെലവഴിച്ച തുക	ചെലവ് ശതമാനം
	പുതിയത്	സ്പിൽ ഓവർ	ആകെ		പുതിയത്	സ്പിൽ ഓവർ	ആകെ		
സെക്രട്ടറി	39	26	65	58731529	33	22	55	34217183	58.3
അസിസ്റ്റന്റ് സെക്രട്ടറി	6	2	8	4358090	5	2	7	2133744	48.9
അസിസ്റ്റന്റ് എഞ്ചിനീയർ	41	32	73	82086102	27	30	57	41334250	50.3
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	14	16	30	57871021	10	12	22	40546140	70.1
കൃഷി ഓഫീസർ	10	5	15	11213145	9	5	14	8181124	72.9
വെറ്ററിനറി സർജൻ	5	5	10	2360411	5	5	10	1691374	71.6
മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	15	8	23	7962679	11	7	18	5014802	62.9
മെഡിക്കൽ ഓഫീസർ, ആയുർവ്വേദം	3	0	3	1250000	3	0	3	1220149	97.6
മെഡിക്കൽ ഓഫീസർ,	3	0	3	695112	3	0	3	690944	99.4

ഹോമിയോ									
ഐ.സി.ഡി.എസ് സൂപ്പർവൈസർ	10	1	11	7013308	9	1	10	4034173	57.5
ഹെഡ്മാസ്റ്റർ, ഗവ. യു.പി.എസ്, മൂഴിയാർ	4	3	7	800000	3	3	6	668674	83.6
ഡയറി ഫാം ഇൻസ്ട്രക്ടർ	1	0	1	1300000	1	0	1	174264	13.4
ഫിഷറീസ് ഓഫീസർ	2	0	2	750000	2	0	2	690000	92
ആകെ	**153**	**98**	**251**	**236391397**	**121**	**87**	**208**	**140596821**	**59.47**

1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

വരവ്		ചെലവ്	
മുന്നിരിപ്പ്	4599	ശമ്പളവും ആനുകൂല്യങ്ങളും	1481295.00
അഡ്മിനിസ്ട്രേറ്റീവ് വരവ്	1935490	പ്രിന്റിംഗ് & സ്റ്റേഷനറി	34671.00
		ലീവ് സറണ്ടർ	39770.00
		ബാങ്ക് ചാർജ്	88.50
തൊഴിലാളികൾക്കുള്ള വേതനം	29112003	തൊഴിലാളികൾക്കുള്ള വേതനം	28757424.00
മെറ്റീരിയൽ		മെറ്റീരിയൽ	354579.00
പഞ്ചായത്ത് തനത് ഫണ്ടിൽനിന്ന് മുൻകൂർ	358813	പഞ്ചായത്ത് തനത് ഫണ്ടിൽനിന്ന് മുൻകൂർ തിരിച്ചടവ്	743077.00
		നീക്കിയിരിപ്പ്	0.40
ആകെ	**31410905**	**ആകെ**	**31410905**

1-7 ക്ഷേമ പദ്ധതികൾ

പെൻഷൻ ഇനം	*ഗുണഭോക്താക്കളുടെ എണ്ണം*	*ചെലവ് തുക*
വാർദ്ധക്യകാല പെൻഷൻ	1976	28368600
വിധവാ പെൻഷൻ	666	10082100
കർഷക തൊഴിലാളി പെൻഷൻ	254	4038800
മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ	184	2859300
അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ	8	120000

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.09.2025 തീയതിയിൽ 3.00 PM-ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,750 രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ചുമതലകൾ കൃത്യമായി വിഭജിച്ചു നൽകുകയും, ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി നടക്കുകയും ചെയ്യുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ജനറൽ കമ്മിറ്റിയുടെ മിനിട്സ് സകർമ്മ സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് രേഖപ്പെടുത്തുന്നത്. ജനറൽ കമ്മിറ്റിയുടെ തീരുമാനങ്ങൾ യഥാസമയം പ്രസിഡന്റ് അംഗീകരിക്കുന്നുണ്ട്. എന്നാൽ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിട്സ് കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിലും ഘടക സ്ഥാപനങ്ങളിലും ജീവനക്കാരുടെ അഭാവം പദ്ധതി നടത്തിപ്പുൾപ്പടെയുള്ള പ്രവർത്തനങ്ങളിൽ തടസ്സം സൃഷ്ടിക്കുന്നുണ്ട്. പഞ്ചായത്തിന്റെ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക ഏകദേശം ഒരു വർഷമായി ഒഴിഞ്ഞുകിടക്കുകയാണ്. എഞ്ചിനീയറിംഗ് വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ മാത്രവും കൃഷി ഓഫീസിൽ ഒരു കൃഷി അസിസ്റ്റന്റും മാത്രമാണ് ഉള്ളത്. ഈ വിഷയത്തിൽ വകുപ്പ് തലത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുന്നത് വളരെ അനിവാര്യമാണ്.

തനത് ഫണ്ട് വളരെ കുറവുള്ള പഞ്ചായത്തിൽ പുതിയ വരുമാന മാർഗ്ഗം കണ്ടെത്താൻ നടപടികൾ സ്വീകരിക്കുന്നില്ല. ഗ്യാപ് ഫണ്ട് ലഭിച്ചില്ലെങ്കിൽ ജീവനക്കാരുടെ ശമ്പളം എടുക്കുന്നതിന് പോലും ബുദ്ധിമുട്ട് നേരിടുന്ന പഞ്ചായത്തിൽ പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്താൻ ഒരു ശ്രമവുമുണ്ടാകുന്നില്ല. വന പ്രദേശത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന പ്രദേശത്ത് ടൂറിസം പദ്ധതികൾക്ക് അനന്തമായ സാദ്ധ്യതയുള്ളത് പ്രയോജനപ്പെടുത്തുന്നില്ല.

പദ്ധതി ചെലവ് ശതമാനം ആശാവഹമാണ്. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം വിവിധ കാരണങ്ങളാൽ പരമാവധി നീട്ടി മാർച്ച് മാസത്തിൽ നടത്തുന്ന പ്രവണത നിരുത്സാഹപ്പെടുത്തണം. ടെണ്ടർ നടപടികളിൽ സുതാര്യതയില്ലാത്തത് മിക്ക പ്രോജക്ടുകളുടെ ലക്ഷ്യപ്രാപ്തിയെ ബാധിച്ചിട്ടുണ്ട്. കാർഷിക വിപണന കേന്ദ്രത്തിനു വാങ്ങിയ സ്ഥലത്തിന്റെ വിസ്തൃതി പഞ്ചായത്തിന്റെ ആവശ്യകതയിൽ അധീകരിച്ചതാണ്. പഞ്ചായത്തിലെ ജനങ്ങൾക്ക് പ്രയോജനം ലഭിക്കാത്ത ഡാമിലെ മത്സ്യകൃഷി പോലുള്ള പ്രോജക്ടുകൾ നടപ്പിലാക്കി പൊതുപണത്തിന്റെ ധൂർത്ത് നടത്തുന്നതും വളരെ ഗൗരവമുള്ള വസ്തുതയാണ്. സെക്യൂരിറ്റി ഡെപ്പോസിറ്റ് വയ്ക്കാതെ തന്നെ പല കരാറുകളും ചമയ്ക്കുന്നത് ക്രമപ്രകാരമല്ല. പദ്ധതി മാർഗ്ഗരേഖയും സബ്സിഡി മാർഗ്ഗരേഖയുടെ ലംഘനങ്ങളും പദ്ധതി നടത്തിപ്പിൽ ഉണ്ടാകുന്നത് പൊതു പണത്തിന്റെ ദുർവ്യയത്തിന് കാരണമാകുന്നുണ്ട്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	19.09.2023	2022-23	18.11.2023
പെർഫോമൻസ് ഓഡിറ്റ്	15.04.2022	1/2022 മുതൽ 3/2022 വരെ	28.06.2022

1-11 ഗ്രാന്റ് വിനിയോഗത്തിലെ കുറവ് - ഷോർട്ട് ഫാളിനത്തിൽ തുക നഷ്ടപ്പെടും

2024-25 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന് ലഭിച്ച വികസന ഫണ്ട് (ടി.എസ്.പി), ആസ്തി സംരക്ഷണ ഗ്രാന്റ് (റോഡ്, റോഡിതരം) എന്നിവ 80 ശതമാനം ചെലവഴിക്കാൻ സാധിച്ചിട്ടില്ല. ഈയിനങ്ങളിൽ ലഭ്യമായതും ചെലവായതും ഷോർട്ട് ഫാൾ ഇനത്തിൽ നഷ്ടമാകുന്നതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

ഫണ്ടിനം	അലോട്ട്മെന്റ്	ചെലവ്	ചെലവ് ശതമാനം	2025-26-ൽ അനുവദിക്കുന്ന പരമാവധി ക്യാരി ഓവർ തുക	ഷോർട്ട് ഫാൾ ഇനത്തിൽ 2026-27-ൽ നഷ്ടമാകുന്ന തുക
വികസന ഫണ്ട്- ടി.എസ്.പി	1094000	724205	66	218800	150995
മെയിന്റനൻസ് ഗ്രാന്റ്- റോഡ്	6048000	3610797	60	1209600	1227603
മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം	5651000	4318319	76	1130200	202481
ആകെ					**1581079**

ധനകാര്യ വകുപ്പിന്റെ 15.07.2021-ലെ സ.ഉ.(കൈ)നം.79/2021/ധന. നമ്പർ ഉത്തരവനുസരിച്ച്, ഒരു സാമ്പത്തിക വർഷം അനുവദിക്കുന്ന വികസന ഫണ്ട്, ആസ്തി സംരക്ഷണ ഗ്രാന്റുകൾ എന്നിവ പൂർണ്ണമായി ചെലവഴിക്കാത്ത പക്ഷം, ആകെ അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം മാത്രമാണ് അടുത്ത സാമ്പത്തിക വർഷത്തെ വിനിയോഗത്തിന് ക്യാരി-ഓവർ ചെയ്ത് ലഭ്യമാകുന്നത്. വിനിയോഗ ശതമാനം 80 ശതമാനത്തിൽ കുറവാണെങ്കിൽ യഥാർത്ഥ ചെലവ്, ആകെ അനുവദിച്ച ഫണ്ടിന്റെ 80% എന്നിവ തമ്മിലുള്ള വ്യത്യാസം ഷോർട്ട് ഫാൾ ആകുന്നതാണ്. വികസന ഫണ്ട് (എസ്സ്.സി.പി.), വികസന ഫണ്ട് (റ്റി.എസ്സ്.പി.) ഫണ്ടുകളിൽ ഷോർട്ട് ഫാളാകുന്ന തുക പുനരനുവദിക്കും. എന്നാൽ ഇത് പൊതു വിഭാഗം വികസന ഫണ്ടിന്റെ അലോട്ട്മെന്റിൽ നിന്നും കുറവു വരുത്തിയാണ് ലഭ്യമാക്കുന്നത്. എസ്സ്.സി.പി, റ്റി.എസ്സ്.പി. ഫണ്ടുകളുടെ വിനിയോഗത്തിലെ കുറവ് പൊതു വിഭാഗം ഫണ്ടിൽ നിന്നും തുക നഷ്ടപ്പെടുന്ന അവസ്ഥയ്ക്ക് കാരണമാകും.

അതത് വർഷം പ്രോജക്ടുകൾക്ക് വകയിരുത്തുന്ന തുക ചെലവഴിക്കാതെ വരുന്ന സാഹചര്യം തുടർവർഷങ്ങളിൽ നൂതനമായ പ്രോജക്ടുകൾക്ക് വിഭവ സമാഹരണം സാധ്യമാകാത്ത സാഹചര്യം സൃഷ്ടിക്കാനിടയാക്കും. ഷോർട്ട് ഫാളിലൂടെ ഗ്രാമപഞ്ചായത്തിന് സാമ്പത്തിക നഷ്ടമുണ്ടാകുന്നത് ഒഴിവാക്കാൻ ഭാവിയിൽ മുൻകരുതൽ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ്, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവരുടെ അടിയന്തര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-12 വിവിധ ഗ്രാന്റിനങ്ങളിൽ ലഭിച്ച തുക ചെലവഴിക്കാതെ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക പ്രകാരം വിവിധ വർഷങ്ങളിലായി കേന്ദ്ര സംസ്ഥാന സർക്കാരുകളും വിവിധ സർക്കാർ ഏജൻസികളും ഗ്രാന്റായി നൽകിയിട്ടുള്ള തുകകൾ ചെലവഴിക്കാതെ വിവിധ ബാങ്ക് അക്കൗണ്ടുകളിൽ നീക്കിയിരിപ്പായി തുടരുന്നു. തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	31.03.2025-ലെ നീക്കിയിരിപ്പ്
ICDS കേന്ദ്ര വിഹിതം	2989424
ഹെൽത്ത് ഗ്രാന്റ് - ഇൻഫ്രാസ്ട്രക്ചർ	332718
ഹെൽത്ത് ഗ്രാന്റ്- കെട്ടിടം ഇല്ലാത്ത പി.എച്ച്.സി-യ്ക്കുള്ളവ	5800576
ഹെൽത്ത് ഗ്രാന്റ് - വെൽനസ്സ് സെന്റർ	517766
മറ്റ് ബാധ്യത	60000
ശബരിമല ഗ്രാന്റ്	1507430
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	34492484
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്)	17469895
ആകെ	**63170293**

പൊതുജനാരോഗ്യം, പോഷകാഹാര വിതരണം, അടിസ്ഥാന സൗകര്യ വികസനം തുടങ്ങി, പഞ്ചായത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി മുൻ വർഷങ്ങളിൽ ഉൾപ്പെടെ ലഭിച്ച ഫണ്ടുകളാണ് ഇപ്രകാരം അവശേഷിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞ ഗ്രാന്റ് തുകകൾ ചെലവഴിക്കാതിരിക്കുന്നതിന്റെ കാരണം അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/15.09.2025) നൽകിയ മറുപടിയിൽ വിവിധ പദ്ധതികൾക്കായി ഫണ്ടുകൾ വകയിരുത്തി ചെലവഴിച്ചുകൊണ്ടിരിക്കുന്നതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ശബരിമല ഗ്രാന്റിനത്തിൽ 33,73,496 രൂപ അവശേഷിക്കുന്നതായാണ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈയിനത്തിലുള്ള 18,66,066 രൂപയുടെ ചെലവ് തനതുഫണ്ട് ചെലവായാണ് ഉൾപ്പെടുത്തിയതെന്നും ആയത് യഥാർത്ഥ ശീർഷകത്തിൽ ഉൾപ്പെടുത്തി നീക്കിയിരിപ്പ് കൃത്യമാക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ചെലവ് കുറവുചെയ്തശേഷമുള്ള തുകയാണ് മേൽ പട്ടികയിൽ ഉൾപ്പടുത്തിയിട്ടുള്ളത്. ലഭ്യമാകുന്ന ഫണ്ടുകൾ ഉപയോഗിച്ച് പദ്ധതികൾ ആവിഷ്കരിച്ച് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13 രസീത് കൂടാതെ പണം പിരിവ് നടത്തി

കൃഷി ഓഫീസർക്ക് ഗുണഭോക്തൃ വിഹിതം പിരിക്കാനുള്ള ആവശ്യത്തിനായി നൽകിയ രസീത് ബുക്ക് നമ്പർ 39736-ൽ നാൽപ്പത്തിയൊന്നാം നമ്പർ മുതലുള്ള രസീതുകൾ രേഖപ്പെടുത്തലുകൾ കൂടാതെ ക്യാൻസൽ ചെയ്തിട്ടുണ്ട്. ആയതിന്റെ ക്യാൻസൽ ചെയ്ത പകർപ്പുകളും രസീത് ബുക്കിൽ

ഉള്ളതായി കണ്ടു. എന്നാൽ രസീത് കളക്ഷൻ രജിസ്റ്ററിൽ 41 മുതൽ 84 വരെയുള്ള രസീതുകൾ ഉപയോഗിച്ച് പണം പിരിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. രസീത് കൂടാതെ പണം പിരിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/15.09.2025) മറുപടിയായി പ്രസ്തുത രസീത് ബുക്കിലെ 1 മുതൽ 84 വരെയുള്ള രസീതുകൾ പ്രകാരമുള്ള തുക, കർഷകരിൽ നിന്നും ഗുണഭോക്തൃ വിഹിതമായി പിരിച്ചിട്ടുള്ള തുകയാണെന്നും അതു പൂർണ്ണമായും പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടുള്ളതാണെന്നും അബദ്ധവശാൽ രസീതുകൾ ക്യാൻസൽ ചെയ്തതാണെന്നും അറിയിച്ചിട്ടുണ്ട്. രസീത് ബുക്കുകൾ വളരെ ലാഘവത്തോടെ കൈകാര്യം ചെയ്തതിന്റെ ഉദാഹരണമായി കണക്കാക്കി മറുപടി അംഗീകരിക്കുന്നില്ല. രസീത് ബുക്കുകൾ കൈകാര്യം ചെയ്യുന്നതിൽ ജാഗ്രത പുലർത്തണമെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

1-14 വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് നികുതി ഈടാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്തിലെ 11/626/A നമ്പർ കെട്ടിടത്തിന് ഉപയോഗക്രമം നിർണ്ണയിച്ചതിൽ അപാകത ഉണ്ടായിട്ടുണ്ട്. കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 147.35 ച.മീറ്റർ ആണ്. വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിലുള്ള ഈ കെട്ടിടത്തെ വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീറ്റർ വരെയുള്ള കെട്ടിടങ്ങളുടെ ഇനത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 2015-16 രണ്ടാം അർദ്ധവർഷം നികുതി നിർണ്ണയിച്ച കെട്ടിടത്തിന് നാളിതുവരെ കുറഞ്ഞ നികുതിയാണ് ഈടാക്കുന്നത്. അപാകതക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 24/19.09.2025) മറുപടിയായി പ്രസ്തുത അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ വസ്തു നികുതി പുനർനിർണ്ണയിച്ച്, മുൻവർഷങ്ങളിലേതടക്കമുള്ള കുടിശ്ശിക ഈടാക്കി, രേഖകൾ സഹിതം വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളോടു ചേർന്ന് അനധികൃതമായി കൂടുതൽ മുറികൾ കൂട്ടിച്ചേർക്കുന്നതു മൂലവും ഉപയോഗക്രമത്തിൽ മാറ്റം വരുത്തുന്നതു വഴിയും ഉണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി ഒരു പരിശോധനാ സംവിധാനം ഏർപ്പെടുത്തണമെന്ന് തീയതി 22.03.2023-ലെ സ.ഉ(കൈ)77/2023/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. യോഗ്യരായവരെ തെരഞ്ഞെടുത്ത്, ഫീൽഡ് പരിശോധന പൂർത്തിയാക്കി, നിലവിലുള്ള കെട്ടിടങ്ങളോടുള്ള കൂട്ടിച്ചേർക്കലുകൾ, അനധികൃത നിർമ്മാണങ്ങൾ എന്നിവ കണ്ടെത്തി വസ്തു നികുതിച്ചോർച്ച തടയുന്നതിനും, അതുവഴി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

1-15 നഴ്സിംഗ് കോളേജിന് വാടക ഈടാക്കാത്തത് സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ സീപാസ് എന്ന ഏജൻസിയുടെ നഴ്സിംഗ് കോളേജ് പ്രവർത്തിച്ചുവരുന്നു. എന്നാൽ ഈ സ്ഥാപനത്തിന്റെ നാളിതുവരെയുള്ള വാടക ഈടാക്കിയിട്ടില്ല. കെട്ടിടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	കെട്ടിട നമ്പർ	വിസ്തീർണ്ണം (ച.മീ.)
1	11/628	45
2	11/629	45
3	11/630	65
4	11/631	15
5	11/632	100
6	11/633	100
	ആകെ	**370**

മേൽ കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന ആയുർവേദ ഡിസ്പെൻസറി ഇപ്പോൾ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ താഴത്തെ നിലയിൽ താരതമ്യേന സ്ഥലസൗകര്യം കുറഞ്ഞ സ്ഥലത്താണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തിന്റെ ഘടക സ്ഥാപനങ്ങൾ സ്ഥലപരിമിതിയിൽ പ്രവർത്തിച്ചുകൊണ്ട് ഇപ്രകാരം വാടക കൂടാതെ പഞ്ചായത്ത് കെട്ടിടം നൽകിയതിന് ഭരണസമിതി തീരുമാനമോ, സർക്കാർ അനുമതിയോ ഇല്ല. വാടക ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/15.09.2025) മറുപടിയായി, പഞ്ചായത്ത് കമ്മിറ്റിയിൽ വിഷയം ചർച്ച ചെയ്ത് വാടക ഈടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കെട്ടിടം വാടക കൂടാതെ അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതും, അനുമതികൾ ഇല്ലാത്തപക്ഷം കെട്ടിടത്തിന് വാടക ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-16 ലേലത്തുക പൂർണ്ണമായും അടവാക്കിയില്ല

ഗുരുനാഥൻമണ്ണിലെ ട്രൈബൽ യു.പി. സ്കൂൾ കെട്ടിടം പൊളിച്ച് മാറ്റുന്നതുമായി ബന്ധപ്പെട്ട് 08.07.2024-ന് പഞ്ചായത്ത് ലേലം നടത്തുകയും, എന്നാൽ ലേല തുക കുറവാണെന്ന കാരണത്താൽ 26.07.2024-ലെ പഞ്ചായത്ത് കമ്മിറ്റി ഈ ലേലം റദ്ദ് ചെയ്യുകയും ചെയ്തിരുന്നു. 02.08.2024-ന് നടത്തിയ പുനർ ലേലത്തിൽ ശ്രീ. സതീഷ് എം.ജി എന്ന വ്യക്തിക്ക് 2,27,300 രൂപയ്ക്ക് ലേലം ഉറപ്പിച്ച് നൽകി. ജി.എസ്.ടി. ഉൾപ്പെടെ ആകെ അടവാക്കേണ്ട 2,68,214 രൂപയിൽ നാളിതുവരെ 2,46,384 രൂപയാണ് അടവാക്കിയിട്ടുള്ളത്. ലേല രജിസ്റ്റർ പ്രകാരം ബാക്കി 21,830 രൂപ അടവാക്കിയതായി കാണിച്ചിട്ടുള്ള രസീതുകൾ പരിശോധിച്ചതിൽ ആയത് 08.07.2024-ന് നടത്തിയ ആദ്യ ലേലത്തിൽ ലേലം കൊണ്ട ശ്രീ. ഗിരീഷ് വി. കൃഷ്ണൻ എന്ന വ്യക്തി അടവാക്കിയതാണെന്ന് ബോദ്ധ്യപ്പെട്ടു. ഈ തുക ശ്രീ. ഗിരീഷ് വി. കൃഷ്ണന് തിരികെ നൽകേണ്ട തുകയാണ്. കെട്ടിടം പൊളിച്ച് നീക്കം ചെയ്തിട്ടും ലേല ഇനത്തിൽ ഈടാക്കേണ്ട ബാക്കി 21,830 രൂപ ശ്രീ. സതീഷ് എം.ജി-യിൽ നിന്ന് ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/15.09.2025) മറുപടിയായി പ്രസ്തുത തുക അടവാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ശേഷിക്കുന്ന ലേല തുകയായ 21,830 രൂപ ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-17 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല

2024-25 സാമ്പത്തിക വർഷം പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുള്ള ചില സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി രണ്ട് അർദ്ധ വർഷങ്ങളിലേയും അടവാക്കിയതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	ജീവനക്കാരുടെ എണ്ണം
1	എം.ആർ.ജി. ഫ്യുവൽസ്	3
2	കെ.എൻ.പി. കൺസ്ട്രക്ഷൻസ്	2
3	കൈരളി ബ്രിക്സ് ഇൻഡസ്ട്രീസ്	2
4	പുളിമൂട്ടിൽ ഹോളോബ്രിക്സ്	3
5	പാചകപ്പുര കൊച്ചു പമ്പ ഇക്കോ ടൂറിസം	30

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 3/18.09.2025) മറുപടിയായി പ്രസ്തുത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം രേഖകൾ

സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. തൊഴിൽ നികുതി ബാധകമായ എല്ലാവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-18 ലൈബ്രറി സെസ്സ് യഥാസമയം അടവാക്കുന്നില്ല

ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതിയോടൊപ്പം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക രണ്ട് ഗഡുക്കളായി കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അടയ്ക്കേണ്ടതാണ്. ആദ്യ ഗഡു നവംബർ 30-ാം തീയതിയ്ക്കകവും രണ്ടാം ഗഡു ഏപ്രിൽ 30-ാം തീയതിയ്ക്കകവും അടയ്ക്കണം. ഇതിൽ വീഴ്ച്ച വരുത്തുന്ന പക്ഷം അത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽനിന്നും ഈടാക്കുന്നതുമാണെന്ന് സർക്കുലർ നം.10088/എൽ3/05/ത.സ്വ.ഭ.വ തീയതി 20-09-2015 പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ വാർഷിക ധനകാര്യ പത്രിക ബി-9 ഷെഡ്യൂൾ പ്രകാരം ലൈബ്രറി സെസ്സ് ഇനത്തിൽ 31-03-2025-ൽ 3,32,867 രൂപ ഒടുക്കുവാൻ അവശേഷിക്കുന്നു. ഇതു സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽനിന്ന് പത്തനംതിട്ട ജില്ലാ ലൈബ്രറി കൗൺസിൽ സെക്രട്ടറിയുടെ 04.03.2025-ലെ പി.റ്റി.എ./221/2023 നമ്പരായി കത്ത് ലഭിച്ചതിനെ തുടർന്ന്, 2022-23 രണ്ടാം അർദ്ധവർഷത്തിലും 2023-24 വർഷത്തിലും ലൈബ്രറി സെസ്സ് ഇനത്തിൽ പഞ്ചായത്തിന് ലഭിച്ച ആകെ തുകയായ 1,95,654 രൂപ ട്രഷറി ചെക്ക് നം. 2335624/26.03.2025 പ്രകാരം സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അക്കൗണ്ടിലേക്ക് അടവാക്കിയിട്ടുള്ളതായി കണ്ടു. എന്നാൽ അടവാക്കിയ തുക ഈ ഇനത്തിലെ ചെലവായി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. 2024-25 വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ ലഭിച്ച തുക ഒടുക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.41/22.09.2025) തുക അടിയന്തരമായി അടവാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പിരിച്ചെടുത്ത ലൈബ്രറി സെസ്സ് സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അക്കൗണ്ടിലേക്ക് ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-19 ഡാമിലെ മത്സ്യ കൃഷി - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

പ്രോജക്ടിന്റെ പേര്/ നമ്പർ	കക്കി ഡാമിലെ കൂട് മത്സ്യ കൃഷിക്ക് മത്സ്യവിത്തും തീറ്റയും നൽകൽ (291/25)
ആകെ അടങ്കൽ	₹650000 (വികസന ഫണ്ട് പൊതുവിഭാഗം)
ആകെ ചെലവ്	₹650000(വികസന ഫണ്ട് പൊതുവിഭാഗം)
ബിൽ നം., തീയതി	ബിൽ റഫറൻസ് നം. 240511520071012448888/29.01.2025
നിർവ്വഹണോദ്യോഗസ്ഥ	ഫിഷറീസ് ഇൻസ്പെക്ടർ

ഗ്രാമപഞ്ചായത്തിലെ അഭ്യസ്തവിദ്യരായ ആളുകൾക്ക് തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കക്കി ഡാമിലെ കൂടുകളിൽ മത്സ്യ കൃഷിക്ക് മത്സ്യ വിത്ത് വാങ്ങി നൽകുന്നതിനായിരുന്നു പ്രോജക്ട് ആവിഷ്കരിച്ചത്. നേരിട്ട് നിർവ്വഹണം നടത്താൻ ആവിഷ്കരിച്ച പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണം നടത്തിയത് സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സ്വയംഭരണ സ്ഥാപനമായ ADAK (Agency For Development Of Aquaculture) ആണ്. പ്രോജക്ടിന്റെ നടത്തിപ്പിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു-

1. 28.5.2022-ലെ സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പ്രോജക്ട് നടപ്പിലാക്കുന്നതിൽ പാലിച്ചിട്ടില്ല. പ്രസ്തുത സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.4.14 പ്രകാരം ഡാമുകൾ പോലെയുള്ള പൊതുജലാശയങ്ങളിൽ മത്സ്യവിത്ത് നിക്ഷേപിച്ച് പ്രോജക്ട് നടപ്പാക്കാവുന്നത് ജില്ലാ പഞ്ചായത്തിനും, നഗരഭരണ സ്ഥാപനങ്ങൾക്കുമാണ്. ഇതിന് വിരുദ്ധമായിട്ടാണ് ഗ്രാമപഞ്ചായത്ത് പ്രോജക്ട് നടപ്പിലാക്കിയത്.

2. 19.04.2022-ലെ സ.ഉ.(കൈ)84/2022/ത.സ്വ.ഭ.വ. ഖണ്ഡിക 3.8.5 പ്രകാരം നൂതനമായ ആശയങ്ങൾ, നവീന സാങ്കേതിക വിദ്യകൾ, പുതിയ പ്രക്രിയകൾ, പുതിയ പങ്കാളിത്ത മാതൃകകൾ, പുതിയ മൂലധന രീതികൾ എന്നിവ അവലംബിച്ചു കൊണ്ട് ആവിഷ്കരിക്കുന്ന നൂതന പ്രോജക്ടുകൾക്ക് അംഗീകാരം നൽകുന്നത് ഡി.പി.സി, ജില്ലാ കളക്ടർ ചെയർപേഴ്സൺ ആയ ഒരു വിദഗ്ദ്ധ സമിതിയാണ്. ഇപ്രകാരം ഒരു അംഗീകാരവും പ്രസ്തുത പ്രോജക്ടിന് ലഭിക്കാത്തത് കാരണം നൂതന പ്രോജക്ട് എന്ന വിഭാഗത്തിലും പ്രസ്തുത പ്രോജക്ടിനെ ഉൾപ്പെടുത്താൻ കഴിയില്ല.

3. 6 X 4 X 1.5 മീറ്റർ വലിപ്പമുള്ളതും ജലനിരപ്പിൽ പൊങ്ങികിടക്കുന്നതുമായ 100 മത്സ്യകൂടിൽ 1-2 ഇഞ്ച് വലിപ്പുമുള്ള മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതായിരുന്നു പ്രോജക്ടിന്റെ നിർവ്വഹണ രീതി. എന്നാൽ ഇപ്രകാരമുള്ള നിർവ്വഹണ രീതി അവലംബിച്ചിട്ടുണ്ടോ എന്നത് ഉറപ്പിക്കാൻ ആധികാരിക രേഖകളില്ല.

4. പ്രോജക്ടിന്റെ നിർവ്വഹണം നടത്തിയത് സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സ്വയംഭരണ സ്ഥാപനമായ ADAK (Agency For Development Of Aquaculture) ആണ്. എന്നാൽ നിർവ്വഹണ ഏജൻസിയുമായി ഒരു കരാറിലേർപ്പെടാതെയാണ് പ്രോജക്ട് നടപ്പിലാക്കിയത്. പദ്ധതി നടത്തിപ്പിൽ പഞ്ചായത്തിന് പങ്കാളിത്തം ഇല്ലാതെയാക്കുന്നതിന് ഇത് കാരണമായി.

5. പ്രധാൻമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) പദ്ധതിയുടെ ഭാഗമായി ADAK (Agency For Development Of Aquaculture) സ്ഥാപിച്ച കൂടുകളിലാണ് വരാൽ, കരിമീൻ, തൂളി, അനാബസ് എന്നിങ്ങനെ മത്സ്യ വിത്തുകൾ നിക്ഷേപിച്ചിട്ടുള്ളതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചത്. ADAK–ന്റെ നിയന്ത്രണത്തിലുള്ള കല്ലനോട് ഹാച്ചറി, ഗവ. ഫിഷ് ഫാം ആയിരംതെങ്ങ്, ഗവ. ഫിഷ് സീഡ് ഫാം കുളത്തൂപ്പുഴ എന്നിവിടങ്ങളിൽ നിന്നു തന്നെയാണ് മത്സ്യ വിത്തുകൾ വാങ്ങിയിട്ടുള്ളതെന്നും അറിയിച്ചു. പ്രസ്തുത കാര്യങ്ങൾ സ്ഥിരീകരിക്കാൻ രേഖകളില്ല. ട്രഷറി ബില്ലിലെ ബെനിഫിഷറി വിവരങ്ങൾ പ്രകാരം പ്രസ്തുത മൂന്ന് സ്ഥാപനങ്ങൾക്ക് യഥാക്രമം 2,36,000 രൂപ, 2,11,000 രൂപ, 2,03,000 രൂപ നൽകിയിട്ടുണ്ട്.

6. പഞ്ചായത്ത് കമ്മിറ്റിയുടെ 06.08.2024-ലെ 3(1) തീരുമാന പ്രകാരം പ്രോജക്ടിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ പ്രോജക്ടിന്റെ ഗുണഭോക്താക്കൾ ആരാണെന്നത് സംബന്ധിച്ച് പഞ്ചായത്ത് തലത്തിൽ തീരുമാനം എടുത്തിട്ടില്ല. പദ്ധതിയുടെ ഫലപ്രാപ്തി, മത്സ്യം വിളവെടുപ്പ് എന്നിവ സംബന്ധിച്ച് പഞ്ചായത്തിൽ യാതൊരു വിവരവും ലഭ്യമല്ല. പഞ്ചായത്ത് തുക ചെലവഴിച്ചത് ADAK നടത്തുന്ന പ്രോജക്ടിന്റെ ഭാഗമായാണ് എന്നത് വ്യക്തമാണ്.

7. നിർവ്വഹണ ഉദ്യോഗസ്ഥ, വർക്കിംഗ് ഗ്രൂപ്പ് ഉൾപ്പടെ ആരുടെയും മോണിട്ടറിംഗ് പദ്ധതിയുടെ നടത്തിപ്പിൽ ഉണ്ടായിട്ടില്ല. നിർവ്വഹണ ഏജൻസിയ്ക്ക് പദ്ധതി നടത്തിപ്പിൽ പൂർണ്ണ ചുമതല നൽകി പഞ്ചായത്ത് ഉത്തരവാദിത്തങ്ങളിൽ നിന്നും മാറി നിൽക്കുകയാണ് ഉണ്ടായിട്ടുള്ളത്.

8. ഉൾനാടൻ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുക, ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുക, ടൂറിസം മേഖലയുമായി പദ്ധതിയെ ബന്ധപ്പെടുത്തി കൂടുതൽ വിപണന സാദ്ധ്യതകൾ വർദ്ധിപ്പിക്കുക, അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് വരുമാന മാർഗ്ഗം ഉണ്ടാക്കുക എന്നിവ മുൻനിർത്തി വിഭാവനം ചെയ്ത പ്രോജക്ട് ലക്ഷ്യം നേടുന്നതിൽ പരാജയപ്പെട്ടു.

മേൽ സൂചിപ്പിച്ച അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/10.09.2025) മറുപടിയിൽ പദ്ധതിയിലൂടെ പരിസരപ്രദേശങ്ങളിലെ ആദിവാസി വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് കൂട് കൃഷിയുടെ സംരക്ഷണ ചുമതല നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. 15.09.2025-ലെ ADAK-ന്റെ ദക്ഷിണമേഖല റീജിയണൽ എക്സിക്യൂട്ടീവിന്റെ കത്ത് (നം.ADAK/REO-SR/CAGE/219/2025-26) പ്രകാരം ഗോത്ര വിഭാഗത്തിലെ 5 പേരെ മത്സ്യ കൃഷി നടപ്പിലാക്കുന്നതിന് ചുമതലപ്പെടുത്തിയതായി അറിയിച്ചിട്ടുണ്ട്. ഇത് പഞ്ചായത്തിന്റെ പദ്ധതിയുടെ മേൽനോട്ടത്തിനാണോ എന്ന് ഉറപ്പാക്കാൻ സാധിക്കില്ല.

ഭീമമായ തുക ചെലവഴിച്ച പ്രോജക്ടിന്റെ നിർവ്വഹണത്തിൽ പഞ്ചായത്തിന് യാതൊരുവിധത്തിലുള്ള നിയന്ത്രണവുമില്ല. പ്രോജക്ട് ആവിഷ്കരിച്ചത് തന്റെ മുൻഗാമി ആയ നിർവ്വഹണ ഉദ്യോഗസ്ഥ ആയിരുന്നുവെന്നും, താൻ സ്ഥാപനത്തിൽ ചുമതലയേറ്റപ്പോൾ പ്രോജക്ടിന്

അംഗീകാരം ലഭിച്ചിരുന്നുവെന്നും നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. മാർഗ്ഗരേഖക്ക് വിരുദ്ധമായി പ്രോജക്ട് ആവിഷ്കരിച്ച നിർവ്വഹണ ഉദ്യോഗസ്ഥയും, പ്രോജക്ട് അംഗീകരിച്ച വെറ്റിംഗ് ഓഫീസറും, തുക ചെലവഴിച്ച നിർവ്വഹണോദ്യോഗസ്ഥയും ക്രമവിരുദ്ധമായി നടപ്പിലാക്കിയ പ്രോജക്ട് ചെലവിന് ഒരുപോലെ ഉത്തരവാദികളാണ്. കൂടാതെ പഞ്ചായത്തിനോ, പ്രദേശത്തെ ജനങ്ങൾക്കോ പ്രയോജനം ലഭിക്കുമെന്ന് ഉറപ്പുവരുത്താതെ പ്രോജക്ടിന് അനുമതി നൽകിയത് പഞ്ചായത്ത് കമ്മിറ്റിയുടെ വീഴ്ചയാണ്. പ്രോജക്ടിന് ചെലവായ **6,50,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.**

1-20 വയോജന പാർക്ക്: ആശയം ഒന്ന്; നിർമ്മാണം മറ്റൊന്ന്

ഗ്രാമപഞ്ചായത്തിൽ വയോജന വിശ്രമ കേന്ദ്ര നിർമ്മാണവും വയോജന പാർക്ക് സ്ഥാപിക്കലും എന്നീ രണ്ട് പ്രവൃത്തികൾക്കായി **45.70 ലക്ഷം രൂപ** നാളിതുവരെ ചെലവഴിച്ചെങ്കിലും പദ്ധതി നിലവിലും പൂർത്തിയായിട്ടില്ല. പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട്	വയോജന വിശ്രമ കേന്ദ്രം	വയോജന പാർക്ക് നിർമ്മാണം
പ്രോജക്ട് നം.	71/2024, 236/25, 82/25	189/23, 148/24, 251/25, 83/25
പദ്ധതി അടങ്കൽ	71/24, 236/25- ₹21,67,000 236/25- ₹23,55,125 82/25- ₹12,00,000	251/25 – 11,21,428 83/25 – 9,81,220
ചെലവഴിച്ച തുക	2024-25 - ₹23,55,125 2024-25 - ₹1,85,516 **ആകെ = ₹25,40,641**	2024-25 – 11,21,428 2024-25 – 6,03,283 2025-26 – 3,05,515 **ആകെ =20,30,226**
കരാറുകാരൻ	ശ്രീ. സജയകുമാർ കെ	ശ്രീ. സജയകുമാർ കെ
കരാർ നം.	30/AE/LID&EW/ SGP/2023-24/15-02-2024 33/AE/LID&EW/ SGP/2024-25/22-02-2025	29/AE/LID&EW/ SGP/2023-24/15-02-2024 15/AE/LID&EW/ SGP/2024-25/30-01-2025
ഫണ്ട്	വികസന ഫണ്ട്	വികസന ഫണ്ട്
2024-25	24051152005001040207/16-12-2024 24051152005001684393/25-03-2025 24051152005001680627/24-03-2025	24051152005001040204/16-12-2024 24051152005001680630/25-03-2025
205-26		24051152005000480257/16-08-2025
നിർവ്വഹണം	അസിസ്റ്റന്റ് എഞ്ചിനീയർ	

സീതത്തോട് കുടുംബാരോഗ്യ കേന്ദ്രത്തിന് സമീപത്തായാണ് വയോജന വിശ്രമ കേന്ദ്രവും വയോജന പാർക്കും നിർമ്മിച്ചുകൊണ്ടിരിക്കുന്നത്. 45 ലക്ഷത്തിലധികം രൂപ ചെലവഴിച്ചിട്ടും നാളിതുവരെ ഈ രണ്ട് പ്രോജക്ടുകളും പൂർത്തീകരിച്ച് ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടില്ലായെന്ന് ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടു. വയോജന വിശ്രമ കേന്ദ്രത്തിന് ഇലക്ട്രിക്, പ്ലംബിംഗ്, കതക്, ജനൽ എന്നിവ ഇനിയും സ്ഥാപിക്കാനുണ്ട്. കൂടാതെ മറ്റ് ഫിനിഷിംഗ് ജോലികളും പൂർത്തിയാക്കാനുണ്ട്.

വയോജന വിശ്രമ കേന്ദ്രം

വയോജന വിശ്രമ കേന്ദ്രങ്ങൾ മുതിർന്ന പൗരന്മാർക്ക് മാനസികോല്ലാസത്തിനും വിശ്രമത്തിനും സൗഹൃദപരമായ ഇടപെഴകലിനും വേണ്ടിയുള്ള ഇടങ്ങളാണ്. ഇത്തരത്തിലുള്ള കേന്ദ്രങ്ങൾ വയോജനങ്ങൾക്ക് അവരുടെ ഒഴിവുസമയങ്ങൾ ഫലപ്രദമായി ചെലവഴിക്കാൻ സഹായിക്കുന്നു. വയോജന വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുമ്പോൾ വിനോദ സൗകര്യങ്ങൾ, ആരോഗ്യ പരിരക്ഷ, സാമൂഹിക ഇടപെഴകൽ, സുരക്ഷിതത്വം എന്നിവയെല്ലാം ഉറപ്പുവരുത്തേണ്ടതുണ്ട്.

വയോജന പാർക്ക്

വയോജന പാർക്കുകൾ മുതിർന്ന പൗരന്മാരുടെ ശാരീരികവും മാനസികവുമായ ആരോഗ്യം ലക്ഷ്യമിട്ട് നിർമ്മിക്കുന്നവയാണ്. ശുദ്ധവായു ശ്വസിക്കാനും പ്രഭാതസവാരി നടത്താനും സൗഹൃദ സംഭാഷണങ്ങളിൽ ഏർപ്പെടാനും ഉതകുന്ന രീതിയിലാണ് ഇവ രൂപകൽപ്പന ചെയ്യുന്നത്.

വയോജന പാർക്ക് (ചെലവ്: ₹ 20.30 ലക്ഷം): പാർക്ക് എന്ന ആശയത്തോട് ഒട്ടും യോജിക്കാത്ത രീതിയിലുള്ള നിർമ്മാണം.

പാർക്ക് എന്ന പേരിലാണ് നിർമ്മാണം നടത്തിയിട്ടുള്ളതെങ്കിലും പാർക്ക് എന്ന ആശയത്തോട് ഒട്ടും യോജിച്ച് പോകുന്ന നിർമ്മാണമല്ല അവിടെ നടപ്പാക്കിയിട്ടുള്ളത്. വയോജനങ്ങളുടെ ശാരീരിക-മാനസികാരോഗ്യ ലക്ഷ്യമിട്ടുള്ള സുരക്ഷിത നടപ്പാതകൾ, പുൽത്തകിടികൾ, വ്യായാമ ഉപകരണങ്ങൾ, സസ്യലതാദികൾ എന്നിവയ്ക്ക് പകരം ടൈൽസിട്ട ഇരിപ്പിടങ്ങളും റൂഫിംഗും മാത്രമാണ് ഇവിടെ നടപ്പിലാക്കിയിട്ടുള്ളത്. ഇത് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം കൈവരിക്കാൻ സഹായിക്കുന്നില്ല.



നിർമ്മാണത്തിലിരിക്കുന്ന വയോജന വിശ്രമ കേന്ദ്രം



നിർമ്മാണം പൂർത്തിയാക്കിയ വയോജന പാർക്ക്

ഈ രണ്ട് പദ്ധതികളും വയോജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും അവർക്ക് സജീവമായ സാമൂഹിക ജീവിതം ഉറപ്പാക്കുന്നതിനും സഹായകരമാകേണ്ടതാണ്. വയോജനങ്ങളുടെ മാനസിക ഉല്ലാസത്തിനും വിശ്രമത്തിനും ഉതകുന്ന പ്രോജക്ടുകൾ അതിന്റെ ഉദ്ദേശ്യ ലക്ഷ്യത്തിനോട് ചേർന്ന് പോകുന്ന രീതിയിലായിരിക്കണം നടപ്പാക്കേണ്ടിയിരുന്നത്. പദ്ധതികൾ വിഭാവനം ചെയ്യുമ്പോൾ അതിന്റെ ആത്യന്തിക ലക്ഷ്യം നേടുന്നതിന് ഉതകുന്നതിനും ആശയത്തോട് നീതി പുലർത്തുന്ന തരത്തിലുള്ള നിർമ്മാണം അവലംബിക്കേണ്ടതിനും ശ്രദ്ധിക്കേണ്ടതായിരുന്നു എന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

1-21 ലക്ഷ്യബോധമില്ലാത്ത പദ്ധതി ആസൂത്രണം-പദ്ധതിപ്പണം പാഴാവുന്നു

പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലുമുള്ള ഏകോപനമില്ലായ്മ, പദ്ധതികൾ തടസ്സപ്പെടുന്നതിനും ആരംഭിച്ച നിർമ്മാണ പ്രവൃത്തികൾ ഉപേക്ഷിക്കുന്നതിനോ മറ്റ് ആവശ്യങ്ങൾക്കായി പരിവർത്തനം ചെയ്യുന്നതിനോ കാരണമാകുന്നു.

സീതത്തോട് ഗ്രാമപഞ്ചായത്തിൽ 72.40 ലക്ഷം രൂപ മുടക്കി ആധുനിക എം.സി.എഫ്. എന്ന വൻ പദ്ധതി നടപ്പാക്കുമ്പോൾ തന്നെ, പദ്ധതിയുടെ സമീപത്തായി പ്ലാസ്റ്റിക് സംഭരിക്കുന്നതിന് മറ്റൊരു കെട്ടിടം നിർമ്മിക്കുന്നതിനായി 2024-25, 2025-26 സാമ്പത്തിക വർഷങ്ങളിലായി 4,89,604 രൂപയും ചെലവഴിച്ചിട്ടുണ്ട്. വിഭാവനം ചെയ്തിട്ടുള്ള ആധുനിക എം.സി.എഫിൽ ഈ സൗകര്യങ്ങൾ എല്ലാം തന്നെ ഉള്ളപ്പോഴാണ് ഇതേ ആവശ്യത്തിനായി മറ്റൊരു പദ്ധതി ഗ്രാമപഞ്ചായത്ത് ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുള്ളത്. ഇത് പദ്ധതി ആസൂത്രണത്തിലെ ഏകോപനമില്ലായ്മയുടെ ഉത്തമ ഉദാഹരണമാണ്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം.	175/25, 197/26
പദ്ധതി അടങ്കൽ	5,00,000
ചെലവഴിച്ച തുക	2024-25 (Part Bill) ₹84954 2025-26 (Final Bill) ₹404650 ആകെ - ₹4,89,604
കരാറുകാരൻ	ശ്രീ. രാഹുൽ സി.വി
എഗ്രിമെന്റ് നമ്പർ	27/AE/LID& EW/SGP/2024-25 തീയതി 17-02-2025
ഫണ്ട്	സി.എഫ്.സി. ഗ്രാന്റ്

പ്രോജക്ട് നം. 315/25 പ്രകാരം ഗ്രാമപഞ്ചായത്തിൽ ആധുനിക എം.സി.എഫ് സ്ഥാപിക്കുന്നതിനായി 72.40 ലക്ഷം രൂപ അടങ്കലിൽ ഒരു പദ്ധതി വിഭാവനം ചെയ്യുകയും 18.10 ലക്ഷം രൂപ 24-03-2025-ൽ നിർവ്വഹണ സ്ഥാപനത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം 1895 ച.അടിയിൽ മെറ്റീരിയൽ കളക്ഷൻ ഷെഡ്, സ്റ്റോർ റൂം, ഓഫീസ്, ടോയ്ലറ്റ്, ചുറ്റുമതിൽ എന്നിവ നിർമ്മിക്കുന്നതിനായിരുന്നു വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത പ്രോജക്ടിനായി വലിയ തുക മുതൽ മുടക്കുമ്പോൾ തന്നെ അതേ ലക്ഷ്യത്തിനായി നിലവിൽ വിഭാവനം ചെയ്തിട്ടുള്ള പ്രോജക്ടിന്റെ സമീപത്തായി മറ്റൊരു കെട്ടിടം നിർമ്മിച്ചത് എന്തിനെന്ന് വ്യക്തമല്ല. ആധുനിക എം.സി.എഫ്. യാഥാർത്ഥ്യമാകുമ്പോൾ നിലവിൽ നിർമ്മിച്ച കെട്ടിടം അതിന്റെ ലക്ഷ്യം നിർവ്വഹിക്കപ്പെടാതെ കിടക്കാനുള്ള സാദ്ധ്യത കാണുന്നു. അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 43/22-09-2025), അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

“പ്ലാസ്റ്റിക് സംഭരിക്കുന്നതിനുള്ള സ്റ്റോറേജ് നിർമ്മാണം എന്ന പദ്ധതിയിൽ, നിലവിലുള്ള ബിൽഡിങ്ങിന്റെ മുകളിൽ പ്ലാസ്റ്റിക് സംഭരിക്കുന്നതിനായി റൂഫ് ചെയ്ത ഷെഡ്ഡ് നിർമ്മിക്കുകയും ഗ്രിൽ ഇടുന്ന പ്രവൃത്തിയുമാണ് ചെയ്തത്. പഞ്ചായത്ത് കമ്മിറ്റിയുടെയും കുടുംബശ്രീ നൽകിയ വിവരവും അനുസരിച്ച് നിലവിലുള്ള ഷെഡ് എം.സി.എഫിന്റെ പൂർണ്ണതോതിൽ പ്രവർത്തിക്കുന്നതിന് പരിമിതികൾ ഉണ്ടെന്നും പഞ്ചായത്തിന്റെ മുഴുവൻ പ്ലാസ്റ്റിക് സംഭരിക്കുമ്പോൾ, പ്ലാസ്റ്റിക് മുതലായ സാധനങ്ങൾ തരംതിരിക്കാനും സ്റ്റോർ ചെയ്യാനും സ്ഥലം ലഭ്യമല്ല എന്ന് കണ്ടെത്തിയതിനെ തുടർന്ന് അതിന്റെ അടുത്തുതന്നെ 1895 ചതുരശ്ര അടിയിൽ മെറ്റീരിയൽ കളക്ഷൻ ഷെഡ്ഡ് നിർമ്മിക്കുവാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയും ചെയ്തത്. മേൽ പറഞ്ഞ കെട്ടിടം പൂർത്തിയാവുന്ന മുറയ്ക്ക്, ആയുർവേദ ഹോസ്പിറ്റൽ പ്രവർത്തിക്കുന്നതിന് പഞ്ചായത്തിന് കെട്ടിടം ഇല്ലാത്തതിനാൽ, നിലവിൽ പ്ലാസ്റ്റിക് സ്റ്റോർ ചെയ്യുന്നിടം ആയുർവേദ ആശുപത്രിക്കായി നൽകാം എന്നാണ് ഉദ്ദേശിച്ചിരിക്കുന്നത്. ആയതിനാൽ നിലവിലുള്ള കെട്ടിടം ഉപയോഗശൂന്യമാവേണ്ടി വരില്ലെന്നും അറിയിച്ചുകൊള്ളുന്നു”.

പ്ലാസ്റ്റിക് സംഭരിക്കുന്നതിന് നിർമ്മിച്ച കെട്ടിടം ആയുർവേദ ആശുപത്രിയാക്കി മാറ്റാം എന്ന ആശയം തന്നെ പദ്ധതി ആസൂത്രണ നിർവ്വഹണത്തിന്റെ അന്ത:സത്തയ്ക്ക് നിരക്കുന്നതല്ല. ആശുപത്രിക്ക് വേണ്ടത് ആശുപത്രിയുടേതായ സൗകര്യങ്ങളോടു കൂടിയ നിർമ്മിതിയും കാഴ്ചപ്പാടുമാണ്. പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ പദ്ധതിയുടെ ആശയ/ലക്ഷ്യങ്ങൾ മുൻകൂട്ടി കാണാൻ കഴിയേണ്ടതും, അവ നടപ്പിലാക്കുമ്പോൾ പണത്തിന്റെ ധൂർവിനിയോഗവും പാഴ്ചെലവും ഒഴിവാക്കുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയും നിർവ്വഹണ ഉദ്യോഗസ്ഥരും അതീവ ജാഗ്രത പുലർത്തേണ്ടതാണ്.

1-22 ആധുനിക എം.സി.എഫ്. സ്ഥാപിക്കൽ- പദ്ധതി വൈകുന്നു

ഗ്രാമപഞ്ചായത്തിൽ ആധുനിക എം.സി.എഫ്. സ്ഥാപിക്കുന്നതിനായി 2024-25 വർഷം 18,10,000 രൂപ ചെലവഴിച്ചെങ്കിലും പദ്ധതി ഇനിയും യാഥാർത്ഥ്യമായിട്ടില്ല. പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം.	315/25
പദ്ധതി അടങ്കൽ	72,40,000
ചെലവഴിച്ച തുക	18,10,000
നിർവ്വഹണ ഏജൻസി	ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (IRTC), പാലക്കാട്
റസീപ്റ്റ് നം.	391/26-03-3025
ഫണ്ട്	സി.എഫ്.സി ഗ്രാന്റ്
ബിൽ നം.	818/24-03-3025

സീതത്തോട് കുടുംബാരോഗ്യ കേന്ദ്രത്തിന് സമീപത്തുള്ള പഞ്ചായത്ത് വക സ്ഥലത്താണ് നിർദ്ദിഷ്ട നിർമ്മാണം നടത്തുവാൻ ലക്ഷ്യമിട്ടിരിക്കുന്നത്. പ്രവൃത്തിക്കായി നിർവ്വഹണ ഏജൻസിയായ ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്ററുമായി (IRTC) 72.40 ലക്ഷം രൂപയുടെ ധാരാണാപത്രം ഒപ്പിടുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം 1895 ച.അടിയിൽ മെറ്റീരിയൽ കളക്ഷൻ ഷെഡ്, സ്റ്റോർ റൂം, ഓഫീസ്, ടോയ്ലറ്റ്, ചുറ്റുമതിൽ എന്നിവ നിർമ്മിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഐ.ആർ.ടി.സി.-യുമായി 05-03-2025-ൽ ധാരണാപത്രം ഒപ്പിടുകയും ധാരണാപത്രം പ്രകാരം അടങ്കൽ തുകയുടെ 25% തുക അഡ്വാൻസായി 24-03-2025-ൽ സ്ഥാപനത്തിന് കൈമാറുകയും ചെയ്തു. അഡ്വാൻസ് തുക കൈപ്പറ്റി സ്ഥലം മാർക്ക് ചെയ്ത് നൽകുന്ന തീയതി മുതൽ പരാമവധി 6 മാസസമയ പരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്ന തരത്തിലാണ് കരാർ ചമച്ചിട്ടുള്ളത്. വ്യവസ്ഥ പ്രകാരം ഓരോ ഘട്ടം പൂർത്തിയാക്കുന്ന മുറയ്ക്ക് പദ്ധതി അടങ്കൽ പ്രകാരമുള്ള ബാക്കി തുക കൈമാറേണ്ടതുമാണ്.

നിലവിൽ 6 മാസം പൂർത്തിയാകുന്ന വേളയിൽ പദ്ധതിയുടെ തുടർ പ്രവർത്തനം ഒന്നും തന്നെ നടന്നിട്ടില്ലായെന്ന് ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടു. പദ്ധതിപ്രദേശം കാട് പിടിച്ച് കിടക്കുകയുമാണ്. പദ്ധതി വൈകുന്നതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/18-09-2025) മറുപടിയായി, മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള 'നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് (NOC)' ലഭിക്കുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ സാധിക്കുകയുള്ളൂവെന്നും മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള ഉദ്യോഗസ്ഥർ സ്ഥല പരിശോധന നടത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

പദ്ധതി പ്രവർത്തനം വേഗത്തിലാക്കുന്നതിനും മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിർവഹിക്കുന്നതിനുമുള്ള സത്വരവും ക്രിയാത്മകവുമായ തുടർനടപടികൾ ഉണ്ടാവേണ്ടതാണ്.

1-23 കുടിവെള്ള പദ്ധതികൾ- ക്ലോറിനേറ്റഡ് പി.വി.സി.പൈപ്പുകൾ സ്ഥാപിക്കുന്നത് അധിക ചെലവിന് ഇടയാക്കുന്നു

സീതത്തോട് ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻ ഡിസ്ട്രിബ്യൂഷന് ഹോട്ട് വാട്ടർ പൈപ്പുകൾ (CPVC) സ്ഥാപിച്ചതിന് ഉയർന്ന നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതായും ഈ തുക കരാറുകാരന് നൽകിയതായും കണ്ടു. കേരള വാട്ടർ അതോറിറ്റി, ജലനിധി, ജൽജീവൻ മിഷൻ എന്നിങ്ങനെ ഈ മേഖലയിൽ വർഷങ്ങളുടെ പ്രവൃത്തി പരിചയമുള്ള ഏജൻസികൾ പോലും കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ഹോട്ട് വാട്ടർ പൈപ്പ് ഇടാറില്ല. കുടിവെള്ള സ്രോതസ്സുകളിൽ നിന്നുള്ള ജലം ഹോട്ട് വാട്ടർ ആകാൻ യാതൊരു സാധ്യതയുമില്ലാത്തതിനാൽ ഇപ്രകാരം ഉയർന്ന നിരക്കുള്ള പൈപ്പ്ലൈൻ സ്ഥാപിച്ചതിനു അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റിനു വിശദീകരണം നൽകേണ്ടതാണ്. ഹോട്ട് വാട്ടർ പൈപ്പുകൾ സ്ഥാപിച്ചതു മൂലം അധികമായി **30.23 ലക്ഷം രൂപ** ഗ്രാമപഞ്ചായത്തിനു ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്.

ഈ പഞ്ചായത്തിൽ തന്നെയുള്ള ചില കുടിവെള്ള പദ്ധതികൾക്ക് PVC, GI പൈപ്പുകൾ ഇടുന്നതിനു താരതമ്യേന ചെറിയ നിരക്കിലുള്ള

എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുമുണ്ട്. ഹോട്ട് വാട്ടർ പൈപ്പുകൾ സ്ഥാപിച്ച കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സമാന അളവിലുള്ള PVC പൈപ്പുകൾക്ക് DSR-2018 നിരക്ക് പ്രകാരം നൽകാവുന്ന തുകയും ചുവടെ ചേർക്കുന്നു. പത്തനംതിട്ട ജില്ലയ്ക്ക് കോസ്റ്റ് ഇൻഡക്സ് 37.29% ഉൾപ്പെടെ അനുവദിക്കാവുന്ന നിരക്ക് താഴെ പറയുന്നു.

DSR 50.18.9.6.1 PVC Pipe 50 Mm (10kgf/Cm2) -240.85+C.I 37.29% = ₹330.67 / Meter

DSR 50.18.9.3.2 PVC Pipe 25mm (10kgf/Cm2) –176.15+ C.I 37.29% = ₹241.84 / Meter

DSR 50.18.9.2.2 PVC Pipe 20mm (10kgf/Cm2) – 142.85 + C I 37.29 % = ₹196.12 / Meter

DSR 50.18.9.4.1 PVC Pipe 32mm (10kgf/Cm2) – 198.85 + C I 37.29 % = ₹273 / Meter

ഹോട്ട് വാട്ടർ പൈപ്പുകൾ സ്ഥാപിച്ച കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ടിന്റെ നമ്പർ/ പേര്	കരാറുകാരന്റെ പേര്	കരാർ നം.	എസ്റ്റിമേറ്റ് തുക (CFC Grant	ബിൽ തുക	ബിൽ നം., തീയതി
1	89/25, വിവിധ കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണികൾ,	ശ്രീ. കെ.സജയകുമാർ	31/AE/LID&EW/SGP/2024-25, 23.02.2025	971000	965942	866/26-03-2025
2	231/25, ഗവി-കൊച്ചുപമ്പ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-അനുബന്ധ പണികൾ	ശ്രീ. ഷാജി വി.എ	31/AE/LID&EW/SGP/2023-24, 24.02.2024	2000000	1472366	295/18-07-2024
3	92/25, സീതക്കുഴി കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ നീട്ടൽ-അറ്റകുറ്റപണികൾ	ശ്രീ. ലെഞ്ചു മോൻസി	34/AE/LID&EW/SGP/2024-25, 22.02.2025	1550000	1542989	₹1492989 (ബ്ലോക്ക് വിഹിതം) 823/24-03-25 ₹50000 822/24-03-2025
4	88/25, ഗവി കുടിവെള്ള പദ്ധതി അറ്റകുറ്റപണികൾ	ശ്രീ. ഷാജി വി.എ	31/AE/LID&EW/SGP/2023-24, 24.02.2024	20,00,000	1595216	₹1500000 (ജില്ലാ പഞ്ചായത്ത്) 816/24-03-2025 ₹95216 -782/20-03-2025

ക്രമ നം.	പ്രോജക്ട് നമ്പർ/പേര്	ഹോട്ട് വാട്ടർ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തുക	സ്ഥാപിച്ച ഹോട്ട് വാട്ടർ പൈപ്പും നിരക്കും (ബിൽ പ്രകാരം)	സമാന അളവിൽ PVC പൈപ്പ് സ്ഥാപിക്കുന്നതിനുള്ള നിരക്ക്	വ്യത്യാസം (₹)
1	89/25 വിവിധ കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണികൾ	Item 1.001 DSR 18.9.6 CPVC -50mm 396 M @ 943.54/M =373641.84	DSR 18.9.6 CPVC -50mm 715 M @ 941/M =672815 നൽകിയത്= 672480.60	DSR 50.18.9.6.1 PVC Pipe 50 Mm 715 M @ 285.86/M =204389.90	468090.70
		Item 1.002 DSR 18.9.2 CPVC-20mm 339 M @302.39/M =102510.21	DSR 18.9.2 CPVC-20mm 263.300M @299/M =78726.70	DSR 50.18.9.2.2 PVC Pipe 20mm 263.3 M @ 181.18/M =47705	31021.70
		Item 1.003 DSR 18.9.4 CPVC-32mm 375M @493.08/M =184905	DSR 18.9.4 CPVC-32mm 81M @491/M=39771	DSR 50.18.9.4.1 PVC Pipe 32mm 81M @240.64/M =19492	20279.00
		Extra Item DSR 18.9.3 25mm	DSR 18.9.3 CPVC -25mm 36M@387.64 =13955	DSR 50.18.9.3.2 PVC Pipe 25mm 36M@217.93/M =7845	6110.00
	ആകെ അധികം (ജി.എസ്.ടി ഉൾപ്പടെ)	525501 + 18 %			**620091.65**
2	231/25, ഗവി-കൊച്ചുപമ്പ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-അനുബന്ധ പണികൾ	Item 1.001 DSR 18.9.6 CPVC -50mm 920 M @ 943.54/M =868057	DSR 18.9.6 CPVC -50mm 950 M @ 649/M=616550	DSR 50.18.9.6.1 PVC Pipe 50 Mm 950 M @ 285.86/M =271567	344983
		Item 1.003 DSR 18.9.2 CPVC-20mm 450 M @302.39/M =136075.50	DSR 18.9.2 CPVC-20mm 400M @217/M =86800	DSR 50.18.9.2.2 PVC Pipe 20mm 400 M @ 181.18/M =72472	14328
		Extra Item DSR 18.9.3 25mm 493.22	DSR 18.9.3 CPVC -25mm 482M@ 493.22 = 237732	DSR 50.18.9.3.2 PVC Pipe 25mm 482M @ 217.93/M = 105042	132690
	ആകെ അധികം (ജി.എസ്.ടി ഉൾപ്പടെ) 492001 + 18 %				**580561**
3	92/25, സീതക്കുഴി കുടിവെള്ള പദ്ധതിയുടെ പൈപ് ലൈൻ നീട്ടലും അറ്റകുറ്റപണികളും	Item1.002 DSR 18.9.6 CPVC -50mm 1147 M @ 943.54/M =1082240	DSR 18.9.6 CPVC -50mm 1147M @ 943/M=1081621	DSR 50.18.9.6.1 PVC Pipe 50 Mm 1147 M @ 285.86/M =327881	753740
	ആകെ അധികം (ജി.എസ്.ടി ഉൾപ്പടെ) 753740 + 18 %				**889413**
4	88/25, ഗവി കുടിവെള്ള പദ്ധതി	Item 1.002 DSR 18.9.6 CPVC -50mm	DSR 18.12.6	DSR 50.18.9.6.1 PVC Pipe	720148

		1100 M @943.54/M =1037894	CPVC -50mm 1100 M @ 940.54 = 1034594	50 Mm 1100 M @ 285.86/ M = 314446	
	അറ്റകുറ്റപണികൾ	Item 1.003 DSR 18.9.2 CPVC-20mm 250 M @302.39/M =75597	DSR 18.9.2 CPVC-20mm 248.500 M @302.39/M =75144	DSR 50.18.9.2.2 PVC Pipe 20mm 248.500 M @ 181.18/M =45023	30121
		Item 1.003 DSR 18.9.4 CPVC-32mm 451M @493.08/M =222379	DSR 18.9.4 CPVC-32mm 451M @493.08/ M =222379	DSR 50.18.9.4.1 PVC Pipe 32mm 451M @240.64/M =108528	113851
	ആകെ അധികം (ജി.എസ്.ടി ഉൾപ്പടെ) 864120 + 18 %				**933249**
	ആകെ				**3023314**

അപാകതകൾക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/20-09-2025), അസി.എഞ്ചിനീയർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

“ഗ്രാമപഞ്ചായത്തിലെ മിക്ക കുടിവെള്ള പദ്ധതികളുടേയും വാട്ടർ സ്റ്റോറേജ് ടാങ്കുകൾ വളരെ ഉയരത്തിലാണ് സ്ഥാപിച്ചിട്ടുള്ളത്. മുൻ വർഷങ്ങളിൽ പി.വി.സി. പൈപ്പ് ഉപയോഗിച്ച് ചെയ്തിട്ടുള്ള പ്രവൃത്തികൾ വേനൽകാലത്ത് പലസ്ഥലങ്ങളിലും പൈപ്പ് പൊട്ടുകയും ജലവിതരണം തടസ്സപ്പെടുന്നതിന് കാരണമായതിനാലും, ഉയർന്ന വാട്ടർ പ്രഷർ താങ്ങുന്നതിന് സാധാരണ പി.വി.സി. പൈപ്പുകൾക്ക് സാധിക്കാതെ വന്നതിനാലും ജി.ഐ. പൈപ്പ് ഉപയോഗിക്കുമ്പോൾ നാലഞ്ചു വർഷങ്ങൾക്കകം ടി പൈപ്പിലൂടെ വരുന്നത് തുരുമ്പ് കലർന്ന കുടിവെള്ളം ആയതിനാലും പഞ്ചായത്ത് കമ്മിറ്റിയുടെ അറിവോടും സമ്മതത്തോടും കൂടി തന്നെയാണ് സി.പി.വി.സി. പൈപ്പുകൾ കുടിവെള്ള പദ്ധതിക്കായി ഉപയോഗിച്ചിട്ടുള്ളത്. സാധാരണ ചെറിയ നിരക്കിൽ ഉള്ള ജി.ഐ. പൈപ്പ് സെക്ഷൻ ലൈനിലാണ് ഉപയോഗിക്കുന്നത്. ഡെലിവറി ലൈനിൽ സി.പി.വി.സി. പൈപ്പ് തന്നെയാണ് ഉപയോഗിച്ചിരിക്കുന്നത്. സി.പി.വി.സി പൈപ്പ് ഉപയോഗിച്ച് പ്രവൃത്തി നടത്തിയതിനുശേഷം ഒരു കുടിവെള്ള പദ്ധതിയിൽ നിന്നും പൈപ്പ് പൊട്ടി ജലം പാഴാകുന്നു എന്ന പരാതി ഉണ്ടായിട്ടില്ല എന്ന് അറിയിക്കുന്നു”.
അസിസ്റ്റന്റ് എഞ്ചിനീയറുടെ മറുപടി, സാങ്കേതികമായി ഈ വിഷയത്തിൽ അഭിപ്രായം പറയേണ്ട കേരള വാട്ടർ അതോറിറ്റിയിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥരിൽനിന്നും രേഖാമൂലമുള്ള അഭിപ്രായത്തിനും സാധൂകരണത്തിനും വിധേയമായി പരിഗണിക്കുന്നതാണ്. അതുവരെ അധികം ചെലവഴിച്ച തുക **30,23,314 രൂപ തടസ്സപ്പെടുത്തുന്നു.**

1-24 ഭക്ഷണ കിറ്റ് നൽകൽ - അധിക തുക ചെലവഴിച്ചു

ഗ്രാമപഞ്ചായത്തിന്റെ അതിദാരിദ്ര്യ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ഭക്ഷ്യകിറ്റ് ആവശ്യമുള്ളവർക്ക് കിറ്റ് ലഭ്യമാക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സീതത്തോട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ക്വട്ടേഷൻ 26.7.2024-ലെ 12-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു. പ്രസ്തുത ക്വട്ടേഷനിൽ നിത്യോപയോഗ സാധനങ്ങൾക്ക് കാലാനുസൃതമായി വരുന്ന വിലവ്യത്യാസം മൂലം ഉണ്ടാകാവുന്ന വ്യതിയാനത്തിന് വ്യവസ്ഥ ചെയ്തതിന്റെ രേഖയില്ല. ആയതിനാൽ നിത്യോപയോഗ സാധനങ്ങളുടെ വില പ്രോജക്ട് നടത്തിപ്പ് കാലയളവിലെക്ക് മൊത്തത്തിൽ ബാധകമാകുന്നതാണ്. അധിക നിരക്കിൽ സാധനങ്ങൾ നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു-

ബിൽ നം. 309/24 – 22.9.2024

ഇനം	ക്വട്ടേഷൻ അംഗീകരിച്ച നിരക്ക് (Per Kg)	നൽകിയ നിരക്ക് (Per Kg)	വാങ്ങിയ അളവ് (Kg)	നൽകിയ തുക	നൽകേണ്ടിയിരുന്ന തുക	അധികം നൽകിയത്
സാമ്പാർ പൊടി	450	500	1.9	950	855	95
കാപ്പിപൊടി	600	650	1.9	1235	1140	95
പഞ്ചസാര	44	45	19	855	836	19
വെളിച്ചെണ്ണ	160	190	19	3610	3040	570
അരി	55	57	95	5415	5225	190
					ആകെ	**969**

ബിൽ നം. 1368 – 19.2.2025

ഇനം	ക്വട്ടേഷൻ അംഗീകരിച്ച നിരക്ക് (Per Kg)	നൽകിയ നിരക്ക് (Per Kg)	വാങ്ങിയ അളവ് (Kg)	നൽകിയ തുക	നൽകേണ്ടിയിരുന്ന തുക	അധികം നൽകിയത്
സാമ്പാർ പൊടി	450	500	1.8	900	810	90
വെളിച്ചെണ്ണ	160	280	18	5040	2880	2160
കടല	100	102	18	1836	1800	36
റവ	60	86	18	1548	1080	468
അരി	55	58	90	5220	4950	270
ഗോതമ്പ് പൊടി	48	66	18	1188	864	324
					ആകെ	**3348**

ബിൽ നം. 1464 – 12.3.2025

ഇനം	ക്വട്ടേഷൻ	നൽകിയ	വാങ്ങിയ	നൽകിയ	നൽകേണ്ടിയിരുന്ന	അധികം

	അംഗീകരിച്ച നിരക്ക് (Per Kg)	നിരക്ക് (Per Kg)	അളവ് (Kg)	തുക	തുക	നൽകിയത്
സാമ്പാർ പൊടി	450	500	3.2	1600	1440	160
വെളിച്ചെണ്ണ	160	280	32	8960	5120	3840
കടല	100	102	32	3264	3200	64
റവ	60	86	32	2752	1920	832
അരി	55	56	160	8960	8800	160
ഗോതമ്പ് പൊടി	48	67	32	2144	1536	608
പുട്ടു പൊടി	85	86	32	2752	2720	32
					ആകെ	**5696**

ക്വട്ടേഷനിൽ രേഖപ്പെടുത്തിയ തുകയേക്കാൾ അധിക നിരക്കിൽ ഭക്ഷ്യസാധനങ്ങൾ വാങ്ങി വിതരണം ചെയ്തതിന്റെ കാരണം ബോധിപ്പിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.30/20.9.2025) മറുപടി നൽകിയിട്ടില്ല. അധികമായി ചെലവഴിച്ച **10013 രൂപ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിരാകരിക്കുന്നു.**

1-25 മാലിന്യ സംസ്കരണം- പദ്ധതി നടത്തിപ്പിൽ വീഴ്ച

2024-25 സാമ്പത്തിക വർഷം മാലിന്യ സംസ്കരണ പദ്ധതിക്കായി ബൊക്കാഷി ബക്കറ്റ് വാങ്ങുന്നതിന് 16,19,000 രൂപ ചെലവഴിച്ചെങ്കിലും പദ്ധതി പൂർണ്ണ ഫലപ്രാപ്തിയിലെത്തിയില്ല. പദ്ധതി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം.	161/25
പദ്ധതി അടങ്കൽ	₹18,00,000
ചെലവഴിച്ച തുക	₹16,19,000
നിർവ്വഹണം	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
സ്ഥാപനം	ഗ്ലോബൽ ഫാർമസ്യൂട്ടിക്കൽസ്, കണ്ണൂർ
ഇൻവോയ്സ് നം./ തുക	INV/20224/056177/24-03-3025 ₹17,97,720
ഫണ്ട്	സി.എഫ്.സി, ഗ്രാന്റ്
ബിൽ നം.	842/25-03-3025
ഒരു ബക്കറ്റിന്റ വില	₹2840
ഗുണഭോക്തൃ വിഹിതം	₹284

പദ്ധതി പ്രകാരം 633 ബക്കറ്റുകൾ വാങ്ങിയിട്ടുണ്ട്. 391 ഗുണഭോക്താക്കളിൽ നിന്ന് 10% ഗുണഭോക്തൃ വിഹിതം ഈടാക്കി ബക്കറ്റുകൾ വിതരണം നടത്തിയിട്ടുള്ളതായി വി.ഇ.ഒ അറിയിച്ചിട്ടുണ്ട്. കണക്കുകൾ പ്രകാരം 242 ബക്കറ്റുകൾ ഇനിയും വിതരണം നടത്താതെ അവശേഷിക്കുന്നുണ്ട്. വിതരണം ചെയ്യാതെ അവശേഷിക്കുന്ന ബക്കറ്റുകൾ ഗ്രാമപഞ്ചായത്ത് ഓഫീസിലും സീതക്കുഴി കമ്മ്യൂണിറ്റി ഹാളിലുമായി സൂക്ഷിച്ചിട്ടുണ്ടെന്നാണ് വി.ഇ.ഒ. അറിയിച്ചിട്ടുള്ളത്. ഗുണഭോക്തൃ വിഹിതമായി 1,11,044 രൂപ ഈടാക്കിയിട്ടുണ്ട്. ആയത് സ്ഥാപനത്തിന് നൽകിയിട്ടില്ല. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ആവശ്യത്തിന് ഗുണഭോക്താക്കളെ കണ്ടെത്താതെയാണ് പദ്ധതിക്കായി തുക ചെലഴിച്ചതും ആവശ്യത്തിലധികം ബക്കറ്റുകൾ വാങ്ങിയിട്ടുള്ളതും

2. സാമ്പത്തിക വർഷം കഴിഞ്ഞ് 6 മാസമായിട്ടും മതിയായ എണ്ണം ഗുണഭോക്താക്കളെ കണ്ടെത്തി അവശേഷിക്കുന്ന ബക്കറ്റുകൾ വിതരണം നടത്താൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല.

3. ബക്കറ്റുകൾ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ബക്കറ്റുകൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം നടത്തിയതിന്റെയും രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥ സൂക്ഷിച്ചിട്ടില്ല.

പദ്ധതി നടത്തിപ്പിന് മുമ്പ് ഗുണഭോക്താക്കളെ കണ്ടെത്തേണ്ടതും പദ്ധതിപ്പണം ചെലവഴിക്കുന്നതിന് മുമ്പ് പദ്ധതിയെ സംബന്ധിച്ച് മതിയായ പഠനം നടത്തത്തേണ്ടതുമായിരുന്നു. ബക്കറ്റുകൾ വാങ്ങിയതിന് ശേഷം ഗുണഭോക്താക്കളെ കണ്ടെത്തുന്നത് ശരിയായ നടപടിയല്ല. ഗുണഭോക്തൃ വിഹിതം അടച്ച് ബക്കറ്റുകൾ കൈപ്പറ്റാൻ ഗുണഭോക്താക്കൾ തയ്യാറാകാത്തതിനാലാണ് ബക്കറ്റ് വിതരണം നടത്താൽ കഴിയാതെ പോയത് എന്ന് ഓഡിറ്റ് മനസ്സിലാക്കുന്നു. അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/17-09-2025) മറുപടിയായി ബാക്കി വിതരണം ചെയ്യാത്ത ബക്കറ്റുകൾ ഗ്രാമപഞ്ചായത്ത് ഓഫീസിലും സീതക്കുഴി കമ്മ്യൂണിറ്റി ഹാളിലുമായി സൂക്ഷിച്ചിട്ടുണ്ടെന്നുള്ള മറുപടിമാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ഓഡിറ്റിൽ ചൂണ്ടികാണിച്ച മറ്റ് അപാകതളെപ്പറ്റി മറുപടിയിൽ പരാമർശമേ ഇല്ല.

മുഴുവൻ ബക്കറ്റുകളും വിതരണം നടത്തി ഗുണഭോക്താക്കളുടെ ലിസ്റ്റ്, വിതരണ വിവരം, ഗുണഭോക്തൃ വിഹിതം സ്വീകരിച്ചതിന്റെയും ആയത് ഗ്രാമപഞ്ചായത്തിൽ ഒടുക്കിയതിന്റെയും പൂർണ്ണമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നതുവരെ വിതരണം ചെയ്യാൻ അവശേഷിക്കുന്ന 242 ബക്കറ്റുകൾക്ക് ചെലവഴിച്ച **687280 (2840x242) രൂപ തടസ്സപ്പെടുത്തുന്നു.**

1-26 പി.വി.സി വാട്ടർ ടാങ്ക് വാങ്ങി നൽകൽ പ്രോജക്ടിലെ അപാകതകൾ

പ്രോജക്ടിന്റെ പേര്, നമ്പർ	പി.വി.സി വാട്ടർ ടാങ്ക് വാങ്ങി നൽകൽ (223/25)
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് സെക്രട്ടറി
വകയിരുത്തൽ	₹200000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ്	ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ₹140500 ബിൽ നം. 65/19.6.2024 ഗുണഭോക്തൃ വിഹിതം – ₹47000 ആകെ – ₹187500

അസിസ്റ്റന്റ സെക്രട്ടറി 2023-24 വർഷം ആവിഷ്കരിച്ച 84/24 നമ്പർ പ്രോജക്ടിന്റെ സ്പിൽ ഓവർ പദ്ധതിയാണ് ഈ വർഷം 223/25 നമ്പർ പ്രോജക്ടായി നടപ്പിലാക്കിയത്. 500 ലിറ്റർ ശേഷിയുള്ള വാട്ടർ ടാങ്കിന് GeM മുഖേന ടെണ്ടർ ക്ഷണിച്ചതിന് പ്രകാരം ഏറ്റവും കുറഞ്ഞ റേറ്റ് ക്വോട്ട് ചെയ്തത് Saivish Industries, Valsad, Gujarat എന്ന സ്ഥാപനമാണ്. ടാങ്ക് ഒന്നിന് 3750 രൂപയ്ക്ക് സാധനം സപ്ലൈ ചെയ്യാം എന്നാണ് പ്രസ്തുത സ്ഥാപനം പറഞ്ഞത്. പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട ചുവടെ പറയുന്ന കാര്യങ്ങൾക്ക് മറുപടി നൽകേണ്ടതാണ്-

1. 2023-24 വർഷത്തെ ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം പ്രസ്തുത പ്രോജക്ടിന് 136 ഗുണഭോക്താക്കൾ ഉണ്ടായിരുന്നു.

2. പ്രോജക്ടിന് 50 ഗുണഭോക്താക്കൾ (@ 940) ഗുണഭോക്തൃ വിഹിതമായി 47000 രൂപ ഒടുക്ക് വരുത്തിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് പ്രകാരം 50 വാട്ടർ ടാങ്കുകളാണ് വാങ്ങിയത്. ഗുണഭോക്തൃ വിഹിതം അടച്ച 50 പേരിൽ 40 പേർക്ക് മാത്രമാണ് ടാങ്ക് നൽകിയത്.

3. പഞ്ചായത്ത് കമ്മിറ്റിയുടെ 18.3.2024-ലെ 1-ാം നമ്പർ തീരുമാനം അനുസരിച്ച് 2021-22 വർഷത്തെ 43/22 നമ്പർ പ്രോജക്ട് പ്രകാരം ഗുണഭോക്തൃ വിഹിതം (775 രൂപ) അടച്ചിട്ടും വാട്ടർ ടാങ്ക് ലഭിക്കാത്ത 10 ഗുണഭോക്താക്കൾക്ക് മുൻഗണന നൽകി 223/25 നമ്പർ പ്രോജക്ടിൽ ഉൾപ്പെടുത്തി വാട്ടർ ടാങ്ക് നൽകണമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനോട് നിർദ്ദേശിച്ചു. പ്രസ്തുത 10 ഗുണഭോക്താക്കൾക്ക് 165 രൂപ കൂടി ഗുണഭോക്തൃ വിഹിതം ഒടുക്ക് വരുത്തി വാട്ടർ ടാങ്ക് നൽകിയിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം വരുന്നതിന് മുൻപ് തന്നെ മേൽ സൂചിപ്പിച്ചവരിൽ ചിലർ ഗുണഭോക്തൃ വിഹിതം അടച്ചിട്ടുണ്ട്.

4. 223/25 പ്രോജക്ടിന്റെ ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം ശേഖരിച്ചതിന് ശേഷം ഇപ്രകാരം ഒരു നടപടി സ്വീകരിച്ചതിന്റെ സാഹചര്യം വ്യക്തമല്ല. കൂടാതെ, 940 രൂപ വീതം ഒടുക്കിയ ഗുണഭോക്താക്കൾക്ക് 2024-25-ൽ തന്നെ നടപ്പിലാക്കിയ 29/25 നമ്പർ പ്രോജക്ടിൽ ഉൾപ്പെടുത്തി വാട്ടർ ടാങ്ക് നൽകിയിട്ടുണ്ടോ എന്നും ടാങ്കുകൾ നൽകിയിട്ടില്ലാത്ത പക്ഷം ഗുണഭോക്തൃ വിഹിതം തിരികെ നൽകിയിട്ടുണ്ടോ എന്നും വ്യക്തമല്ല.
5. 2021-22 വർഷത്തെ 43/22 പ്രോജക്ടിന്റെ സ്പിൽ ഓവർ പദ്ധതികളായി തുടർച്ചയായ രണ്ട് വർഷവും പ്രോജക്ട് ആവിഷ്കരിച്ചിരുന്നു.
2022-23 – പ്രോജക്ട് നം. 90/23 – അടങ്കൽ – ₹165150
2023-24 – പ്രോജക്ട് നം. 122/24 – അടങ്കൽ - ₹165150
2022-23, 2023-24 വർഷവും മേൽ സ്പിൽ ഓവർ പ്രോജക്ടുകളിൽ നിന്നും ചെലവ് നടന്നിട്ടില്ല. 2021-22 വർഷം ഗുണഭോക്തൃ വിഹിതം ഒടുക്ക് വരുത്തിയ ഗുണഭോക്താക്കൾക്ക് തുടരെ രണ്ട് വർഷം സ്പിൽ ഓവർ പ്രോജക്ട് രൂപീകരിച്ചിട്ടും ആനുകൂല്യം നൽകാതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുള്ള ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവർക്ക് ആനുകൂല്യം നൽകുന്നതിൽ പഞ്ചായത്തിന്റെ ഉദാസീനമായ സമീപനമാണ് ഇത് വ്യക്തമാക്കുന്നത്.

മേൽ സൂചിപ്പിച്ച വിഷയങ്ങൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (27/20.9.2025) മറുപടി ലഭ്യമാക്കായിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ പദ്ധതി ഗുണഭോക്താക്കളായ 10 പേർക്ക് ആനുകൂല്യം നൽകാത്തതിനാൽ ആയതിന്റെ ചെലവു **38500 രൂപ (3850*10) - രൂപ തടസ്സപ്പെടുത്തുന്നു.**

1-27 കാർഷിക വിപണന കേന്ദ്രത്തിന് ആവശ്യത്തിലധികം ഭൂമി വാങ്ങി

പ്രോജക്ടിന്റെ പേര്, നമ്പർ	കാർഷിക വിപണന കേന്ദ്രത്തിന് ഭൂമി വാങ്ങൽ (276/25)
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
വകയിരുത്തൽ	₹8444400 (വികസന ഫണ്ട് ജനറൽ)
ചെലവ്	₹10140 ട്രഷറി ബിൽ നം. 24051152004101577668/18.3.2025 - ₹10140 ട്രഷറി ബിൽ നം. 25051152004100242030/24.6.2025 – ₹8010000 (2025-26)

സീതത്തോട് ഗ്രാമപഞ്ചായത്തിൽ കാർഷിക വിപണന കേന്ദ്രം നിർമ്മിക്കുന്നതിന് അനുയോജ്യമായ വാഹന സൗകര്യമുള്ള വഴിയോട് കൂടിയ 1.21 ഹെക്ടർ ഭൂമി (300 സെന്റ്) വിലയ്ക്ക് വാങ്ങുന്നതിന് അനുയോജ്യരായ വസ്തു ഉടമകളിൽ നിന്നും 10.1.2024-ൽ ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സമർപ്പിച്ച രണ്ട് വസ്തു ഉടമകളിൽ നിന്നും ശ്രീ. വാസുദേവൻ, ചെറുപുന്നൻവിളയിൽ, ആനയടി പി.ഒ, കൊല്ലം എന്നയാളിന്റെ ഭൂമി അനുയോജ്യമാണെന്ന് കണ്ടെത്തി സ്ഥലം വാങ്ങുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചു. അനുയോജ്യത സർട്ടിഫിക്കറ്റ് തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, പത്തനംതിട്ടയുടെ LSGD/JD/PTA/2592/2024-B13 തീയതി 5.1.2025 നമ്പർ ഉത്തരവ് പ്രകാരം ലഭിച്ചിട്ടുണ്ട്. ചിറ്റാർ-സീതത്തോട് വില്ലേജ് ഓഫീസറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം ഒരു ആറിന് 69188 രൂപ നിശ്ചയിച്ചിട്ടുണ്ട്. 2024-25-ൽ പ്രസ്തുത വ്യക്തിയിൽ നിന്ന് വാങ്ങിയ ഭൂമിയുടെ വിലയാധാരം തയ്യാറാക്കിയതിന്റെ ഫീസിനത്തിൽ 10140 രൂപയും, 2025-26-ൽ വസ്തുവിന്റെ വിലയായ 8010000 രൂപയും ചെലവഴിച്ചിട്ടുണ്ട്. ടിയാളിൽ നിന്നും സീതത്തോട് വില്ലേജിൽ സർവ്വേ നമ്പർ 592/1, 595/2, 596/1, 598/1, 607/4-ൽ ഉൾപ്പെട്ട 121.45 ആർ (300 സെന്റ്) സ്ഥലമാണ് പഞ്ചായത്ത് വാങ്ങിയിട്ടുള്ളത്.

ഈ വസ്തു സെക്രട്ടറിയുടെ പേരിൽ കൂട്ടി കരം അടച്ചതിന്റെ രേഖകൾ ഹാജരാക്കുകയും കാർഷിക വിപണന കേന്ദ്രം നിർമ്മിക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ച് വിശദീകരിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.44/22.9.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

സീതത്തോട് ഗ്രാമപഞ്ചായത്തിൽ 90 ശതമാനം ജനങ്ങളും കാർഷികവൃത്തി ഉപജീവനമാക്കിയവരും അവരുടെ ഉൽപന്നങ്ങൾ ആഴ്ചയിൽ രണ്ട് ദിവസം പ്രവർത്തിക്കുന്ന സീതത്തോട് ചന്തയിൽ എത്തിച്ച് വിപണനം നടത്തുന്നവരും ആണെന്നും നിലവിലെ മാർക്കറ്റിൽ സ്ഥലസൗകര്യങ്ങളുടെ കുറവ് ഉണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി 28.2.2024-ലെ 1(6)-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. VFPCK ഉൾപ്പെടെ പ്രവർത്തിക്കുന്നതിനുള്ള കാർഷിക വിപണന കേന്ദ്രം നിർമ്മിക്കുന്നതിന് ഇത്രയും വിസ്തൃതിയിലുള്ള സ്ഥലം ആവശ്യമുണ്ടെന്നും പറഞ്ഞിട്ടുണ്ട്. പഞ്ചായത്തിലെ ആകെ കർഷകരുടെ എണ്ണം, കാർഷിക ഉത്പന്നങ്ങളുടെ അളവോ എന്നിവ ഒന്നും ആധാരമാക്കാതെയാണ് പ്രസ്തുത നിഗമനത്തിൽ എത്തിയിട്ടുള്ളത് എന്ന് വ്യക്തമാണ്. ആയതിനാൽ ഇത്രയും തുക നൽകി 300 സെന്റ് വസ്തു വാങ്ങിയതു പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താല്പര്യത്തിനു ഉചിതമായില്ല.

സീതത്തോട് ടൗണിൽ നിന്നും ഏകദേശം ഒരു കിലോമീറ്റർ അകലെ കുറച്ച് ഉയർന്ന പ്രദേശത്താണ് പ്രസ്തുത വസ്തുവുള്ളത്. സീതത്തോട്ടിൽ നിന്നും ആങ്ങമൂഴി വഴി പോകുന്ന മുഖ്യ റോഡിൽ നിന്നും ഏകദേശം 700 മീറ്റർ ഉള്ളിലോട്ട് വീതി കുറഞ്ഞ, കയറ്റമുള്ള റോഡിൽ നിന്നും വീണ്ടും ഉള്ളിലോട്ട് മണ്ണിട്ട റോഡാണ് ഈ വസ്തുവിലേക്ക് നിലവിൽ എത്താനുള്ള മാർഗ്ഗം. നിരപ്പല്ലാത്ത പ്രസ്തുത വസ്തു നിരപ്പാക്കുന്നതിനും, വഴി

സൗകര്യം ലഭ്യമാക്കുന്നതിനും, കെട്ടിടം നിർമ്മിക്കുന്നതിനും വലിയ തുക ചെലവഴിക്കേണ്ടി വരും. എന്നാൽ, തുക ചെലവഴിക്കുന്നതിന്റെ ആനുപാതികമായ പ്രയോജനം ലഭിക്കുന്നതിനുള്ള ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തിലില്ല. പ്രകൃതി ദുരന്തങ്ങളും വന്യ ജീവി ശല്യവും കാരണം ജനങ്ങൾ പഞ്ചായത്തിൽ നിന്നും മറ്റ് പ്രദേശങ്ങളിലേക്ക് പലായനം ചെയ്യുന്ന അവസ്ഥയാണ് നിലവിലുള്ളത്.

കാർഷിക വിപണന കേന്ദ്രം നിർമ്മിക്കുന്നതിന് ആവശ്യമായ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടിന് തയ്യാറാക്കുന്നതിനായി 2025-26-ൽ 400000 രൂപ അടങ്കലുള്ള പ്രോജക്ട് (നം.34/26) രൂപീകരിച്ചിട്ടുണ്ട്. ആയതിന് പ്രകാരം ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ റേറ്റായ 270000 രൂപ ക്വോട്ട് ചെയ്ത Ponnathil Developers Pvt. Ltd. എന്ന സ്ഥാപനത്തിന്റെ ടെണ്ടർ പഞ്ചായത്ത് കമ്മിറ്റിയുടെ 10.7.2025-ലെ 2(4)-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ ഉദ്ദേശ്യവും നടത്തിപ്പും ലക്ഷ്യ പ്രാപ്തിയും സംബന്ധിച്ച് ഓഡിറ്റിന്റെ നിരീക്ഷണങ്ങൾ ഭരണ വകുപ്പിന്റെയും പഞ്ചായത്ത് കമ്മിറ്റിയുടെയും സത്വര ശ്രദ്ധയിൽപ്പെടുത്തുന്നു.

1-28 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ പ്രോജക്ടിന്റെ അപാകതകൾ

പ്രോജക്ടിന്റെ പേര്, നമ്പർ	വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ (195/25)
നിർവ്വഹണ ഉദ്യോഗസ്ഥ	ഐ.സി.ഡി.എസ് സൂപ്പർവൈസർ
വകയിരുത്തൽ	₹384158 (വികസന ഫണ്ട്- ജനറൽ)
ചെലവ്	₹200718 ട്രഷറി ബിൽ നം. 24051152004901673245/25.3.2025

2023-24 വർഷത്തെ 66/24 നമ്പർ പ്രോജക്ടിന്റെ സ്പിൽ ഓവറായിയാണ് 195/25 നമ്പർ പ്രോജക്ട് നടപ്പിലാക്കിയത്. പ്രോജക്ടിന് വേണ്ടി 5.1.2024-ൽ ക്ഷണിച്ച ടെണ്ടർ പ്രകാരം ലഭിച്ച 4 ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ റേറ്റ് ക്വാട്ട് ചെയ്ത (2848 രൂപ) മുണ്ടിക്കുന്നേൽ ട്രേഡേഴ്സ്, വണ്ണപുരം എന്ന സ്ഥാപനത്തിന്റെയും രണ്ടാമത്തെ ഏറ്റവും കുറഞ്ഞ റേറ്റ് ക്വാട്ട് ചെയ്ത (3186 രൂപ) ആസ്റ്റ് മെഡിടെക് പ്രൈവറ്റ് ലിമിറ്റഡ്, മാവേലിക്കര എന്ന സ്ഥാപനത്തിന്റെയും സാമ്പിലുകൾ മോണിട്ടറിംഗ് കമ്മിറ്റി പരിശോധിച്ചു എന്ന് 3.2.2024-ലെ 2-ാം നമ്പർ തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ രണ്ട് സ്ഥാപനങ്ങൾക്കും സാമ്പിലുകൾ ഹാജരാക്കാൻ കത്ത് നൽകിയതിന്റെ രേഖകളും ലഭ്യമല്ല. കൂടാതെ, മോണിട്ടറിംഗ് കമ്മിറ്റി പരിശോധിച്ചതിന്റെ രേഖകൾ ഒന്നും ഫയലിൽ ലഭ്യമല്ല. മുണ്ടിക്കുന്നേൽ ട്രേഡേഴ്സ് സമർപ്പിച്ച കട്ടിലിന്റെ പരിശോധനയിൽ ആഞ്ഞിലി തടിയുടെ കട്ടിൽ, റിപ്പ, എഴുക, താങ്ങത്തടി എന്നിവയ്ക്ക് കനക്കുറവും ആഞ്ഞിലിതടി കാതലില്ലാത്തതും വെള്ളതടി ഉപയോഗിച്ച് നിർമ്മിച്ചതും ബലക്കുറവുള്ളതായി ബോദ്ധ്യപ്പെട്ടു. ആസ്റ്റ് മെഡിടെക് പ്രൈവറ്റ് ലിമിറ്റഡ് സമർപ്പിച്ച കട്ടിലിന് 348 രൂപ കൂടുതലാണെങ്കിലും താരതമ്യേന ബലക്കൂടുതലും കനക്കൂടതലും ഉള്ളതായി ബോദ്ധ്യപ്പെടുകയും പ്രസ്തുത സ്ഥാപനത്തിന്റെ കട്ടിലുകൾ വിതരണം ചെയ്യുന്നതിനായി പ്രോക്യൂർമെന്റ് കമ്മിറ്റി ശുപാർശ ചെയ്യുകയും ആയത് മേൽ സൂചിപ്പിച്ച കമ്മിറ്റി തീരുമാനം പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. തടി നിർമ്മിത ഉത്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കാനുള്ള സാങ്കേതിക വൈദഗ്ദ്ധ്യം മോണിട്ടറിംഗ്, പ്രൊക്യൂർമെന്റ് കമ്മിറ്റികൾക്കില്ല. ഈ മേഖലയിലെ (വനം വന്യജീവി വകുപ്പ്) ഉദ്യോഗസ്ഥരെകൊണ്ട് ഗുണമേന്മ പരിശോധന നടത്താതെ ഇപ്രകാരം തീരുമാനം എടുത്തതിന്റെ കാരണം വ്യക്തമല്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.29/20.9.2025) ടെണ്ടർ നടപടികൾ സംബന്ധിച്ച് അറിവില്ലാത്തത് മൂലമാണ് അപാകതകൾ സംഭവിച്ചത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥയുടെ മറുപടി തൃപ്തികരമല്ല.
ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത മുണ്ടിക്കുന്നേൽ ട്രേഡേഴ്സ് എന്ന സ്ഥാപനം ഹാജരാക്കിയ കട്ടിലിന് വേണ്ടത്ര ഗുണനിലവാരം ഇല്ലാത്തത് സംബന്ധിച്ച് പ്രസ്തുത സ്ഥാപനത്തിന് അറിയിപ്പു നൽകാഞ്ഞത് ക്രമപ്രകാരമല്ല. തടി നിർമ്മിത ഉത്പന്നങ്ങളുടെ ഗുണമേന്മ പരിശോധന ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-29 ഗവി വാർഡിൽ എൽ.ഇ.ഡി. ലൈറ്റ് സ്ഥാപിച്ചതിന്റെ രേഖയില്ല

പ്രോജക്ടിന്റെ പേര്, നമ്പർ	ഗവി വാർഡിൽ എൽ.ഇ.ഡി. ലൈറ്റ് വാങ്ങി നൽകൽ (202/25)
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
വകയിരുത്തൽ	₹1000000 (വികസന ഫണ്ട്- ജനറൽ)
ചെലവ്	₹996840 ട്രഷറി ബിൽ നം. 24051152004100976968/9.5.2024

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രസ്തുത പ്രോജക്ടിന്റെ രേഖകൾ ഹാജരാക്കിയതിൽ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. 6.12.2023-ൽ ടെണ്ടർ ക്ഷണിച്ചതിന് ചുവടെ പ്രകാരം മൂന്ന് പേരാണ് ടെണ്ടർ സമർപ്പിച്ചത്. എൽ.ഇ.ഡി- Manual, എൽ.ഇ.ഡി-Automatic എന്നീ രണ്ട് ഇനം ലൈറ്റുകളുടെ നിരക്ക് മൂന്ന് സ്ഥാപനങ്ങളും ക്വോട്ട് ചെയ്തിട്ടുണ്ട്.

ഇനം	ശ്രീ. ടി കെ വിനോദ്, തടത്തിൽ, കുഴിമറ്റം പി.ഒ, കോട്ടയം	ഡിവൈൻ ഇലക്ട്രിക്കൽസ്, കളമശ്ശേരി	കണ്ടത്തിച്ചിറയിൽ ട്രേഡ് ലിങ്ക്സ്,
30W LED Manual	3998	1400	4999
30W LED Automatic	4260	1850	5499

പ്രസ്തുത മൂന്ന് സ്ഥാപനങ്ങൾക്കും 22.12.2023-ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം ചുവടെ പറയുന്ന രേഖകൾ ഹാജരാക്കാൻ നിർദ്ദേശം നൽകി-

1. Making Details
2. LED Bulb Wattage
3. LED Warranty Details
4. Quality Test Certificate
5. Sample Light
6. AMC Details
7. Contractor Licence

8. Insurance Details

30.12.2023-ന് ശ്രീ. ടി കെ വിനോദും ഡിവൈൻ ഇലക്ട്രിക്കൽസും മാത്രമാണ് മേൽ സൂചിപ്പിച്ച രേഖകൾ ഹാജരാക്കിയത്. എന്നാൽ, ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ഡിവൈൻ ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിന് ലൈസൻസ് ഇല്ലാത്തതിനാൽ ടെണ്ടർ നടപടികളിൽ നിന്നും ഒഴിവാക്കാൻ 8.1.2024-ലെ 1(3)-ാം നമ്പർ തീരുമാനം പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു. കൂടാതെ, 4260 രൂപ ക്വോട്ട് ചെയ്ത ശ്രീ. ടി.കെ. വിനോദിന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. എന്നാൽ ടിയാൾ Quality Test Certificate, AMC Details എന്നിവ ലഭ്യമാക്കിയതിന്റെ രേഖകളില്ല. കൂടാതെ ടിയാൾ സെക്യൂരിറ്റി ഡെപ്പോസിറ്റ് അടച്ചതിന്റെ രേഖയില്ല.

2. ശ്രീ. ടി കെ വിനോദ് 4.3.2024, 11.3.2024, 16.3.2024 എന്നീ തീയതികളിലെ ഇൻവോയിസുകൾ പ്രകാരം യഥാക്രമം 80,74,80 (ആകെ 234) LED ലൈറ്റുകളും അനുബന്ധ സാധനങ്ങളും പഞ്ചായത്തിൽ സപ്ലൈ ചെയ്തിട്ടുണ്ട്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ പ്രസ്തുത സാധനങ്ങളുടെ എൻട്രി രേഖപ്പെടുത്തിയിട്ടില്ല.

3. ഗവി വാർഡിൽ 234 LED ലൈറ്റുകൾ സ്ഥാപിച്ചതിന്റെ KSEB-യിൽ നിന്നുള്ള രേഖകളോ വാർഡ് മെമ്പരുടെ കത്തോ ഇല്ല.

അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.46/23.9.2025) മറുപടി നൽകിയിട്ടില്ല. ആവശ്യക്ത നിർണ്ണയം നടത്താതെ പ്രോജക്ട് ആവിഷ്കരിക്കുകയും ലൈറ്റുകൾ സ്ഥാപിച്ചതിന്റെ രേകഖളും ഇല്ലാത്തതിന്റെയും അടിസ്ഥാനത്തിൽ **998640 രൂപ നിരാകരിക്കുന്നു.**

1-30 അംഗൻവാടികൾ സ്മാർട്ട് അംഗൻവാടികളാക്കി മാറ്റൽ പ്രോജക്ടിലെ അപാകങ്ങൾ

പ്രോജക്ടിന്റെ പേര്, നമ്പർ	അംഗൻവാടികൾ സ്മാർട്ട് അംഗൻവാടികളാക്കി മാറ്റൽ (49/25)
നിർവ്വഹണ ഉദ്യോഗസ്ഥ	ഐ.സി.ഡി.എസ് സൂപ്പർവൈസർ
വകയിരുത്തൽ	₹660000 (വികസന ഫണ്ട്- ജനറൽ)
ചെലവ്	₹652783 ട്രഷറി ബിൽ നം. 24051152004901655715/23.3.2025 - ₹452783 ട്രഷറി ബിൽ നം. 24051152004901655718/23.3.2025 - ₹200000

4.2.2025-ൽ ക്ഷണിച്ച ഇ-ടെണ്ടർ പരസ്യം പ്രകാരം രണ്ട് വ്യത്യസ്ത ഇനങ്ങൾക്കാണ് ടെണ്ടർ ക്ഷണിച്ചത്-

1. Smart Anganwadi Materials

2. Smart Anganwadi – Child Friendly Painting And Art

സ്മാർട്ട് അംഗൻവാടിയ്ക്ക് സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ ഏഴ് സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചിരുന്നു. E-Tender Comaprative Statement പ്രകാരം ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തത് സിനാൻ ആർട്ട്സ്, മങ്കട, മലപ്പുറം എന്ന സ്ഥാപനമാണ്. 6.3.2025-ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം പ്രകാരം 6.3.2025-ന് കമ്മിറ്റിയ്ക്ക് മുമ്പാകെ Scientific Solutions, ARTCO Ltd. എന്ന സ്ഥാപനങ്ങൾ മാത്രമാണ് സാമ്പിളുകൾ ഹാജരാക്കിയത് എന്നും, ഇതിൽ ഗുണമേന്മയും മികച്ച ക്വാളിറ്റിയുമുള്ള പ്ലാസ്റ്റിക്കിന്റെ സാധനങ്ങൾ ഹാജരാക്കിയത് ARTCO Ltd. ആണെന്ന് പറഞ്ഞിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം പഞ്ചായത്ത് കമ്മിറ്റിയുടെ 6.3.2025-ലെ 2(1) നമ്പർ തീരുമാനം പ്രകാരം ARTCO Ltd.-ന് സപ്ലൈ ഓർഡർ നൽകി. ടെണ്ടറിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ടു ചെയ്ത സ്ഥാപനം ഉൾപ്പെടെ എല്ലാ സ്ഥാപനങ്ങൾക്കും സാമ്പിളുകൾ ഹാജരാക്കാൻ നിർദ്ദേശിച്ചതിന്റെ രേഖകളില്ല. 6.3.2025-ലെ 2(1) നമ്പർ തീരുമാനം പ്രകാരം ടെണ്ടർ ക്ഷണിച്ചതിൽ അംഗൻവാടികൾ സ്മാർട്ട് ആക്കുന്നതിൽ ഒരു പ്രധാനപ്പെട്ട ഘടകമായ FLOOR MAT ഉൾപ്പെട്ടില്ലാത്തതിനാൽ ആയത് കൂടി പ്രോജക്ടിൽ ഉൾപ്പെടുത്തി വാങ്ങുന്നതിന് അനുമതി നൽകണമെന്ന ആവശ്യം (ആരുടെ എന്ന് സൂചിപ്പിച്ചിട്ടില്ല) അംഗീകരിച്ച് തീരുമാനിച്ചു. പ്രസ്തുത ഇനത്തിന് പ്രത്യേകമായി ടെണ്ടർ/ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല.

Smart Anganwadi – Child Friendly Painting And Art എന്നത് പ്രോജക്ടിലെ ഒരു പ്രത്യേക ഇനമായിരുന്നു. ഇതിന് ഏറ്റവും കൂടിയ നിരക്ക് (75/ Sq.M) ക്വാട്ട് ചെയ്തത് ARTCO Ltd. ആയിരുന്നു. കൂടിയ നിരക്ക് ക്വാട്ട് ചെയ്ത പ്രസ്തുത സ്ഥാപനത്തെ തെരഞ്ഞെടുക്കാനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്. കൂടാതെ, സ്ഥാപനം പ്രസ്തുത പ്രവൃത്തിയ്ക്ക് സമർപ്പിച്ച ബില്ലിൽ കാണിച്ചിട്ടുള്ള ആകെ വിസ്തീർണ്ണം (അഞ്ച് അംഗൻവാടികളിൽ പെയിന്റിംഗ് ഡ്രോയിംഗ് നടത്തിയ ഏരിയ) സംബന്ധിച്ച് ആധികാരികമായ കണക്ക് ലഭ്യമല്ല. മേൽ സൂചിപ്പിച്ച അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവഴിച്ച **652783 രൂപ തടസ്സപ്പെടുത്തുന്നു.**

1-31 ഗവി സ്കൂളിലേക്കും ഓഫീസ് റൂമിലേക്കും ഫർണ്ണീച്ചർ വാങ്ങൽ പ്രോജക്ടിലെ അപാകതകൾ

പ്രോജക്ടിന്റെ പേര്, നമ്പർ	ഗവി സ്കൂളിലേക്കും ഓഫീസ് റൂമിലേക്കും ഫർണ്ണീച്ചർ വാങ്ങൽ (215/25)
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
വകയിരുത്തൽ	₹200000 (വികസന ഫണ്ട്- ജനറൽ)
ചെലവ്	₹198950 ട്രഷറി ബിൽ നം. 24051152004101695931/25.3.2025- ₹198950

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടിന്റെ ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു-

1. 12.3.2025-ൽ ക്ഷണിച്ച ടെണ്ടറിൽ ആകെ ലഭിച്ച ടെണ്ടർ ശ്രീ. ലെഞ്ചു മോൻസി, മേപ്രത്ത്, സീതത്തോട് എന്ന സ്ഥാപനത്തിന്റെതാണ്. 21.3.2025-ലെ 2(2)-ാം നമ്പർ തീരുമാനം പ്രകാരം പ്രസ്തുത പദ്ധതിയ്ക്ക് റീ-ടെണ്ടർ ക്ഷണിച്ചതിന്മേൽ സൂചിപ്പിച്ച സ്ഥാപനം മാത്രമാണ് പങ്കെടുത്തത് എന്നും ARTCO Ltd, കൊല്ലം ക്വട്ടേഷനാണ് നൽകിയത് എന്നും പറഞ്ഞിട്ടുണ്ട്. കൂടാതെ, താരതമ്യ പഠനത്തിൽ ശ്രീ. ലെഞ്ചു മോൻസിയാണ് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തിട്ടുള്ളത്. ആയതിനാൽ ടിയാളുടെ ടെണ്ടറിന് കമ്മിറ്റി അംഗീകാരം നൽകി. എന്നാൽ, താരതമ്യ പഠനം നടത്താൻ ARTCO Ltd ടെണ്ടർ/ ക്വട്ടേഷൻ സമർപ്പിച്ചതിന്റെ രേഖകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. സ്ഥാപനത്തിനോട് ISO സർട്ടിഫിക്കേഷന് (ISI സർട്ടിഫിക്കേഷന് എന്നാണ് ഉദ്യേശിച്ചത് എന്ന് കരുതാം) ഉള്ള സാധനങ്ങൾ സപ്ലൈ ചെയ്യാനും പ്രസ്തുത തീരുമാനത്തിൽ പറഞ്ഞിട്ടുണ്ട്. സപ്ലൈ ചെയ്ത സാധനങ്ങൾ ISI സർട്ടിഫിക്കേഷന് ഉള്ളവയാണോ എന്നത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന്റെയോ മോണിട്ടറിംഗ് കമ്മിറ്റിയുടെയോ റിപ്പോർട്ട് ലഭ്യമല്ല.

2. ഫർണ്ണീച്ചറുകളുടെ ഗുണമേന്മ ഉറപ്പു വരുത്താൻ ക്ഷമതയുള്ള ഉദ്യോഗസ്ഥർ പരിശോധന നടത്തി പ്രൊക്യൂർമെന്റ് കമ്മിറ്റിക്ക് ശുപാർശ ചെയ്തതിന്റ രേഖയും ഇല്ല.

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (34/21.9.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. താരതമ്യേന കുറഞ്ഞ നിരക്കിലുള്ള സാധനങ്ങളാണ് വാങ്ങിയതെന്നു ഉറപ്പിക്കാൻ ആർട്ട്ക്കോ നൽകിയ ക്വട്ടേഷൻ ഹാജരാക്കാത്തതിനാൽ ചെലവ് തുക **198950 രൂപ തടസ്സപ്പെടുത്തുന്നു.**

1-32 വിവിധ വാർഡുകളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

പ്രോജക്ടിന്റെ പേര്, നമ്പർ	വിവിധ വാർഡുകളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (210/25)
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
വകയിരുത്തൽ	₹287425 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ്	₹279000 ബിൽ നം.639/24.3.2025

പഞ്ചായത്തിലെ കോട്ടക്കുഴി, കൊച്ചുകോയിക്കൽ പാലം, വാലുപാറ ഭയങ്കരാംമുടി എന്നീ മൂന്ന് സ്ഥലങ്ങളിലാണ് പ്രസ്തുത പ്രോജക്ട് പ്രകാരം മിനിമാസ്റ്റ് ലൈറ്റുകൾ ഇൻസ്റ്റാൾ ചെയ്തിട്ടുള്ളത്. പ്രോജക്ടിന്റെ രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു-

1. ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. ഷാജഹാൻ കെ. ഐ, റിസാഫ് ലൈറ്റിംഗ് സൊല്യൂഷൻ, തൊടുപുഴ എന്ന സ്ഥാപനത്തിന് (ലൈറ്റ് ഒന്നിന് 93000 രൂപ നിരക്കിൽ) പ്രവൃത്തി ഏല്പിച്ചു. സ്ഥാപനവുമായി കരാരിലേർപ്പെട്ടതിൽ വാറന്റി എ.എം.സി സംബന്ധിച്ച കാര്യങ്ങൾ ഒന്നും സൂചിപ്പിച്ചിട്ടില്ല.

2. സ്ഥാപനം സെക്യൂരിറ്റി ഡെപ്പോസിറ്റും അടച്ചിട്ടില്ല. ടെണ്ടർ തുകയുടെ 5 ശതമാനം സെക്യൂരിറ്റി ഡെപ്പോസിറ്റായി ഒടുക്ക് വരുത്തി അറിയിക്കേണ്ടതാണ്.

3. ടെണ്ടർ അംഗീകരിച്ച സ്ഥാപനത്തിന്റെ സാമ്പിളുകൾ വൈദഗ്ദ്ധ്യമുള്ള ഉദ്യോഗസ്ഥനെകൊണ്ട് പരിശോധിപ്പിച്ച് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരവും നേടിയിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ശുപാർശയില്ലാതെ പഞ്ചായത്ത് കമ്മിറ്റി ടെണ്ടർ അംഗീകരിച്ചത് എപ്രകാരമാണെന്ന് വ്യക്തമല്ല.

മേൽ സൂചിപ്പിച്ച കാര്യങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.33/21.9.2025) മറുപടി നൽകിയില്ല. അപാകതകൾ കാരണം ചെലവഴിച്ച **279000 രൂപ തടസ്സപ്പെടുത്തുന്നു.** സെക്യൂരിറ്റി ഡെപ്പോസിറ്റു ഒടുക്കാത്തതിനു വിശദീകരണം നൽകേണ്ടതും വാറന്റി/എ.എം.സി വിവരങ്ങൾ ലഭ്യമാക്കിയും ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. ലൈറ്റുകൾ സംബന്ധിച്ച രജിസ്റ്ററും പരിപാലിക്കേണ്ടതാണെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

1-33 മിനിമാസ്റ്റ് ഹൈമാസ്റ്റ് മെയിന്റനൻസ് പ്രോജക്ടിലെ അപാകതകൾ

പ്രോജക്ടിന്റെ പേര്, നമ്പർ	മിനിമാസ്റ്റ് ഹൈമാസ്റ്റ് മെയിന്റനൻസ് (323/25)
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
വകയിരുത്തൽ	₹400000 (വികസന ഫണ്ട്- ജനറൽ)
ചെലവ്	₹399989 ട്രഷറി ബിൽ നം. 24051152004101678785/24.3.2025-₹399989

പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ കേടായ ഹൈമാസ്റ്റ് ലൈറ്റുകൾ റിപ്പയർ ചെയ്യുന്നതിനാണ് ടെണ്ടർ ക്ഷണിച്ചത്. പ്രോജക്ടിന്റെ രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു-

1. ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. ഷാജഹാൻ കെ. ഐ, റിസാഫ് ലൈറ്റിംഗ് സൊല്യൂഷൻ, തൊടുപുഴ എന്ന സ്ഥാപനത്തിനാണ് പ്രവൃത്തി ഏല്പിച്ചത്. സ്ഥാപനവുമായി കരാരിലേർപ്പെട്ടതിൽ റിപ്പയർ നടത്തിയ ലൈറ്റുകളുടെയും സ്ഥാപിച്ച മറ്റ് അനുബന്ധ ഇലക്ട്രിക്കൽ സാധനങ്ങളുടെയും വാറന്റി ഉൾപ്പെടെയുള്ള കാര്യങ്ങൾ ഒന്നും സൂചിപ്പിച്ചിട്ടില്ല. സ്ഥാപനം സെക്യൂരിറ്റി ഡെപ്പോസിറ്റ് അടച്ചിട്ടില്ല.

2. ടെണ്ടർ അംഗീകരിച്ച സ്ഥാപനത്തിന്റെ സാമ്പിളുകൾ വൈദഗ്ദ്ധ്യമുള്ള ഉദ്യോഗസ്ഥനെകൊണ്ട് പരിശോധിപ്പിച്ച് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരവും നേടിയിട്ടില്ല.

3. ഫയലിനോടൊപ്പമുള്ള രേഖകൾ (ആധികാരികമാക്കിയതല്ല) പ്രകാരം അഞ്ച് ഹൈമാസ്റ്റ് ലൈറ്റുകളിലെ നാല് ലൈറ്റുകൾ വീതം മാറ്റി പുതിയത് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, 12 ഹൈമാസ്റ്റ് ലൈറ്റുകളിൽ ഒരു അഡീഷണൽ ലൈറ്റ് സ്ഥാപിച്ചിട്ടുണ്ട് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത ഹൈമാസ്റ്റ് ലൈറ്റുകൾ കേടായത് സംബന്ധിച്ച് പരാതിയോ, ലൈറ്റുകൾ നന്നാക്കിയതിന് ശേഷം ബന്ധപ്പെട്ട വാർഡ് മെമ്പറുടെ കത്തോ ഒന്നും തന്നെ സൂക്ഷിച്ചിട്ടില്ല. മാത്രമുവല്ല, ഇലക്ട്രിക് സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമല്ലാത്തതിനാൽ കേടായ ലൈറ്റുകളുടെ ഉപയോഗശൂന്യമായ സാധനങ്ങൾ (Scrap Materials) രജിസ്റ്ററിൽ രേഖപ്പെടുത്തിയതിന്റെ വിവരവും ലഭ്യമായിട്ടില്ല.

അപാകതകൾ സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.39/21.9.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. സെക്യൂരിറ്റി ഡെപ്പോസിറ്റ് കരാറികാരനിൽ നിന്നോ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒടുക്കാതെ കരാർ നൽകുന്നത് ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യുന്നു. മേൽ അപാകതകൾക്ക് രേഖാമൂലം വിശദീകരണം നൽകുന്നതുവരെ പ്രോജക്ടിന് ചെലവായ **399989 രൂപ തടസ്സപ്പെടുത്തുന്നു.**

1-34 പി.എച്ച്.സി. ആംബുലൻസ്-അനുവാദമില്ലാതെ വാങ്ങലുകളും അറ്റകുറ്റപ്പണികളും നടത്തി

2024-25 സാമ്പത്തിക വർഷം ആങ്ങമൂഴി പി.എച്ച്.സി. KL01 CQ 7459 ആംബുലൻസ് മെയിന്റനൻസ്, ഇൻഷ്വറൻസ് പദ്ധതിക്കായി (നം.47/25) 67,509 രൂപ ചെലവഴിക്കുകയുണ്ടായി. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു-

ക്രമ നം.	ചെലവ് ഇനം	തുക	ബിൽ നം., തീയതി
1	ആംബുലൻസ് മെയിന്റനൻസ്	**1093**	4500426618/19-07-2024
2	ആംബുലൻസ് മെയിന്റനൻസ്	**12226**	4500432604/20-07-2024
3	ആംബുലൻസ് ടയർ വാങ്ങിയത് (4 എണ്ണം)	**26800**	4500929666/21-11-2024
4	ആംബുലൻസ് മെയിന്റനൻസ്	**9095**	4501252923/30-01-2025

5	ആംബുലൻസ് മെയിന്റനൻസ്	**6349**	4501372643/24-02-2025
6	ആംബുലൻസ് ഇൻഷ്വറൻസ്	**11946**	4501683572/25-03-2025
	ആകെ	**67509**	

ആംബുലൻസ് മെയിന്റനൻസ് നടത്തിയിട്ടുള്ളതിന് ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നുള്ള അനുമതിയില്ലാതെയാണ്. ആംബുലൻസിന് ടയർ വാങ്ങിയതിന് 26800 രൂപ ചെലവഴിച്ചതിന് എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റോ, അനുവാദമോ വാങ്ങിയിട്ടുമില്ല. കൂടാതെ ക്വട്ടേഷനോ മറ്റ് നടപടിക്രമങ്ങളോ പാലിക്കാതെയാണ് ടയറുകൾ വാങ്ങിയിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.21/17-09-2025) അടിയന്തിര സാഹചര്യത്തിലാണ് ടെണ്ടർ/ക്വട്ടേഷൻ കൂടാതെ ടയറുകൾ വാങ്ങിയിട്ടുള്ളതെന്നും ആംബുലൻസ് സംബന്ധമായ അറ്റകുറ്റപ്പണികളും വാങ്ങലും അംഗീകാരമില്ലാതെയാണ് നടത്തിയിട്ടുള്ളതെന്ന് അറിയില്ലായിരുന്നുവെന്നും നിലവിൽ ജില്ലാമെഡിക്കൽ ഓഫീസ് ഫോർമാന്റെ അനുമതിയോടുകൂടിയാണ് അറ്റകുറ്റപണികൾ നടത്തുന്നതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
വാഹന സംബന്ധമായ വാങ്ങലുകളും അറ്റകുറ്റപ്പണികളും ഇതുമായി ബന്ധപ്പെട്ട ക്ഷമതയുള്ള ഉദ്യോഗസ്ഥരുടെ അനുവാദത്തോടുകൂടി മാത്രമേ നടത്താവു എന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

1-35 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ - ടെണ്ടർ നടപടിക്രമങ്ങളിലെ അപാകത

പ്രോജക്ടിന്റെ പേര്, നമ്പർ	വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ (43/25)
നിർവ്വഹണ ഉദ്യോഗസ്ഥ	ഐ.സി.ഡി.എസ് സൂപ്പർവൈസർ
വകയിരുത്തൽ	₹848250 (വികസന ഫണ്ട്- ജനറൽ)
ചെലവ്	₹168000 ട്രഷറി ബിൽ നം. 24051152004901703964/25.3.2025

പ്രോജക്ടുമായി ബന്ധപ്പെട്ട് 8.1.2024-ൽ ക്ഷണിച്ച ടെണ്ടർ പ്രകാരം 4 ടെണ്ടറുകൾ ലഭിച്ചു. പ്രൊക്യൂർമെന്റ് കമ്മിറ്റിക്ക് പ്രസ്തുത നാല് കട്ടിൽ സാമ്പിളുകളിൽ ആഞ്ഞിലി തടിയുടെ ഗുണമേന്മ കുറവാണെന്ന് ബോദ്ധ്യപ്പെട്ടു (11.2.25-ലെ മിനിട്ട്സ്). 11.2.2025-ലെ 2(3)-ാം നമ്പർ തീരുമാനം പ്രകാരം തേക്ക്, ആഞ്ഞിലി എന്നിവയുടെ കട്ടിൽ നൽകാനാണ് ടെണ്ടറിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ആരും തേക്ക് തടിയുടെ നിരക്കും സാമ്പിളും ലഭ്യമാക്കിയില്ല എന്നും ആഞ്ഞിലിതടിയുടെ സാമ്പിളുകളിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി അതൃപ്തി രേഖപ്പെടുത്തിയതിനാൽ തേക്ക്/ അക്വേഷ്യ/മഹാഗണി എന്നിവ ഉൾപ്പെടുത്തി റീടെണ്ടർ ചെയ്യാൻ തീരുമാനിച്ചു. റീടെണ്ടറിൽ 5 സ്ഥാപനങ്ങളുടെ ടെണ്ടർ ചുവടെ പറയും പ്രകാരം ലഭിച്ചു.

Sl. No.	Name	Amount
1	ARTCO Limited, Kozhikode	3750
2	Bharat Business Lines, Kozhikode	4394
3	We Store Enterprises, Cherpulassery	3970
4	MH Agencies, Pala	4200
5	Kerala SIDCO Limited, Thiruvananthapuram	3800

മേൽ പട്ടികയിലെ ക്രമ നം. 2,4,5 എന്നിവയിൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങൾ അവയുടെ സാമ്പിളുകൾ 6.3.2025-ന് പരിശോധനയ്ക്ക് ഹാജരാക്കി. ഇതിൽ Kerala SIDCO Limited എന്ന സ്ഥാപനം ഹാജരാക്കിയ കട്ടിൽ പോളിഷ് ചെയ്തതായതിനാൽ ഏത് ഇനം തടിയാണെന്ന് വ്യക്തമല്ലായിരുന്നു. മറ്റ് രണ്ട് സ്ഥാപനങ്ങൾ സാമ്പിളുകളിൽ ഗുണമേന്മയുള്ളതും താരതമ്യേന വിലക്കുറവുമായ (4200 രൂപ) എം.എച്ച് ഏജൻസീസ്, പാലാ എന്ന സ്ഥാപനത്തിന്റെ അക്വേഷ്യ തടി നിർമ്മിത കട്ടിലിന് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 6.3.2025-ലെ ശുപാർശയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മിറ്റിയുടെ 6.3.2025-ലെ 2(1)-ാം നമ്പർ തീരുമാനം പ്രകാരം തെരഞ്ഞെടുത്തു. തടി നിർമ്മിത ഉത്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കാനുള്ള സാങ്കേതിക വൈദഗ്ദ്ധ്യം പ്രൊക്യൂർമെന്റ് കമ്മിറ്റിയ്ക്കോ ജനറൽ കമ്മിറ്റിയ്ക്കോ ഇല്ല. ഈ മേഖലയിലെ (വനം വന്യജീവി വകുപ്പ്) ഉദ്യോഗസ്ഥരെകൊണ്ട് ഗുണമേന്മ പരിശോധന നടത്തി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ശുപാർശയുടെ പിൻബലത്തിൽ വേണം ജനറൽ കമ്മിറ്റി തീരുമാനം എടുക്കേണ്ടത്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.28/20.9.2025) നടപടിക്രമങ്ങളിലെ അജ്ഞത മൂലമാണ് അപാകതകൾ സംഭവിച്ചത് എന്ന നിർവ്വഹണ ഉദ്യോഗസ്ഥയുടെ മറുപടി അംഗീകരിക്കുന്നില്ല. സ്ഥാപനം സപ്ലൈ ചെയ്ത 40 കട്ടിലുകളും പൂർണ്ണമായി വിതരണം ചെയ്തിട്ടുണ്ട്. ടെണ്ടർ നടപടിക്രമങ്ങളിലെ അപാകതകളുടെ വെളിച്ചത്തിൽ **168000 രൂപ തടസ്സപ്പെടുത്തുന്നു.**

1-36 ലൈഫ് ഭവന പദ്ധതി- ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല

ലൈഫ് ഭവന പദ്ധതിക്കായി മുൻ വർഷങ്ങളിൽ ആനുകൂല്യം കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ നിലവിലും ഭവന നിർമ്മാണം പൂർത്തിയാക്കുകയോ മുഴുവൻ ആനുകൂല്യം കൈപ്പറ്റുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ പേര് വിലാസം	വാർഡ് നം.	കൈപ്പറ്റിയ തുക	ആദ്യ ഗഡു നൽകിയത്
1	മാധവിയമ്മ, മേലേടത്ത്, സീതത്തോട്	11	40000	2022-23 (03-03-23)
2	അനിൽകുമാർ, ആലഞ്ചേരിൽ, മൂന്നുകല്ല്	12	40000	,, (10-03-23)
3	രവീന്ദ്രൻ, കണിപ്പറമ്പിൽ, അള്ളുങ്കൽ	13	40000	,, (10-03-23)
4	പ്രസാദ്, പുത്തൻപുരയ്ക്കൽ, കമ്പിലൈൻ	6	40000	,, (23-03-23)
5	ഫിലിപ്പ്, ചരിവുകാലായിൽ, ആങ്ങമൂഴി	4	40000	,, (23-03-23)
6	മൃണാളിനി, പുത്തൻവീട്ടിൽ, കൊച്ചുകോയിക്കൽ	അവസാന ഗഡു കൈപ്പറ്റി 20 മാസങ്ങൾക്ക് ശേഷവും	6	40000 ,, (23-03-23)

7	രജനി റ്റി.ആർ, താന്നിയ്ക്കൽ, ആങ്ങമൂഴി	4	40000	,, (23-03-23)
8	സജി. കെ.വി. പാറക്കലേത്ത്, ആങ്ങമൂഴി	12	40000	2024-25 (11-07-2024)
9	ജിജി സ്കറിയ, എള്ളുംകാലായിൽ, വാലുപാറ	10	40000	2022-23 (23-03-23)
10	ജാനമ്മ, നെയ്തടത്തിൽ, കൊച്ചുകോയിക്കൽ	7	300000	2022-23
11	രത്നമ്മ, തേമ്പാവുംമൂട്ടിൽ, അള്ളുങ്കൽ	13	40000	2022-23 (23-03-23)
12	റോസമ്മ, കോട്ടയ്ക്കൽ, ഗുരുനാഥൻമണ്ണ്	9	40000	2022-23 (23-03-23)
13	സുമ കെ.എം, കണിപ്പറമ്പിൽ, സീതത്തോട്	11	360000	,,
14	ചെല്ലമ്മ, അഞ്ചുപ്ലാക്കൽ, വാലുപാറ	5	360000	,,
15	മറിയാമ്മ മാത്യു, പുത്തൻ പറമ്പിൽ, കോട്ടക്കുഴി	8	350000	2022-23
16	ശ്യാമള പണിക്കർ, കൃഷ്ണ നിവാസ്, കമ്പിലൈൻ	6	360000	,,
17	റേച്ചൽ തോമസ്സ്, പമ്പുമോടിയിൽ, വാലുപാറ	5	40000	,, (23-03-23)
18	ശിവൻ കുട്ടി, പ്ലാമൂട്ടിൽ, മൂന്ന്കല്ല്	12	40000	2023-24 (27-06-23)
19	പ്രസന്ന പി.റ്റി, പുത്തൽവീട്ടിൽ, കമ്പിലൈൻ	6	200000	2023-24 (27-06-23)
20	മീനാക്ഷി, സ്മിത ഭവൻ, ആങ്ങമൂഴി	9	40000	2023-24 (27-06-23)
21	സുമതി സുരേഷ്, കളീയ്ക്കലേത്ത്, കോട്ടക്കുഴി	8	340000	,,
22	സോമവല്ലി, കല്ലറയ്ക്കൽ	11	360000	2024-25 (11-07-2024)
23	രതിഷ് കെ, കടമ്മനിട്ട, പാലത്തടിയാർ	2	330000	,,
24	ഓമനക്കുട്ടൻ, വലിയകാലായിൽ, വാലുപാറ	5	200000	2023-24
25	ഷീല പി, മൂത്തേടത്ത് താഴേതിൽ, സീതക്കുഴി	10	300000	2024-25 (30-08-2024)

2022-23 സാമ്പത്തിക വർഷം മുതൽ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളാണ് ഭവന നിർമ്മാണം പൂർത്തീകരിക്കാനുള്ളത്. അതിൽ 14 ഗുണഭോക്താക്കളാകട്ടെ അഡ്വാൻസായി ആദ്യഗഡു കൈപ്പറ്റിയിട്ട് നാളിതുവരെ നിർമ്മാണം ആരംഭിക്കാത്തവരുമാണ്. ആനുകൂല്യം കൈപ്പറ്റി നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിക്കാതിരുന്നതിന്റെ കാരണവും ഭവന നിർമ്മാണം പൂർത്തികരിക്കാൻ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങളും അറയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.19/17-09-2025), ഗുണഭോക്താക്കളെല്ലാംതന്നെ നിർമ്മാണത്തിന്റ വിവിധ ഘട്ടങ്ങളിലാണെന്നുള്ള മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥയായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ലഭ്യമാക്കിയിട്ടുള്ളത്. ഭവന നിർമ്മാണം ആരംഭിക്കാത്തവർക്കെതിരെയോ, പൂർത്തിയാക്കവർക്കെതിരെയോ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചാതായുള്ള വിവരം ഇല്ല. ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വികരിക്കുവാൻ ഓഡിറ്റ് നിർദ്ദേശിക്കുന്നു.

1-37 ഭവന പുനരുദ്ധാരണം- അഡ്വാൻസ് കൈപ്പറ്റിയവർ പണി പൂർത്തിയാക്കിയില്ല

ഭവന പുനരുദ്ധാരണത്തിനായി (പ്രോജക്ട് നം.107/25) ആനുകൂല്യം കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ പണി പൂർത്തിയാക്കി അവസാന ഗഡു നാളിതുവരെ കൈപ്പറ്റിയിട്ടില്ല. 50,000 രൂപയാണ് ഒരു ഗുണഭോക്താവിനായി വകയിരുത്തിയിരുന്നത്.

ക്രമ നം.	ഗുണഭോക്താവിന്റെ പേര് വിലാസം	വാർഡ് നം.	കൈപ്പറ്റിയ തുക	വർഷം
1	മോഹനൻ, അറയിക്കൽ ആങ്ങമൂഴി	4	25000	2024-25
2	കുട്ടപ്പൻ, പള്ളിക്കൽ, സീതത്തോട്	11	25000	,,
3	മാത്യു ചെറിയാൻ, പാലിയേക്കര, സീതത്തോട്	8	25000	,,
4	നളിനി എം, ബിന്ദു നിവാസ്, ഗരുനാഥൻമണ്ണ്	9	25000	,,
5	പ്രേമ പി.ജി. പുഷ്പ വിലാസം, ആങ്ങമൂഴി	4	25000	,,
6	സ്കറിയ വർഗിസ്, കണ്ണൻപാറ, കൊച്ചുകോയിക്കൽ	7	25000	,,
7	സണ്ണിക്കുട്ടി പി.ജി. പ്ലാവില കിഴക്കേതിൽ, ആങ്ങമൂഴി	4	25000	,,

8	ശ്യാമള എസ്. നായർ, കൈമൂട്ടിൽ, സീതത്തോട്	11	25000	,,

മേൽ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന പുനരുദ്ധാരണം പൂർത്തീകരിക്കാതിരുന്നതിന്റെ കാരണവും ഭവന നിർമ്മാണം പൂർത്തികരിക്കാൻ സ്വീകരിച്ച തുടർ നടപടികളും ഓഡിറ്റിൽ ലഭ്യമാക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥയായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/17-09-2025), ഗുണഭോക്താക്കളെല്ലാം തന്നെ നിർമ്മാണം പൂർത്തീകരിച്ചു എന്ന മറുപടി ലഭ്യമാക്കിയെങ്കിലും ആയത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. നിർമ്മാണം പൂർത്തീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-38 സാനിട്ടറി പാഡ് ഡിസ്ട്രോയർ സ്ഥാപിച്ചിട്ടില്ല

പ്രോജക്ടിന്റെ പേര്, നമ്പർ	പഞ്ചായത്ത് ഓഫീസിൽ സാനിട്ടറി പാഡ് ഡിസ്ട്രോയർ സ്ഥാപിക്കൽ (214/25)
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
വകയിരുത്തൽ	₹100000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ്	₹67700 ബിൽ നം. 69/27.6.2024 - ₹64900 ബിൽ നം. 427/6.2.2025 - ₹2800

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നിർവ്വഹിച്ച പ്രസ്തുത പ്രോജക്ടിന്റെ രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു-

1. 18.9.2023-ന് ക്ഷണിച്ച ടെണ്ടർ പ്രകാരം ചുവടെ പറയുന്ന സ്ഥാപനങ്ങൾ ടെണ്ടർ നൽകി

എ) Blaze Hygenic Devices Pvt. Ltd, കൊച്ചി - 28320, 39530, 64900

ബി) ARTCO Ltd, ആലപ്പുഴ – 30335, 42126, 68764

25.9.2023-ലെ 1(3)-ാം നമ്പർ തീരുമാനം പ്രകാരം Blaze Hygenic Devices Pvt. Ltd ക്വോട്ട് ചെയ്ത് 64900 രൂപ വിലയുള്ള സാനിട്ടറി പാഡ് ഡിസ്ട്രോയർ വാങ്ങാൻ തീരുമാനിച്ചു. എന്നാൽ, 29.2.2024-ൽ മാത്രമാണ് സ്ഥാപനവുമായി കരാരിലേർപ്പെട്ടത്. കരാരിൽ സ്ഥാപിക്കുന്ന ഉപകരണത്തിന്റെ വാറന്റി, തുടർന്നുള്ള സേവനങ്ങൾ ലഭ്യമാക്കൽ എന്നിവയെ സംബന്ധിച്ച് ഒന്നും രേഖപ്പെടുത്തിയിട്ടില്ല.

2. 3.3.2024-ൽ സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകിയിട്ടുള്ളതാണ്. എന്നാൽ, ഡിസ്ട്രോയർ സ്ഥാപിച്ചതിന്റെ ബിൽ/സർട്ടിഫിക്കറ്റ് ഒന്നും തന്നെ ലഭ്യമല്ല. ആയതിനാൽ ഡിസ്ട്രോയർ എന്നാണ് സ്ഥാപിച്ചത് എന്നത് വ്യക്തമല്ല.

3. പ്രസ്തുത ഉപകരണം പ്രവർത്തിക്കാൻ ആവശ്യമായ വയറിംഗ് സജ്ജീകരണങ്ങൾക്ക് ആര്യപ്പള്ളിൽ ഇവന്റ്സ് ആന്റ് സൗണ്ട്സിന് 6.2.2025-ൽ 2800 രൂപ നൽകി പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ, നാളിതുവരെയും സാനിട്ടറി പാഡ് ഡിസ്ട്രോയർ പ്രവർത്തനക്ഷമമായിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.38/21.9.2025) മറുപടി നൽകിയില്ല. ഈ സാഹചര്യത്തിൽ ഡിസ്ട്രോയർ പ്രവർത്തനക്ഷമമാക്കുന്നത് വരെയും മേൽ സൂചിപ്പിച്ചിട്ടുള്ള രേഖകൾ ഓഡിറ്റ് ഹാജരാക്കുന്നത് വരെയും ചെലവഴിച്ച **67700 രൂപ തടസ്സപ്പെടുത്തുന്നു.**

1-39 അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകിയില്ല

പ്രോജക്ടിന്റെ പേര്, നമ്പർ	പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (5/25)
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് സെക്രട്ടറി
വകയിരുത്തൽ	₹200000 (വികസന ഫണ്ട്- എസ്.സി.പി)
ചെലവ്	₹200000 ട്രഷറി ബിൽ നം. 24051152004201171838/14.1.2025 - ₹100000 ട്രഷറി ബിൽ നം. 24051152004201447076/6.3.2025 - ₹100000

പതിനാലാം പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖ (സ.ഉ (കൈ.) 115/2022/തസ്വഭവ തീയതി 28.5.2022) പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരോ, കേന്ദ്ര സർക്കാരോ, സർക്കാരുകൾ ചുമതലപ്പെടുത്തിയ ഏജൻസികൾ നടത്തുന്നതായ എല്ലാതരം കോഴ്സുകളിലേക്കും പ്രവേശനം ലഭിച്ച് പഠനം നടത്തി വരുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് കാലാവധി വരെയുള്ള എല്ലാ വർഷത്തിലും ഒരു നിശ്ചിത നിരക്കിൽ സ്കേളർഷിപ്പ് നൽകാവുന്നതാണ്. ഓഡിറ്റ് വർഷം വിദ്യാർത്ഥികൾക്ക് അവരർഹിക്കുന്ന നിരക്കിൽ സ്കോളർഷിപ്പ് നൽകിയിട്ടില്ല. വിവരം ചുവടെ ചേർക്കുന്നു-

ക്രമ നം.	വിദ്യാർത്ഥിയുടെ പേര്	കോഴ്സ്	നൽകിയ തുക	നൽകാവുന്ന തുക
1	അഞ്ജലി ജയൻ	B.Sc Nursing ആന്ധ്ര പ്രദേശ്	20000	50000
2	അഭിരാമി	B.Sc Nursing ആന്ധ്ര പ്രദേശ്	20000	50000
3	അശ്വതി ജയൻ	B.Sc Nursing ആന്ധ്ര പ്രദേശ്	20000	50000
4	അമൃത് ശ്രീകുമാർ	BBA	20000	25000
5	മിഥുൻ മോഹനൻ	B.Tech	20000	25000
6	ശില്പാ	MBA	20000	30000

	യശോധരൻ			
7	ശരത് യശോധരൻ	M.Com	20000	30000
8	കൃഷ്ണേന്ദു റ്റി. എ.	B.Sc Nursing കർണ്ണാടക	20000	50000

പദ്ധതി പ്രകാരം ലഭ്യമാക്കാൻ കഴിയാവുന്ന പരമാവധി അനുകൂല്യം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പ്രോജക്ടുകൾക്ക് എസ്.സി.പി ഫണ്ടിനോപ്പം വികസന ഫണ്ട്-ജനറൽ, തനത് ഫണ്ട് ഉൾപ്പെടെയുള്ള മറ്റ് ഫണ്ടുകളും വകയിരുത്തേണ്ടതാണ്.

1-40 കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു

2024-25 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി മരുന്നുകൾ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് (KMSCL) തുക കൈമാറിയതിൽ, 6,71,997 രൂപയുടെ മരുന്നുകൾ ലഭിക്കുവാനുണ്ട്. വിവിധ പദ്ധതികൾ പ്രകാരം തുക ഒടുക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ട് നം.	പദ്ധതി	ചെലവഴിച്ച തുക/ പ്രോഫോർമ ഇൻവോയ്സ് നം./ തീയതി	ബിൽ നം.തീയതി
1	97/25	ട്രൈബൽ വിഭാഗങ്ങൾക്ക് മരുന്ന്, പ്രോട്ടീൻ നൽകൽ	₹1,77,834 PRF 3351/31-03-25 PRF 2662/04-01-25	1288618/06-02-25 1127604/04-01-25
2	39/25	എഫ്.എച്ച്.സിയ്ക്ക് മരുന്നു വാങ്ങൽ	₹4,50,454 PRF 2682/26-12-24	1127598/04-01-25
3	41/25	പെയിൻ & പാലിയേറ്റീവ് കെയർ	₹43,709 PRF 3902/27-02-2025	1420713/04-013-25

മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/15-09-2025), മരുന്നുകൾ ലഭ്യമാക്കുവാൻ സ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ടെന്നുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരുന്നിന്റെ ലഭ്യത വിവരം ഉറപ്പാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-41 ഓട്ടോമാറ്റിക് തെരുവുവിളക്ക് സ്ഥാപിക്കൽ പ്രോജക്ടിലെ അപാകതകൾ

പ്രോജക്ടിന്റെ പേര്, നമ്പർ	ഓട്ടോമാറ്റിക് തെരുവുവിളക്ക് സ്ഥാപിക്കൽ (322/25)
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
വകയിരുത്തൽ	₹400000 (വികസന ഫണ്ട്- ജനറൽ)
ചെലവ്	₹398970 ട്രഷറി ബിൽ നം. 24051152004101678788/24.3.2025-₹398970

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രസ്തുത പ്രോജക്ടിന്റെ രേഖകൾ ഹാജരാക്കിയതിൽ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു-

1. ടെണ്ടർ ക്ഷണിച്ചത് പ്രകാരം മൂന്ന് പേരാണ് ടെണ്ടർ സമർപ്പിച്ചത്-

എ) ശ്രീ. ടി കെ വിനോദ്, തടത്തിൽ, കുഴിമറ്റം പി.ഒ, കോട്ടയം

ബി) ശ്രീ. അനിൽകുമാർ കെ, മുരിക്കനാട്ടിൽ, മഞ്ഞാടി പി.ഒ, തിരുവല്ല

സി) സോൾ യുണൈറ്റഡ് എനർജീസ്, തൊടുപുഴ

ഓട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റുകൾ വാങ്ങുന്നതിന് ടിയാളുകൾ യഥാക്രമം 4290/-, 4800/-, 4900/- രൂപ എന്നീ നിരക്കുകളാണ് ക്വോട്ട് ചെയ്തിട്ടുള്ളത്. ശ്രീ. ടി കെ വിനോദ് എന്നയാളിന്റെ ടെണ്ടറാണ് പഞ്ചായത്ത് കമ്മിറ്റിയുടെ 11.2.2025-ലെ 2(2) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചത്. എന്നാൽ ടിയാളുമായി ഏർപ്പെട്ടിട്ടുള്ള കരാറിൽ (തീയതി 5.3.2025) രേഖപ്പെടുത്തലുകൾ ഒന്നും തന്നെ ഇല്ല. ടിയാൾക്ക് വർക്ക് ഓർഡർ (12.2.2025-ന്) നൽകിയതിന് ശേഷമാണ് കരാറിലേർപ്പെട്ടിട്ടുള്ളത് എന്നതും ക്രമപ്രകാരമല്ല.

2. പ്രസ്തുത രണ്ട് വ്യക്തികളും ഇ.എം.ഡി-യും കരാർ ലഭിച്ച വ്യക്തി സെക്യൂരിറ്റി ഡെപ്പോസിറ്റും അടച്ചതിന്റെ രേഖകളില്ല.

3. ടെണ്ടർ അംഗീകരിച്ചതിനെ തുടർന്ന് ശ്രീ. ടി കെ വിനോദിന് 12.2.2025-ൽ വർക്ക് ഓർഡർ നൽകിയിട്ടുണ്ടെങ്കിലും സാധനം സപ്ലൈ ചെയ്തതിന്റെയും ലൈറ്റുകൾ ഇൻസ്റ്റാൾ ചെയ്തതും സംബന്ധിച്ച കേരള സംസ്ഥാന വൈദ്യുത ബോർഡിന്റെ ഉൾപ്പെടെയുള്ള രേഖകൾ ഒന്നും ലഭ്യമല്ല.

4. പ്രസ്തുത പ്രോജക്ട് ആവിഷ്കരിച്ചപ്പോൾ ആവശ്യകതാ നിർണ്ണയം നടത്തിയിട്ടാണോ സാധനങ്ങൾ വാങ്ങിയിട്ടുള്ളത് എന്നത് വ്യക്തമല്ല. പ്രോജക്ടിന്റെ മോണിട്ടറിംഗ് രേഖകളും ലഭ്യമല്ല.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.37/21.9.2025) മറുപടി നൽകിയിട്ടില്ല. പ്രോജക്ട് നടപ്പിലാക്കിയതിന്റെ രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച **398970 രൂപ നിരാകരിക്കുന്നു.**

1-42 ശബരിമല ഗ്രാന്റ് - കൃത്യമായ വിനിയോഗവിവരം സൂക്ഷിക്കുന്നില്ല

വാർഷിക ധനകാര്യപത്രിക ഷെഡ്യൂൾ ബി-4ൽ ശബരിമല ഗ്രാന്റിനത്തിൽ 3373496 രൂപ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഗ്രാന്റിൽ നിന്നും തൻവർഷം തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
1873496	1500000	3373496	0	3373496

2024-25 സാമ്പത്തികവർഷത്തിൽ നടപ്പാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികൾക്ക് തനതുഫണ്ട് വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്.

പ്രോജക്ട് നം. /പേര്	നിർവ്വഹണോദ്യോഗസ്ഥൻ	അടങ്കൽ	ചെലവ്
8/25, ശബരിമല ഇടത്താവളം അടിസ്ഥാന സൗകര്യമൊരുക്കൽ	സെക്രട്ടറി	₹1500000 (തനതുഫണ്ട്)	780782
247/25, ആങ്ങമൂഴി ഇടത്താവളം തറയോട് പാകൽ	അസിസ്റ്റന്റ് എഞ്ചിനീയർ	₹400000 (തനതുഫണ്ട്)	391981
244/25, ശബരിമല തീർത്ഥാടനം പഞ്ചിപ്പാറ ഇടത്താവളം തുടർപണികൾ	അസിസ്റ്റന്റ് എഞ്ചിനീയർ	₹707000 (തനതുഫണ്ട്)	678559
ആകെ			**1851322**

തനതുഫണ്ട് സൂക്ഷിക്കുന്ന ട്രഷറി അക്കൗണ്ടിൽത്തന്നെയാണ് ശബരിമലഗ്രാന്റും സൂക്ഷിക്കുന്നതെന്നതിനാൽ ഈ പദ്ധതികൾക്കായി ശബരിമലഗ്രാന്റാണോ വിനിയോഗിച്ചിരിക്കുന്നത് എന്നതിന്റെ വിവരവും ശബരിമലഗ്രാന്റ് വകയിരുത്തി മറ്റ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കാനായി ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം.16/16.09.2025) ലഭ്യമാക്കിയ മറുപടിയിൽ ഈ പദ്ധതികൾ ഉൾപ്പെടെ ആകെ 1866066 രൂപ ശബരിമലഗ്രാന്റിൽ നിന്ന് ചെലവഴിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ചെലവഴിക്കേണ്ട തുകയാണ് ഗ്രാന്റായി ലഭ്യമാകുന്നത്. ഈ ആവശ്യങ്ങൾക്കായി തുക ചെലവഴിക്കുന്നുണ്ടെങ്കിലും ആയത് ശബരിമലഗ്രാന്റിനത്തിലെ ചെലവായി കണക്കുകളിൽ ഉൾപ്പെടുത്തുന്നില്ല. ആയതിനാൽ ഗ്രാന്റ് തുകയുടെ യഥാർത്ഥ വരവുചെലവുകണക്കുകൾ പരിശോധിച്ചുറപ്പാക്കാൻ സാധിച്ചിട്ടില്ല. ശബരിമലഗ്രാന്റിന്റെ വരവുചെലവുകൾ കൃത്യമായി രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ചെലവുകൾ യഥാർത്ഥ ശീർഷകത്തിൽ ഉൾപ്പെടുത്തി കണക്കുകൾ കൃത്യമാക്കേണ്ടതുമാണ്.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 08/05/2024-ലെ യോഗത്തിലെ തീരുമാനം നം.2 (2) പ്രകാരം, 2022-23 വർഷം ലഭിച്ച ശബരിമല ഫണ്ടിൽ മിച്ചമുള്ള 11,87,795 രൂപയും 2023-24 വർഷം ലഭിച്ച ശബരിമല ഫണ്ടിൽ മിച്ചമുള്ള 6,85,701 രൂപയും ഉൾപ്പെടെ 18,73,496 രൂപ മാത്രം നിലനിർത്തിക്കൊണ്ട് തനത് ഫണ്ട് അക്കൗണ്ട് ക്രമപ്പെടുത്തുന്നതിനും 2023-24 വരെ വകമാറ്റി/ശീർഷകം മാറ്റി ചെലവഴിക്കപ്പെട്ടിട്ടുള്ള 47,77,219 രൂപ അക്കൗണ്ട്സ്/കണക്കുകളിൽ നിന്നും മാറ്റിനിർത്തുന്നതിനുള്ള നടപടി സാധൂകരിച്ച് ലഭിക്കുന്നതിനായി ബഹു. സർക്കാരിനോട് അപേക്ഷിച്ച് കൊണ്ടും മേൽ തീരുമാനം ജനറൽ കമ്മിറ്റിയുടെ അംഗീകാരത്തോടെ ബഹു.സർക്കാരിലേക്ക് അപേക്ഷ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനു സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ടും യോഗം തീരുമാനിച്ചിട്ടുണ്ട്. ഇതിന്മേൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ടിരുന്നു. ഇതിന്മേൽ നിലവിൽതുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ല എന്നും അടിയന്തരമായി നടപടികൾ സ്വീകരിക്കുന്നതാണെന്നുമാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്.

മേൽ സൂചിപ്പിച്ച വിഷയങ്ങൾ തുടർനടപടികൾക്കായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു.

1-43 എസ്.എസ്.കെ - ഡിമാന്റ് വിനിയോഗ വിവരങ്ങൾ ലഭ്യമല്ല

പ്രോജക്ടിന്റെ പേര്, നമ്പർ	എസ്.എസ്.കെ വിഹിതം നൽകൽ (3/25)
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
വകയിരുത്തൽ	₹10,00,000 (വികസന ഫണ്ട്- ജനറൽ)
ചെലവ്	₹10,00,000 ട്രഷറി ബിൽ നം. 24051152004100650204/10.9.2024

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്ട് പ്രകാരം 10,00,000 രൂപ ബി.ആർ.സി പത്തനംതിട്ടയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ, പ്രസ്തുത തുക ആവശ്യപ്പെട്ടുള്ള ഡിമാന്റ് നോട്ടീസ്, ഇനം തിരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭിച്ചില്ല. പ്രസ്തുത രേഖകൾ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.40/21.9.2025) മറുപടി ലഭ്യമായില്ല. ആയതിനാൽ ചെലവു തുകയായ **10,00,000 രൂപ തടസ്സപ്പെടുത്തുന്നു.** വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-44 നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല

വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപ പ്രവൃത്തികൾക്കായി തുക ഒടുക്കുന്നുണ്ടെങ്കിലും സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം ഈയിനത്തിൽ 1.59 കോടി രൂപ ക്രമീകരിക്കാൻ ശേഷിക്കുന്നു. ഷെഡ്യൂൾ ബി-18 പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഏജൻസി	ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക
കേരള വാട്ടർ അതോറിറ്റി	1569261
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്	5570523
കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്	8268899
ഭൂജല വകുപ്പ്	506447
ആകെ	**1,59,15,130**

വിവിധ ഏജൻസികളിൽ നിക്ഷേപിച്ചിട്ടുള്ളതും ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയുടെ കൃത്യത തെളിയിക്കുന്നതിനാവശ്യമായ രേഖകളോ രജിസ്റ്ററുകളോ പരിപാലിക്കുന്നില്ല. നിക്ഷേപപ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/15.09.2025) ലഭ്യമാക്കിയ മറുപടിയിൽ നിർവ്വഹണ ഏജൻസികളിൽ നിന്ന് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് അടിയന്തരനടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. നിക്ഷേപ പ്രവൃത്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം നിരീക്ഷിക്കേണ്ടതുമാണ്. ഭരണസമിതിയുടെ പ്രത്യേകശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

1-45 ജൽജീവൻ പദ്ധതി അവലോകനം

എല്ലാ ഗ്രാമീണ വീടുകളിലും വ്യക്തിഗത ഭവന കുടിവെള്ള കണക്ഷനിലൂടെ സുരക്ഷിതവും മതിയായതുമായ കുടിവെള്ളം 2024-ഓടെ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ജലജീവൻ മിഷൻ പദ്ധതി. ഇതിലൂടെ ജലസംരക്ഷണം, മഴവെള്ള സംഭരണം, റീചാർജ് ചെയ്യൽ, പുനരുപയോഗം തുടങ്ങിയ കാര്യങ്ങൾക്ക് പ്രാധാന്യം നൽകുന്നു.

ജലജീവൻ മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ ഇവയാണ്

• ഓരോ ഗ്രാമീണ ഭവനത്തിലും വ്യക്തിഗത ഭവന കുടിവെള്ള കണക്ഷൻ (Functional Household Tap Connection - FHTC) നൽകുക.

• ജലത്തിന്റെ സുസ്ഥിരത ഉറപ്പാക്കുക.

• ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുക.

• ജലവുമായുള്ള കമ്മ്യൂണിറ്റി സമീപനം പ്രോത്സാഹിപ്പിക്കുക.

• വിവരവിനിമയം, വിദ്യാഭ്യാസം, ആശയവിനിമയം എന്നിവയിലൂടെ ബോധവൽക്കരണം നടത്തുക.

ഗ്രാമീണ കുടുംബങ്ങൾ മാത്രമല്ല, പൊതുസ്ഥാപനങ്ങളായ സ്കൂളുകൾ, അംഗനവാടികൾ, ആരോഗ്യ കേന്ദ്രങ്ങൾ, വെൽനസ് സെന്ററുകൾ തുടങ്ങിയവയ്ക്കും മതിയായ പരിഗണന പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തുല്യ പങ്കാളിത്തത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഗ്രാമപഞ്ചായത്തിലെ Functional Household Tap Connection (FHTC) പ്രവർത്തനങ്ങൾക്കായി എക്സിക്യുട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി-പത്തനംതിട്ടയും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും മൂന്നാം കക്ഷിയായി മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റി എന്ന സ്ഥാപനവും തമ്മിലുള്ള ത്രികക്ഷി കരാറിലേർപ്പെട്ടിട്ടുണ്ട്. എസ്റ്റിമേറ്റിന്റെ വിശദാംശങ്ങൾ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.4/10.9.2025) നൽകിയിട്ടും മറുപടി നൽകിയിട്ടില്ല. 4690 ഗുണഭോക്തൃ കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ നൽകാനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്.

ആകെ പദ്ധതി തുകയുടെ 45% കേന്ദ്ര ഗവൺമെന്റ് വിഹിതവും 30% സംസ്ഥാന ഗവൺമെന്റ് വിഹിതവും 15% ഗ്രാമപഞ്ചായത്ത് വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമാണ്. 23,92,00,000 രൂപ അടങ്കലുള്ള പദ്ധതി നടത്തിപ്പിനായി ഗ്രാമപഞ്ചായത്ത് വിഹിതമായി വകയിരുത്തിയിരിക്കുന്നത് 35880000 രൂപയാണെങ്കിലും തുകയൊന്നും നിലവിൽ നൽകിയിട്ടില്ല.

വാട്ടർ ടാങ്കും മോട്ടോറും സ്ഥാപിക്കുന്നതിനായി സ്ഥലം വാങ്ങിയിട്ടുണ്ടെങ്കിലും വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ഇതുവരെ 29.3 കിലോമീറ്റർ പൈപ്പ് ലൈനുകൾ സ്ഥാപിച്ചിട്ടുണ്ട്. സ്ഥാപിക്കുന്നതിന് ഇളക്കിയ റോഡുകളെല്ലാം തന്നെ പൂർവ്വസ്ഥിതിയിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല എന്ന് ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പറഞ്ഞിട്ടുള്ളത്.

ധനകാര്യ വകുപ്പിന്റെ 10-08-2020-ലെ സ.ഉ (സാധാ) 4584/2020/ധനം പ്രകാരം ജലജീവൻ പദ്ധതിയിൽ പഞ്ചായത്ത് വിഹിതവും ഗുണഭോക്തൃവിഹിതവും കണ്ടെത്തുവാൻ കഴിയാതെ വരുന്ന പഞ്ചായത്തുകൾക്ക് എം.എൽ.എ-മാരുടെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സാധ്യത ഗ്രാമപഞ്ചായത്തിന് പ്രയോജനപ്പെടുത്താവുന്നതാണ്.

ജലജീവൻ മിഷൻ പ്രവർത്തനങ്ങൾക്കായി വിവിധ വകുപ്പുകളുടെ ഏകോപനം ആവശ്യമാണ്. ഗ്രാമപഞ്ചായത്ത്, വാട്ടർ അതോറിറ്റി, പി.ഡബ്ല്യൂ.ഡി വകുപ്പുകളുടെയും കുടുംബശ്രീയുടെയും സംയുക്ത ശ്രമഫലമായി മാത്രമേ പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. മോണിറ്ററിംഗ് സംബന്ധമായ രേഖകൾ ലഭ്യമല്ലാത്തതിനാൽ പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചും ഫലപ്രാപ്തി സംബന്ധിച്ചുമുള്ള വിവരങ്ങൾ ലഭ്യമല്ല. എല്ലാവർക്കും കുടിവെള്ളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ഒരു സമഗ്ര ഇടപെടൽ ആവശ്യമാണ്.

1-46 ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഡിസ്പെൻസറികളുമുൾപ്പെടെയുള്ള ആരോഗ്യ-ശുചിത്വ മേഖല, കുടുംബക്ഷേമം മുതലായവ പഞ്ചായത്തുകളുടെ ചുമതലയാണ്. ഈ മേഖലയിൽ ഫലപ്രദമായി ഇടപെടുന്നതിന് പഞ്ചായത്തുകളെ ശാക്തീകരിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യ മേഖല ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെയുള്ള വർഷങ്ങളിലാണ് ഗ്രാന്റ് അനുവദിക്കുന്നത്. കേന്ദ്ര ധനമന്ത്രാലയത്തിന്റെ 16/07/2021-ലെ OM No. 15(2) FC-XV/FCD/20-25 പ്രകാരം ആരോഗ്യ മേഖല ഗ്രാന്റുകൾ സംബന്ധിച്ച പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ നടപ്പാക്കുന്നതിന് പ്രവർത്തനമാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള താഴെ ചേർക്കുന്ന സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്.

ഗ്രാമീണ മേഖല

1. സ്കീം 1 - കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം.

2. സ്കീം 2 - ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം.

3. സ്കീം 3 – ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

4. സ്കീം 4 – ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.

മേൽ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ആരോഗ്യ മേഖല ഗ്രാന്റ് തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ 09-12-2021-ലെ സ.ഉ.(പി) നം. 169/2021/ധന. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം തദ്ദേശ വകുപ്പിന്റെ ഓരോ സ്കീമിനുമുള്ള പ്രത്യേക ബാങ്ക് അക്കൗണ്ടുകളിലേക്ക് ധനകാര്യവകുപ്പിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നും തുക ട്രാൻസ്ഫർ ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളിൽ ഓരോ സ്കീമിന്റേയും ഫണ്ടുകളുടെ വരവും ചെലവും പ്രത്യേകം നിരീക്ഷിക്കേണ്ടതും പ്രവർത്തനങ്ങൾ യഥാസമയം നിർവ്വഹിക്കപ്പെടേണ്ടതുമാണ്.

സ.ഉ (സാധാ) നം.2132/2022/LSGD; 31.08.2022 ഉത്തരവ് പ്രകാരം 2021-22-ലെ ആരോഗ്യ മേഖല ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സ.ഉ(സാധാ) നം.1625/2023/LSGD; 09.08.2023 ഉത്തരവ് പ്രകാരം 2022-23-ലെ ആരോഗ്യ മേഖല ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സ്കീം-1, സ്കീം-3, സ്കീം-4 എന്നിവ പ്രകാരമുള്ള ഗ്രാന്റും സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. 05-07-2022-ലെ പഞ്ചായത്ത് ഡയറക്ടറുടെ PAN.11134/2021-J1(DP) നടപടിക്രമങ്ങൾ പ്രകാരം സ്കീം - 3 പ്രകാരമുള്ള രോഗനിർണ്ണയ സൗകര്യങ്ങൾക്കായും സ്കീം-4 പ്രകാരമുള്ള ഹെൽത്ത് & വെൽനെസ്സ് സെന്റർ എന്നിവയ്ക്കുള്ള അധിക തുകയും അനുവദിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന് 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലായി ലഭിച്ചതും ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരങ്ങൾ

ചുവടെ ചേർക്കുന്നു.

I) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുകയുടെ വിവരങ്ങൾ

ക്രമ നം	ഇനം	ലഭിച്ച ഹെൽത്ത് ഗ്രാന്റ്			ആകെ	ചെലവഴിച്ച ഹെൽത്ത് ഗ്രാന്റ്			ആകെ	ബാലൻസ് (പലിശ ഉൾപ്പെടെ)
		2022-23	2023-24	2024-25		2022-23	2023-24	2024-25		
1	Support For Diagnostic Infrastructure	93303	886430	299000	1278733	--	484369	490360	974729	304004 പലിശ-28714 **ആകെ=3,32,718**
2	Grant For Rural Health & Wellness Centres	--	447000	497000	944000	--	201819	238996	440815	503185 പലിശ-14581 **ആകെ=5,17,766**
3	Contruction Of Building To Health & Sub Centeres	5550000	--	--	5550000	--	--	--	00	5550000 പലിശ-250576 **ആകെ=58,00,576**
	ആകെ	5643303	1333430	796000	7772733	0	686188	729356	1415544	6651060

സീതത്തോട് ഗ്രാമപഞ്ചായത്തിൽ സീതത്തോടും, ആങ്ങമൂഴിയുലുമായി രണ്ട് കുടുംബാരോഗ്യ കേന്ദ്രങ്ങളാണുള്ളത്. കൂടാതെ 5 സബ് സെന്ററുകളും ഉണ്ട്. മെയിൻ സെന്ററുകളോടു ചേർന്ന് രണ്ടെണ്ണവും കൊച്ചുകോയിക്കൽ, ഗുരുനാഥൻമണ്ണ്, കോട്ടമൺപാറ എന്നിവിടങ്ങളിലായി 3 സെന്ററുകളുമാണ് ഉള്ളത്.

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ആവിഷ്ക്കരിച്ച പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

സ്കീം 3 – ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ

ക്രമ നം	പ്രോജക്ടിന്റെ പേരും നമ്പരും	വകയിരുത്തിയ തുക	ചെലവഴിച്ച തുക	നിർവ്വഹണ ഉദ്യോഗസ്ഥൻ
	2023-24			
1	സീതത്തോട് എഫ്.എച്ച്.സി ലാബിലേക്ക് ഉപകരണങ്ങൾ വാങ്ങൽ, 183/24	93303	93303	മെഡിക്കൽ ഓഫീസർ
2	എഫ്.എച്ച്.സിയ്ക്ക് പരിശോധനയ്ക്ക് വേണ്ട റീ-ഏജന്റ് പരിശോധന കിറ്റ് വാങ്ങൽ, 196/24	75000	75000	മെഡിക്കൽ ഓഫീസർ
3	എഫ്.എച്ച്.സിയ്ക്ക് പരിശോധനയ്ക്ക് വേണ്ട റീ-ഏജന്റ് പരിശോധന കിറ്റ്, 197/24	75000	74812	മെഡിക്കൽ ഓഫീസർ
4	ആങ്ങമൂഴി സീതത്തോട് എഫ്.എച്ച്.സി-ലാബ് പരിശോധന സൗകര്യം ലഭ്യമാക്കൽ, 223/24	715000	241254	മെഡിക്കൽ ഓഫീസർ
	2024-25			
5	ഉപകരണങ്ങളുടെ മെയിന്റനൻസ്, 293/25	21430	21430	മെഡിക്കൽ ഓഫീസർ
6	ആങ്ങമൂഴി സീതത്തോട് എഫ്.എച്ച്.സി-ലാബ് പരിശോധന സൗകര്യം ലഭ്യമാക്കൽ, 292/25	473746	468930	മെഡിക്കൽ ഓഫീസർ

സ്കീം 4 – ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ

ക്രമ നം	പ്രോജക്ടിന്റെ പേരും നമ്പരും	വകയിരുത്തിയ തുക	ചെലവഴിച്ച തുക	നിർവ്വഹണ ഉദ്യോഗസ്ഥൻ
	2023-24			
1	കോട്ടമൺപാറ, കൊച്ചുകോയിക്കൽ സബ്സെന്റർ ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്റർ, 224/24	312000	166844	മെഡിക്കൽ ഓഫീസർ
2	ആരോഗ്യ സ്ഥാപനങ്ങളിലേക്ക് ഉപകരണങ്ങൾ വാങ്ങൽ, 201/24	35000	34975	മെഡിക്കൽ ഓഫീസർ
	2024-25			
3	ആരോഗ്യ സ്ഥാപനങ്ങളിലെ	50000	44950	മെഡിക്കൽ

	സേവനങ്ങളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് ബോധവൽക്കരണം, 296/25			ഓഫീസർ
4	ആരോഗ്യ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പരിശീലനം 294/25	50000	49850	മെഡിക്കൽ ഓഫീസർ
5	കോട്ടമൺപാറ, കൊച്ചുകോയിക്കൽ സബ്സെന്റർ ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്റർ, 295/25	145156	144196	മെഡിക്കൽ ഓഫീസർ

കോട്ടമൺപാറ, കൊച്ചുകോയിക്കൽ ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിട നിർമ്മാണത്തിനായി 55.50 ലക്ഷം രൂപ ലഭിച്ചെങ്കിലും കെട്ടിട നിർമ്മാണത്തിനായി ഭൂമി വാങ്ങാത്തതിനാൽ ലഭിച്ച തുക നിഷ്ക്രിയമായി അക്കൗണ്ടിൽ ശേഷിക്കുന്നു.

നിലവിൽ ആരോഗ്യ ഉപകേന്ദ്രങ്ങൾ വാടകക്കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കൊച്ചുകോയിക്കൽ സബ്സെന്ററിൽ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവുമുണ്ട്.

66.51 ലക്ഷം രൂപ വിവിധ അക്കൗണ്ടുകളിലായി അവശേഷിക്കുന്നുണ്ട്. ഈ തുക വകയിരുത്തി പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് തുക ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഹെൽത്ത് ഗ്രാന്റ് അനുവദിച്ചതിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച മാർഗരേഖയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾക്കായി തുക ചെലവഴിക്കാൻ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനും ചികിത്സാ സൗകര്യങ്ങൾക്കുമായി ലഭിച്ച ഗ്രാന്റ് സമയബന്ധിതമായി ഉപയോഗിക്കാത്ത പക്ഷം ആയത് ലാപ്സാകുന്നതാണ്. ആയതിനാൽ ഗ്രാന്റ് തുക കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്ത് സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ഭക്ഷണ കിറ്റ് നൽകൽ - അധിക തുക ചെലവഴിച്ചു

അസി. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ട് നം.280/25 അതിദാരിദ്ര്യ നിർമ്മാർജ്ജനം ഭക്ഷണ കിറ്റ് നൽകലിന് - ഗ്രാമപഞ്ചായത്തിന്റെ അതിദാരിദ്ര്യ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ഭക്ഷ്യകിറ്റ് ആവശ്യമുള്ളവർക്ക് കിറ്റ് ലഭ്യമാക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സീതത്തോട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ക്വട്ടേഷൻ 26.7.2024-ലെ 12-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു. പ്രസ്തുത ക്വട്ടേഷനിൽ നിത്യോപയോഗ സാധനങ്ങൾക്ക് കാലാനുസൃതമായി വരുന്ന വിലവ്യത്യാസം മൂലം ഉണ്ടാകാവുന്ന വ്യതിയാനത്തിന് വ്യവസ്ഥ ചെയ്തതിന്റെ രേഖയില്ല. ആയതിനാൽ നിത്യോപയോഗ സാധനങ്ങളുടെ വില പ്രോജക്ട് നടത്തിപ്പ് കാലയളവിലെക്ക് മൊത്തത്തിൽ ബാധകമാകുന്നതാണ്. അധിക നിരക്കിൽ സാധനങ്ങൾ നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു-

പദ്ധതി അടങ്കൽ 200000 – (വികസന ഫണ്ട് ജനറൽ)
ചെലവ് – 102616

ബിൽ നം. 309/24 – 22.9.2024

ഇനം	ക്വട്ടേഷൻ അംഗീകരിച്ച നിരക്ക് (Per Kg)	നൽകിയ നിരക്ക് (Per Kg)	വാങ്ങിയ അളവ് (Kg)	നൽകിയ തുക	നൽകേണ്ടിയിരുന്ന തുക	അധികം നൽകിയത്
സാമ്പാർ പൊടി	450	500	1.9	950	855	95
കാപ്പിപൊടി	600	650	1.9	1235	1140	95
പഞ്ചസാര	44	45	19	855	836	19
വെളിച്ചെണ്ണ	160	190	19	3610	3040	570
അരി	55	57	95	5415	5225	190
					ആകെ	**969**

ബിൽ നം. 1368 – 19.2.2025

ഇനം	ക്വട്ടേഷൻ അംഗീകരിച്ച നിരക്ക് (Per Kg)	നൽകിയ നിരക്ക് (Per Kg)	വാങ്ങിയ അളവ് (Kg)	നൽകിയ തുക	നൽകേണ്ടിയിരുന്ന തുക	അധികം നൽകിയത്
സാമ്പാർ പൊടി	450	500	1.8	900	810	90
വെളിച്ചെണ്ണ	160	280	18	5040	2880	2160
കടല	100	102	18	1836	1800	36

റവ	60	86	18	1548	1080	468
അരി	55	58	90	5220	4950	270
ഗോതമ്പ് പൊടി	48	66	18	1188	864	324
					ആകെ	**3348**

ബിൽ നം. 1464 – 12.3.2025

ഇനം	ക്വട്ടേഷൻ അംഗീകരിച്ച നിരക്ക് (Per Kg)	നൽകിയ നിരക്ക് (Per Kg)	വാങ്ങിയ അളവ് (Kg)	നൽകിയ തുക	നൽകേണ്ടിയിരുന്ന തുക	അധികം നൽകിയത്
സാമ്പാർ പൊടി	450	500	3.2	1600	1440	160
വെളിച്ചെണ്ണ	160	280	32	8960	5120	3840
കടല	100	102	32	3264	3200	64
റവ	60	86	32	2752	1920	832
അരി	55	56	160	8960	8800	160
ഗോതമ്പ് പൊടി	48	67	32	2144	1536	608
പുട്ടു പൊടി	85	86	32	2752	2720	32
					ആകെ	**5696**

ക്വട്ടേഷനിൽ രേഖപ്പെടുത്തിയ തുകയേക്കാൾ അധിക നിരക്കിൽ ഭക്ഷ്യസാധനങ്ങൾ വാങ്ങി വിതരണം ചെയ്തതിന്റെ കാരണം ബോധിപ്പിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.30/20.9.2025) മറുപടി നൽകിയിട്ടില്ല. അധികമായി ചെലവഴിച്ച **10013 രൂപ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിരാകരിക്കുന്നു.**

3-2 ഗവി വാർഡിൽ എൽ.ഇ.ഡി. ലൈറ്റ് സ്ഥാപിച്ചതിന്റെ രേഖയില്ല

പ്രോജക്ടിന്റെ പേര്, നമ്പർ	ഗവി വാർഡിൽ എൽ.ഇ.ഡി. ലൈറ്റ് വാങ്ങി നൽകൽ (202/25)
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
വകയിരുത്തൽ	₹1000000 (വികസന ഫണ്ട്- ജനറൽ)
ചെലവ്	₹996840 ട്രഷറി ബിൽ നം. 24051152004100976968/9.5.2024

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രസ്തുത പ്രോജക്ടിന്റെ രേഖകൾ ഹാജരാക്കിയതിൽ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. 6.12.2023-ൽ ടെണ്ടർ ക്ഷണിച്ചതിന് ചുവടെ പ്രകാരം മൂന്ന് പേരാണ് ടെണ്ടർ സമർപ്പിച്ചത്. എൽ.ഇ.ഡി- Manual, എൽ.ഇ.ഡി-Automatic എന്നീ രണ്ട് ഇനം ലൈറ്റുകളുടെ നിരക്ക് മൂന്ന് സ്ഥാപനങ്ങളും ക്വോട്ട് ചെയ്തിട്ടുണ്ട്.

ഇനം	ശ്രീ. ടി കെ വിനോദ്, തടത്തിൽ, കുഴിമറ്റം പി.ഒ, കോട്ടയം	ഡിവൈൻ ഇലക്ട്രിക്കൽസ്, കളമശ്ശേരി	കണ്ടത്തിച്ചിറയിൽ ട്രേഡ് ലിങ്ക്സ്,
30W LED Manual	3998	1400	4999
30W LED Automatic	4260	1850	5499

പ്രസ്തുത മൂന്ന് സ്ഥാപനങ്ങൾക്കും 22.12.2023-ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം ചുവടെ പറയുന്ന രേഖകൾ ഹാജരാക്കാൻ നിർദ്ദേശം നൽകി-

1. Making Details
2. LED Bulb Wattage
3. LED Warranty Details
4. Quality Test Certificate
5. Sample Light
6. AMC Details
7. Contractor Licence
8. Insurance Details

30.12.2023-ന് ശ്രീ. ടി കെ വിനോദും ഡിവൈൻ ഇലക്ട്രിക്കൽസും മാത്രമാണ് മേൽ സൂചിപ്പിച്ച രേഖകൾ ഹാജരാക്കിയത്. എന്നാൽ, ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ഡിവൈൻ ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിന് ലൈസൻസ് ഇല്ലാത്തതിനാൽ ടെണ്ടർ നടപടികളിൽ നിന്നും ഒഴിവാക്കാൻ 8.1.2024-ലെ 1(3)-ാം നമ്പർ തീരുമാനം പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു. കൂടാതെ, 4260 രൂപ ക്വോട്ട് ചെയ്ത ശ്രീ. ടി.കെ. വിനോദിന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. എന്നാൽ ടിയാൾ Quality Test Certificate, AMC Details എന്നിവ ലഭ്യമാക്കിയതിന്റെ രേഖകളില്ല. കൂടാതെ ടിയാൾ സെക്യൂരിറ്റി ഡെപ്പോസിറ്റ് അടച്ചതിന്റെ രേഖയില്ല.

2. ശ്രീ. ടി കെ വിനോദ് 4.3.2024, 11.3.2024, 16.3.2024 എന്നീ തീയതികളിലെ ഇൻവോയിസുകൾ പ്രകാരം യഥാക്രമം 80,74,80 (ആകെ 234) LED ലൈറ്റുകളും അനുബന്ധ സാധനങ്ങളും പഞ്ചായത്തിൽ സപ്ലൈ ചെയ്തിട്ടുണ്ട്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ പ്രസ്തുത സാധനങ്ങളുടെ എൻട്രി രേഖപ്പെടുത്തിയിട്ടില്ല.

3. ഗവി വാർഡിൽ 234 LED ലൈറ്റുകൾ സ്ഥാപിച്ചതിന്റെ KSEB-യിൽ നിന്നുള്ള രേഖകളോ വാർഡ് മെമ്പരുടെ കത്തോ ഇല്ല.

അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.46/23.9.2025) മറുപടി നൽകിയിട്ടില്ല. ആവശ്യക്ത നിർണ്ണയം നടത്താതെ പ്രോജക്ട് ആവിഷ്കരിക്കുകയും ലൈറ്റുകൾ സ്ഥാപിച്ചതിന്റെ രേകഖളും ഇല്ലാത്തതിന്റെയും അടിസ്ഥാനത്തിൽ **998640 രൂപ നിരാകരിക്കുന്നു.**

3-3 ഓട്ടോമാറ്റിക് തെരുവുവിളക്ക് സ്ഥാപിക്കൽ പ്രോജക്ടിലെ അപാകതകൾ

പ്രോജക്ടിന്റെ പേര്, നമ്പർ	ഓട്ടോമാറ്റിക് തെരുവുവിളക്ക് സ്ഥാപിക്കൽ (322/25)
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
വകയിരുത്തൽ	₹400000 (വികസന ഫണ്ട്- ജനറൽ)
ചെലവ്	₹398970 ട്രഷറി ബിൽ നം. 24051152004101678788/24.3.2025-₹398970

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രസ്തുത പ്രോജക്ടിന്റെ രേഖകൾ ഹാജരാക്കിയതിൽ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു-

1. ടെണ്ടർ ക്ഷണിച്ചത് പ്രകാരം മൂന്ന് പേരാണ് ടെണ്ടർ സമർപ്പിച്ചത്-

എ) ശ്രീ. ടി കെ വിനോദ്, തടത്തിൽ, കുഴിമറ്റം പി.ഒ, കോട്ടയം

ബി) ശ്രീ. അനിൽകുമാർ കെ, മുരിക്കനാട്ടിൽ, മഞ്ഞാടി പി.ഒ, തിരുവല്ല

സി) സോൾ യുണൈറ്റഡ് എനർജീസ്, തൊടുപുഴ

ഓട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റുകൾ വാങ്ങുന്നതിന് ടിയാളുകൾ യഥാക്രമം 4290/-, 4800/-, 4900/- രൂപ എന്നീ നിരക്കുകളാണ് ക്വോട്ട് ചെയ്തിട്ടുള്ളത്. ശ്രീ. ടി കെ വിനോദ് എന്നയാളിന്റെ ടെണ്ടറാണ് പഞ്ചായത്ത് കമ്മിറ്റിയുടെ 11.2.2025-ലെ 2(2) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചത്. എന്നാൽ ടിയാളുമായി ഏർപ്പെട്ടിട്ടുള്ള കരാറിൽ (തീയതി 5.3.2025) രേഖപ്പെടുത്തലുകൾ ഒന്നും തന്നെ ഇല്ല. ടിയാൾക്ക് വർക്ക് ഓർഡർ (12.2.2025-ന്) നൽകിയതിന് ശേഷമാണ് കരാറിലേർപ്പെട്ടിട്ടുള്ളത് എന്നതും ക്രമപ്രകാരമല്ല.

2. പ്രസ്തുത രണ്ട് വ്യക്തികളും ഇ.എം.ഡി-യും കരാർ ലഭിച്ച വ്യക്തി സെക്യൂരിറ്റി ഡെപ്പോസിറ്റും അടച്ചതിന്റെ രേഖകളില്ല.

3. ടെണ്ടർ അംഗീകരിച്ചതിനെ തുടർന്ന് ശ്രീ. ടി കെ വിനോദിന് 12.2.2025-ൽ വർക്ക് ഓർഡർ നൽകിയിട്ടുണ്ടെങ്കിലും സാധനം സപ്ലൈ ചെയ്തതിന്റെയും ലൈറ്റുകൾ ഇൻസ്റ്റാൾ ചെയ്തതും സംബന്ധിച്ച കേരള സംസ്ഥാന വൈദ്യുത ബോർഡിന്റെ ഉൾപ്പെടെയുള്ള രേഖകൾ ഒന്നും ലഭ്യമല്ല.

4. പ്രസ്തുത പ്രോജക്ട് ആവിഷ്കരിച്ചപ്പോൾ ആവശ്യകതാ നിർണ്ണയം നടത്തിയിട്ടാണോ സാധനങ്ങൾ വാങ്ങിയിട്ടുള്ളത് എന്നത് വ്യക്തമല്ല. പ്രോജക്ടിന്റെ മോണിട്ടറിംഗ് രേഖകളും ലഭ്യമല്ല.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.37/21.9.2025) മറുപടി നൽകിയിട്ടില്ല. പ്രോജക്ട് നടപ്പിലാക്കിയതിന്റെ രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച **398970 രൂപ നിരാകരിക്കുന്നു.**

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ്പ് വിവരങ്ങൾ

1. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം*	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
22	83500	83000	500	ഒരു ജീവനക്കാരന്റെ 11/24-ലെ വിഹിതം അടവാക്കാനുണ്ട്

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ)

2. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)**	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ഇല്ല	-	ഇല്ല	ഇല്ല	ഇല്ല	-

3. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01-07-2024 – 31-07-2024-ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പടെ)	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ഇല്ല	ഇല്ല	ഇല്ല	ഇല്ല	-

4. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025-നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ	സർവ്വീസിൽ	മെഡിസെപ്പ് പ്രീമിയം	മെഡിസെപ്പ് പ്രീമിയം	ഒടുക്കാൻ ബാക്കി	റിമാർക്സ്

എണ്ണം	പ്രവേശിച്ച മാസം	ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)**	ഇനത്തിൽ ഒടുക്കിയ തുക	നിൽക്കുന്ന തുക	
ഇല്ല	-	ഇല്ല	ഇല്ല	ഇല്ല	-

4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2024-25	15.09.2025 & 16.09.2025	കെ.എസ്.എ.പി.റ്റി.എ.പി6-1167/2025 തീയതി 13.11.2025

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 21.06.2025-ലെ 1(1) തീരുമാനപ്രകാരമാണ് വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചത്. അനുബന്ധം 1 (ഇംഗ്ലീഷ്) ഓഡിറ്റ് സർട്ടിഫിക്കറ്റിൽ 25.06.2025-ലെ 1 നമ്പർ തീരുമാനം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

4-3 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
റാന്നി ബ്ലോക്ക് പഞ്ചായത്ത്	250000	ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (38/25)	250000	0
	1000000	ആനപ്പാറ കുടിവെള്ള പദ്ധതി അനുബന്ധ പണികൾ (237/25)	1000000	0
പത്തനംതിട്ട ജില്ലാ പഞ്ചായത്ത്	1500000	ഗവി കുടിവെള്ള പദ്ധതി അറ്റകുറ്റ പണികൾ (88/25)	1500000	0
	172082	ഭയകരാംമുടി എസ്.സി കോളനി അങ്കണവാടി നിർമ്മാണം (248/25)	172082	0

4-4 നിക്ഷേപ പ്രവൃത്തികൾ

ഇല്ല

4-5 വായ്പ/വായ്പാ തിരിച്ചടവ്

വായ്പയുടെ പേര്/ ഉദ്ദേശ്യം	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം ലഭിച്ച വായ്പാ തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
			മുതൽ	പലിശ	
ലൈഫ് ഭവന പദ്ധതി	14901736	-	1921334	-	12980402

4-6 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

4-7 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

4-8 ഓഡിറ്റ് റിക്കവറി

റിപ്പോർട്ട് വർഷം	ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നമ്പർ/തീയതി
2023-24	3-3	17600	ശ്രീ. ഗീവർഗ്ഗീസ് തോമസ്, കുന്നത്തേത്ത് വീട്, കോട്ടക്കുഴി, സീതത്തോട്	1240301058/10.12.2024 ₹5000 1240301820/22.01.2025 ₹4000 1240302199/27.02.2025 ₹3000 1240100244/19.03.2025 ₹5600 **ആകെ ₹17600**

4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ

ഓഡിറ്റ് വർഷം	ഖണ്ഡിക നം.	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	വിഷയം	നിയമസഭാ സമിതി ശിപാർശ/ റിപ്പോർട്ട് നം./ തീയതി	ഇപ്പോഴത്തെ അവസ്ഥ
2022-23	1-19, 1-20,	2023-24	ഭാഗം-3 ഖണ്ഡിക	സർക്കാരിലേക്ക് സമർപ്പിച്ച പ്രത്യേക റിപ്പോർട്ട്	സമിതിയുടെ പരിഗണനയിൽ	

	1-21		4	ഗ്രാമപഞ്ചായത്തിൽ 2022-23 വർഷത്തിൽ അസി. എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികളുടെ നടത്തിപ്പിലെ ക്രമക്കേടുകൾ സംബന്ധിച്ച പ്രത്യേക കത്ത്		
2021-22	1-16	2022-23	അദ്ധ്യായം 1 3-1	ആധുനിക വാതക ശ്മശാനം പ്രവർത്തനക്ഷമായില്ല - നടപടിക്രമങ്ങളിൽ വീഴ്ച.	സമിതിയുടെ പരിഗണനയിൽ	
2020-21	1-21	2022-23	അദ്ധ്യായം 1 3-2	ആങ്ങമൂഴി കുട്ട വഞ്ചി ഇക്കോ ടൂറിസം പദ്ധതി- പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.	സമിതിയുടെ പരിഗണനയിൽ	
2002-03	2-7	2007-08	3-13-1	വൗച്ചറുകളും അനുബന്ധരേഖകളും ഹാജരാക്കുന്നതിൽ വീഴ്ച	ഓഡിറ്റ് വകുപ്പ് സ്ഥലപരിശോധന നടത്തി ഈ വിഷയത്തിൽ റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. LFAC 2016-19: 13th Report 23/08/17, Para 6	
2001-02	2-4	2006-07	3.20.1	ഉറുമ്പിനി തോട്ടിന് കുറുകെയുള്ള പാലത്തിന്റെ നിർമ്മാണം- നടപടിക്രമങ്ങളുടെ ലംഘനം - പഞ്ചായത്ത് ഫണ്ടിന് നഷ്ടം	പ്രസ്തുത ഓഡിറ്റ് പരാമർശനത്തിനുള്ള മറുപടി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കി സമിതിക്ക് സമർപ്പിക്കുവാൻ ബന്ധപ്പെട്ട വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു. LFAC 2019-21 36th Report 07/02/2019 Para-2.4.4	രേഖകൾ പരിശോധിക്കുന്നതിനായി 23-07-2025-ൽ പ്രാദേശിക പരിശോധന നടത്തുകയുണ്ടായി. സർക്കാർ സാധൂകരണം ലഭ്യമാക്കിയിട്ടുള്ളത് (സ.ഉ.(സാധാ)1016/2020 തീയതി: 31-05-2020) പരിശോധിച്ചു ബോധ്യപ്പെട്ട സാഹചര്യത്തിൽ പരാമർശത്തിന്മേലുള്ള തുടർനടപടി ഒഴിവാക്കാവുന്നതാണ്.
1999-2000	--	2000-01	Para 12 Page 24) IV - 12	അധിക തുക പിൻവലിച്ച് പണാപഹരണം	ബന്ധപ്പെട്ട സെക്രട്ടറി ശ്രീ. കാർത്തികേയൻ, ശ്രീ. കെ.ജി. ശശിധരൻ നായർ എന്നിവരിൽ നിന്നും തുക ഈടാക്കി സമിതിയെ അറിയിക്കുന്നതിന് ശിപാർശ ചെയ്തു. LFAC 2006-08 8th Report Para-72, 73 13/03/2007	
1998-99		1999-2000	(IV) 3(9)	ഉരുൾപൊട്ടൽ - മണ്ണ് നീക്കം ചെയ്തതിന് അധിക തുക നൽകി	അന്നത്തെ സെക്രട്ടറി ശ്രീ. കെ.ജി. ശശിധരൻ നായരുടെ DCRG-യിൽനിന്നും തുക ഈടാക്കുന്നതിന് സമിതി ശിപാർശ ചെയ്തു LFAC 2006-08 8th Report 13/03/2007 പാര 68	
1998-99		1999-2000	(IV-12)	വൗച്ചറുകൾ പ്രകാരം ആവശ്യമായതിൽ അധികം തുക പിൻവലിച്ചത്	മുൻ സെക്രട്ടറി ശ്രീ.കാർത്തികേയന്റെ കാര്യത്തിൽ ടിയാന്റെ ബാധ്യത അടിയന്തിരമായി നിശ്ചയിച്ച് നോട്ടീസ് നൽകണം. വിവരം DDP-യെ അറിയിക്കണം. LFAC 2006-08 8th Report 13/03/2007 പാര.68	

2013-14	2.2	2016-17	അദ്ധ്യായം 1 (2-2)	സർക്കാർ/അർദ്ധ സർക്കാർ ചുമതലയുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കുന്നില്ല		പരാമർശം നിലനിൽക്കുന്നു
2014-15	2-2	2016-17	അദ്ധ്യായം 1 (2-2)	വസ്തുനികുതി പരിഷ്ക്കരണ നടപടികൾ ആധികാരികമല്ല		പരാമർശം നിലനിൽക്കുന്നു
	2.3(എ)	2016-17	അദ്ധ്യായം 2, 2.3 (എ)	തൊഴിൽ നികുതി പിരിവ് അപാകത		പരാമർശം നിലനിൽക്കുന്നു
	2.3(ബി)	2016-17	അദ്ധ്യായം 2, 2.3 (ബി)	മൂഴിയാർ പോലീസ് സ്റ്റേഷനിലെ ജീവനക്കാരുടെ തൊഴിൽ നികുതി		പരാമർശം നിലനിൽക്കുന്നു
	2-3(സി)	2016-17	അദ്ധ്യായം 2, 2.3 (സി)	ഗൂഡ്രിക്കൽ ഫോറസ്റ്റ് സ്റ്റേഷനിലെ ജീവനക്കാരുടെ തൊഴിൽ നികുതി		പരാമർശം നിലനിൽക്കുന്നു
	2-4	2016-17	അദ്ധ്യായം 2, 2.4	കരാറുകാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കുന്നത് സംബന്ധിച്ച്		പരാമർശം നിലനിൽക്കുന്നു
2015-16	2.3	2016-17	അദ്ധ്യായം 2 (2.3)	2015-16 വർഷത്തെ തൊഴിൽ നികുതി പിരിവ് കാര്യക്ഷമമായില്ല		പരാമർശം നിലനിൽക്കുന്നു

4-10 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

	റസീപ്റ്റ് & പേയ്മെന്റ് പ്രകാരം	ഇൻകം & എക്സ്പെൻഡീച്ചർ പ്രകാരം
ഓഡിറ്റ് വർഷത്തെ ആകെ വരവ്	128871679	27300882
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	64270492	229679854
വരവിനങ്ങളിലുള്ള നഷ്ടം	--	
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	**14,07,623**	
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	**71,65,516**	

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നം.	നഷ്ടമായ തുക		ഉത്തരവാദിയായ ആളിന്റെ പേരും,
	ചാർജ്ജ്	സർചാർജ്ജ്	ഉദ്യോഗപ്പേരും
3-1 (1-24)		10013	ശ്രീ. പ്രദീപ് ആർ, അസിസ്റ്റന്റ് സെക്രട്ടറി (969) ശ്രീ. മഗേഷ് എം, അസിസ്റ്റന്റ് സെക്രട്ടറി (9044)
3-2 (1-29)		998640	ശ്രീ. സുരേഷ്കുമാർ എം, സെക്രട്ടറി
3-3 (1-41)		398970	ശ്രീ. സുരേഷ്കുമാർ എം, സെക്രട്ടറി
	ആകെ	**14,07,623**	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-19	6,50,000	ശ്രീമതി അമല ജി.ജി, ഫിഷറീസ് ഓഫീസർ ശ്രീമതി എലീന ജോസ് വെട്ടം, ഫിഷറീസ് ഓഫീസർ ശ്രീമതി രഞ്ജിനി പി. കെ, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ. ശ്രീകുമാർ പി, ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ (തുല്യമായി)
1-23	30,23,314	ശ്രീ. രാഘവൻ പി.സി, അസിസ്റ്റന്റ് എഞ്ചിനീയർ
1-25	6,87,280	ശ്രീമതി റാണിലക്ഷ്മി എം. ആർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
1-26	38,500	ശ്രീ. പ്രദീപ് ആർ, അസിസ്റ്റന്റ് സെക്രട്ടറി
1-30	6,52,783	ശ്രീമതി സിനി എൻ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ

1-31	1,98,950	ശ്രീ. സുരേഷ്കുമാർ എം, സെക്രട്ടറി
1-32	2,79,000	ശ്രീ. സുരേഷ്കുമാർ എം, സെക്രട്ടറി
1-33	3,99,989	ശ്രീ. സുരേഷ്കുമാർ എം, സെക്രട്ടറി
1-35	1,68,000	ശ്രീമതി സിനി എൻ, ഐ.സി.ഡി.എസ് സൂപ്പർവൈസർ
1-38	67,700	ശ്രീ. സുരേഷ്കുമാർ എം, സെക്രട്ടറി
1-43	1000000	ശ്രീ. സുരേഷ്കുമാർ എം, സെക്രട്ടറി
ആകെ	**71,65,516**	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും, ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ. സുരേഷ്കുമാർ എം, സെക്രട്ടറി	സെക്രട്ടറി, ശൂരനാട് വടക്ക് ഗ്രാമപഞ്ചായത്ത്	പ്ലാവിളയിൽ വീട്, മനക്കര, ശാസ്താംകോട്ട പി.ഒ, കൊല്ലം ജില്ല 690521
ശ്രീ. രാഘവൻ പി.സി. അസിസ്റ്റന്റ് എഞ്ചിനീയർ (ഓൺ കോൺട്രാക്ട്)	സേവനത്തിൽ നിന്നും വിരമിച്ചു	ശ്രീ വൈകുണ്ഠം പുത്തനമ്പലം പി.ഒ. ഐവർകാലാ വെസ്റ്റ് സൗത്ത് കൊല്ലം-691553
ശ്രീ. പ്രദീപ് ആർ, അസിസ്റ്റന്റ് സെക്രട്ടറി	അസിസ്റ്റന്റ് സെക്രട്ടറി, എടത്വ ഗ്രാമപഞ്ചായത്ത്	പുതുശ്ശേരിൽ, കരുവാറ്റ പി.ഒ, ആലപ്പുഴ ജില്ല 690517
ശ്രീ. മഗേഷ് എം, അസിസ്റ്റന്റ് സെക്രട്ടറി	ജൂനിയർ സൂപ്രണ്ട്, അടൂർ നഗരസഭ	സൂര്യതേജസ്സ്, കൂട്ടിക്കട പി.ഒ, കൊല്ലം ജില്ല 691020
ശ്രീമതി സിനി എൻ, ഐ.സി.ഡി.എസ് സൂപ്പർവൈസർ	ഐ.സി.ഡി.എസ് സൂപ്പർവൈസർ, സീതത്തോട് ഗ്രാമപഞ്ചായത്ത്	ഇടയാടിവിളകിഴക്കേതിൽ, ഡീസന്റ് ജംഗ്ഷൻ, കൊല്ലം ജില്ല 691577
ശ്രീമതി റാണിലക്ഷ്മി എം ആർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, സീതത്തോട് ഗ്രാമപഞ്ചായത്ത്	പുത്തൻവീട്ടിൽ, മുതുപേഴുങ്കൽ പി.ഒ, മ്ലാന്തടം, കോന്നി, പത്തനംതിട്ട ജില്ല 689698
ശ്രീമതി അമല ജിജി, ഫിഷറീസ് ഓഫീസർ	ഫിഷറീസ് ഓഫീസർ, സീതത്തോട് ഗ്രാമപഞ്ചായത്ത്	കൊച്ചുകൈതയിൽ വീട്, കൊല്ലാട് പി.ഒ, കോട്ടയം ജില്ല 686004
ശ്രീമതി എലീന ജോസ് വെട്ടം, ഫിഷറീസ് ഓഫീസർ	ഫിഷറീസ് ഓഫീസർ, മത്സ്യഭവൻ, പത്തനംതിട്ട	വെട്ടം ഹൗസ്, പനച്ചപ്പള്ളി പി.ഒ, കാഞ്ഞിരപ്പള്ളി, കോട്ടയം ജില്ല 686518
ശ്രീമതി രഞ്ജിനി പി കെ, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, മത്സ്യഭവൻ, പത്തനംതിട്ട	മനോജ് ഭവനം, നിലയ്ക്കൽ, കടമ്പനാട് തെക്ക് പി.ഒ, പത്തനംതിട്ട ജില്ല 691553
ശ്രീ. ശ്രീകുമാർ പി, ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ	ജില്ലാ മാനേജർ, മത്സ്യഭവൻ, കോട്ടയം	പെരിഞ്ഞപ്പാട്ട് വീട്, പുളിക്കൽകവല പി.ഒ, കോട്ടയം ജില്ല 686515

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

വർഷം	ഈ വകുപ്പിൽ നിന്നും നടത്തിയ അവസാന കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ
1999-2000	എൽ.എഫ്.പിറ്റിഎ.പി3-64/01 തീയതി 04.02.2001	1 (ഖണ്ഡിക 27(d))
2001-02	എൽ.എഫ്.പിറ്റിഎ.പി4-29/06 തീയതി 03.08.2006	1 (2-4)

2002-03	എൽ.എഫ്.പിറ്റിഎ.പി4-923/07 തീയതി 24.03.2008	2 (2-2, 2-17)
2003-04	എൽ.എഫ്.പിറ്റിഎ.പി5-976/08 തീയതി 10.07.2009	5 (3-2, 3-3, 3-5, 3-7, 3-10 എ)
2004-05	എൽ.എഫ്.പിറ്റിഎ.പി5-977/08 തീയതി 30.06.2009/29.07.2009	1 (2-4)
2005-06	എൽ.എഫ്.പിറ്റിഎ.പി5-625/09 തീയതി 08.12.2010	1 (3-11)
2006-07	എൽ.എഫ്.പിറ്റിഎപി.5-479/10 തീയതി 02.07.2011/04.07.2013	3 (2-9, 3-8, 3-10)
2007-08	എൽ.എഫ്.പിറ്റിഎ.പി.5-479/10 തീയതി 02.07.2011/04.07.2013	2 (3(12), 3(16))
2014-15	കെ.എസ്.എ.പിറ്റിഎ.പി6-856/16 തീയതി 27.07.2016	5 (2-2, 2-3, 2-4, 3-4, 3-6)
2015-16	കെ.എസ്.എ.പിറ്റിഎ.പി6-1284/16 തീയതി 24.11.2016	1 (2-3)
2016-17	കെ.എസ്.എ.പിറ്റിഎ.പി6-1110/17 തീയതി 03.10.2017	13 (3-5, 3-6, 3-7, 3-8, 3-9, 3-11, 3-12, 3-13(1), 3-14, 3-15, 3-16, 3-18, 3-19)
2017-18	കെ.എസ്.എ.പിറ്റിഎ.പി6-106/19 തീയതി 6.03.2019	8 (3-1(1), 3-2, 3-3, 3-4, 3-12, 3-14, 3-16, 3-25)
2018-19	കെ.എസ്.എ.പിറ്റിഎ.പി6-730/19 തീയതി 16.09.2019	1 (3-3-1(2), (3))
2019-20	കെ.എസ്.എ.പിറ്റിഎ.പി6-305/22 തീയതി 26.03.2022	18 (1-13, 1-15, 1-16, 1-19, 1-22, 1-24, 1-25, 1-27, 1-28, 1-29, 1-30,1-32, 1-35, 1-37, 3-1, 3-2, 4-1, 4-2)
2020-21	കെ.എസ്.എ.പിറ്റിഎ.പി6-247/23 തീയതി 30.03.2023	17 (1-11, 1-12,1-13, 1-14, 1-15, 1-16, 1-17, 1-19, 1-21, 1-22, 1-23, 1-30, 1-32, 3-1, 3-2, 4-2, 4-9)
2022-23	കെ.എസ്.എ.പിറ്റിഎ.പി6-1067/23 തീയതി 16.11.2023	28 (1-11 മുതൽ 1-38 വരെ)
2023-24	കെ.എസ്.എ.പിറ്റിഎ.പി6-1144/24 തീയതി 17.12.2024	28 (1-1, 1-2, 1-11 മുതൽ 1-58 വരെ, 3-1 മുതൽ 3-3 വരെ, 4-2, 4-7, 4-9, 4-10)

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 25-06-2025 and submitted on 25-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the SEETHATHODE Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of SEETHATHODE Grama Panchayat as on 31-03-2025

Date: 13/11/2025

Deputy Director
District Office Pathanamthitta
Kerala State Audit Department

Audit Report appended to the Audit Certificate of SEETHATHODE Grama Panchayat for the Year 2024-2025 .

1.Major Observations

1. The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

2.Other Observations

1. All the mandatory financial statements prescribed in the accounting rules are not included in the AFS.

2. Cash Flow Statement-Net increase in cash flow does not match with the difference between opening balance and closing balance of cash and cash equivalents.
3. Schedule B-5: Loan Register is not maintained. So the accuracy of the amount recorded as loan balance (12980402) is not verified.

4. The information of bidders EMD and contractors retension in the deposit register does not match the Annual Financial Statement.
5. Advance register is not maintained. So the accuracy of the amount included as advance is not verified.

6. The accuracy of the amount included as Refund of Unutilised Grants-Prior period is not verified.

7. The part bill amount is not completely accounted as Capital Work In Progress.

8. Amounts deposited in various implementing agencies for deposit works are not accurate and reliable for audit.

9.The accuracy of the amounts in the prior period heads is not convinced.

10. Lapses in making timely and accurate demand entries in respect of tax and non-tax revenue.

11. Expenditure is not accounted in the respective payment head. Haritha Karmasena User Fee (1200), Library cess (195,654), Wages (30,000) etc are wrongly included in the head Donations And Contributions As Per Governement Order.

12. Expenditure from Sabarimala Grant (1866066) accounted as Own fund Expenditure.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ സീതത്തോട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്